# ജ്യോതിമാർഗ്ഗം
## വാർത്താ പത്രിക

JYOTHIMARGOM

RNI.NO.KER MAL/2002/8041

PUBLISHED FROM THIRUVALLA ON 12-03-2017

VOL. 18 | NO. 3 | 2017 MARCH | Pages 12 | Price ₹ 5/-


# എംപിഎ യുകെ കോൺഫറൻസ് മാഞ്ചെസ്റ്ററിൽ


പാ. കെ. ജെ.


പാ. ടി. എസ്.


പാ. സജി മാത്യു


പാ. വിൽസൺ

**മാഞ്ചെസ്റ്റർ :** യുകെയിലുള്ള മലയാളി പെന്തക്കോസ്ത് വിശ്വാസികളുടെ പതിനാലാമതു വാർഷിക സംഗമത്തിന് ഏപ്രിൽ 14 ന് മാഞ്ചെസ്റ്ററിൽ ആരംഭമാകും. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വിദേശങ്ങളിൽ നിന്നുമായി മലയാളി വിശ്വാസികളും പ്രസംഗകരും എത്തിച്ചേരുന്ന ഈ സംഗമം യുകെയിലുള്ള എല്ലാ വിഭാഗം പെന്തക്കോസ്ത് വിശ്വാസികളുടെയും ഏറ്റവും വലിയ സംഗമമാണ്. എംപിഎ പ്രസിഡന്റ് പാസ്റ്റർ ടി. എസ്. മാത്യു കോൺഫറൻസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർ കെ. ജെ. തോമസ് മുഖ്യ പ്രാസംഗികനയിരിക്കും.

മാഞ്ചസ്റ്ററിലെ ജെയിൻ കമ്മ്യൂണിറ്റി ഓഡിറ്റോറിയത്തിലാണ് കോൺഫറൻസ് നടക്കുന്നതെന്ന് എംപിഏ യുകെയുടെ സെക്രട്ടറി പാസ്റ്റർ വിൽസൺ ഏബ്രഹാം അറിയിച്ചു (അഡ്രസ്സ് : ജെയിൻ കമ്മ്യൂണിറ്റി സെൻറർ, 667/669 സ്റ്റോക്പോർട് റോഡ്, മാഞ്ചെസ്റ്റർ M12 4QE ഈ കോൺഫറൻസിന്റെ മുഖ്യ ചിന്താവിഷയം യൂദാ 1:3 ആണ് 'വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിന്നുവേണ്ടി പോരാടേണ്ടതിന്നു' Con-tend earnestly for the Faith (Jude 3).

ഏപ്രിൽ 14നും 15നും രാവിലെ ഒമ്പതര മണി മുതൽ രാത്രി ഒമ്പത് വരെ സമ്മേളനം നടക്കും. ഏപ്രിൽ 16ന് രാവിലെ ഒമ്പതര മുതൽ ഉച്ചക്ക് ഒരു മണിക്ക് വരെയുള്ള പൊതു ആരാധനയോടുകൂടി കോൺഫെറൻസ് സമാപിക്കും. എംപിഏ യൂകെയുടെ സംഗീതവിഭാഗം സംഗീതശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ഡൽഹിയിൽ നിന്നുള്ള സിസ്റ്റർ പേർസിസ് ജോൺ പാടുകയും ചെയ്യും. ആത്മ നിറവിലുള്ള ആരാധന, വചനധ്യാനം, കർത്തൃമേശ, യുവജനങ്ങളുടെ പരിപാടികൾ, കുട്ടികളുടെ പരിപാടികൾ, സഹോദരികൾക്ക് വേണ്ടിയുള്ള പരിപാടികൾ എന്നിവ വിവിധ സെക്ഷനുകളിൽ ഉണ്ടായിരിക്കും.

പ്രസിഡന്റ് പാസ്റ്റർ റ്റി എസ് മാത്യു (07723399885) , വൈസ് പ്രസിഡന്റ് പാസ്റ്റർ സജി മാത്യു (07903549094), സെക്രട്ടറി പാസ്റ്റർ വിൽസൺ ഏബ്രഹാം(07728 267127), ജോയിൻറ് സെക്രട്ടറി ഡോണി ഫിലിപ്പ്, ട്രഷറർ ബ്രദർ മാമൻ ജോർജ്, കോൺഫെറൻസ് കൺവീനർ പാസ്റ്റർ ടോമി കുര്യൻ, മ്യൂസിക് കോർഡിനേറ്റർ ബ്രദർ ഡേവിഡ് മാമൻ, യൂത്ത് കോർഡിനേറ്റർ പാസ്റ്റർ ബെൻ മാത്യു, മീഡിയ കോർഡിനേറ്റർ ഡോണി തോമസ്, പ്രയർ കോർഡിനേറ്റർ പാസ്റ്റർ സിസിൽ ചീരൻ, ലോക്കൽ കോർഡിനേറ്റർ പാസ്റ്റർ ജോൺലി ഫിലിപ്പ്, ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ വത്സമ്മ തോമസ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം കോൺഫറൻസിന് നേതൃത്വം നൽകുന്നു. യുകെയിലുള്ള എല്ലാ മലയാളികളെയും കർത്തൃനാമത്തിൽ സ്വാഗതം ചെയ്യുന്നു.

# ഡോക്ടറേറ്റ് ലഭിച്ചു

## ഗ്ലാഡീസ് മാത്യൂസ്



**ബെംഗളൂരു:** കർണ്ണാടക ഐ.പി.സി.സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ പോൾ വർക്കിയുടെ മരുമകളും ഹൊറമാവ് ഇമ്മാനുവേൽസിൽ പി.വി.മാത്യൂസിന്റെ ഭാര്യയുമായ ഗ്ലാഡീസ് മാത്യൂസിന് ബാംഗ്ലൂർ സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് ലഭിച്ചു. നോർത്ത് കളമശ്ശേരി ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് മുൻ ഡിസ്ട്രിക്ട് പാസ്റ്റർ പരേതനായ പാസ്റ്റർ കെ.ജെ.മാത്യു-മേരി മാത്യു ദമ്പതികളുടെ മകളായ ഗ്ലാഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എം.എസ്.സി. - എംഫിൽ കരസ്ഥമാക്കി. ബാംഗ്ലൂർ ഗവൺമെന്റ് സയൻസ് കോളജ് മേധാവിയായി പ്രവർത്തിക്കുന്നു. കമനഹള്ളി ശാലോം ഐ.പി.സി.സഭാംഗമാണ്. മക്കൾ: ആശിഷ് മാത്യു (നെതർലാൻഡ്), അലൻ മാത്യൂസ്

## പാസ്റ്റർ കെ. വി. ജോൺസൺ



**ബെംഗളൂരു:** ബാനസവാടി ശീലോഹാം മിനിസ്ട്രീസ് സ്ഥാപക പ്രസിഡന്റും കർണ്ണാടക യൂണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (കെ,യു.പി.എഫ്) ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ കെ.വി.ജോൺസന് സെറാംപൂർ യൂണിവേഴ്സിറ്റിയില് നിന്ന് മാരിറ്റൽ കൗൺസലിംഗിൽ പി.എച്ച്.ഡി (ഡോക്ടറേറ്റ്) നേടി. കൊല്ലം കുന്നത്തൂർ കാഞ്ചിയിൽ ഗ്രേസ് കോട്ടേജ് കെ.കെ. വർഗീസ്-ചിന്നമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: ജ്യോതി ജോൺസൺ യു.പി.എൽ.പി.എഫ് സെക്രട്ടറി മക്കൾ: ജെമി, ജോനാഥാൻ

## സജിത ഐപ്പ്



**മണക്കാല:** ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി അദ്ധ്യാപിക സജിതാ ഐപ്പിന് പി.എച്ച്.ഡി ലഭിച്ചു. പുതിയ നിയമത്തിലാണ് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചത്. 'ലൂക്കോസിന്റെ സുവിശേഷത്തിലെ സ്ത്രീകളുടെ സാമ്പത്തിസ്ഥിതി ഒരു കുടുംബവീക്ഷണം' എന്നതായിരുന്നു ഗവേഷണവിഷയം. മണർകാട് ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ റവ. ഐപ്പ് ഐ.എ. യുടെ ഭാര്യയുടെ തൃശൂർ മണവാളൻ കുടുംബത്തിൽ വർഗീസ്-കുഞ്ഞമ്മ ദമ്പതികളുടെ മകളുമാണ് ഡോ. സജിത. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് ലിറ്റേറേച്ചറിൽ ബിരുദാനന്തരബിരുദവും ദൈവശാസ്ത്രത്തിൽ എം.ടി.എച്ചും നേടിയിട്ടുണ്ട്.

# സി. ഇ. എം. ഭാരവാഹികൾ







തിരുവല്ല: ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യുവജന വിഭാഗമായ ക്രിസ്ത്യൻ ഇവാൻജലിക്കൽ മൂവ്മെന്റിന്റെ (CEM) 2017-2019 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ഫെബ്രുവരി 11-ാം തീയതി തിരുവല്ല ശാരോനിൽ നടന്ന വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ വെച്ചാണ് തെഞ്ഞെടുപ്പ് നടന്നത്. ശാരോൻ ഫെലോഷിപ്പ് ചർച്ച് മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറി റവ. ഫിന്നി ജേക്കബ്, കൗൺസിൽ അംഗം പാസ്റ്റർ വി. ജെ. തോമസ്കുട്ടി എന്നിവർ നിരീക്ഷകരായിരുന്നു. ചുമതലക്കാരുടെ പേരുവിവരം ചുവടെ ചേർക്കുന്നു: ജനറൽ പ്രസിഡന്റ് - പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം ജനറൽ സെക്രട്ടറി - പാസ്റ്റർ ജോർജ്ജ് മുണ്ടകൻ, ട്രഷറാർ - ഇവാ. എബി ബേബി, വൈസ് പ്രസിഡന്റുമാർ - പാസ്റ്റർ സോവി മാത്യു, പാസ്റ്റർ രാജീവ് ജി., അസ്സോസിയേറ്റ് സെക്രട്ടറി - ബ്രദർ നിഖിൽ സേവ്യർ, ജോയിന്റ് ട്രഷറാർ - പാസ്റ്റർ ജോസ് ജോർജ്ജ്, മെമ്പർഷിപ്പ് സെക്രട്ടറി - പാസ്റ്റർ സാംസൺ തോമസ്, താലന്ത് പരിശോധനാ സെക്രട്ടറി - ബ്രദർ റോഷി തോമസ്, മീഡിയ & ലിറ്ററേച്ചർ - പാസ്റ്റർ സിജി ജോൺസൺ, പബ്ലിസിറ്റി കൺവീനർ-പാസ്റ്റർ ജി.ജോസ്, ജനറൽ കോ-ഓർഡിനേറ്റർ - പാസ്റ്റർ ജോമോൻ ജോസഫ്.

മേൽപ്പറഞ്ഞവർ ഉൾക്കൊള്ളുന്ന 23 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളേയും 65 അംഗ ജനറൽ കമ്മറ്റി അംഗങ്ങളെയും തിരഞ്ഞെടുത്തു. ജനറൽ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം മണക്കാല ശാരോൻ ഫെലോഷിപ്പ് ചർച്ച് ശുശ്രൂഷകനും അറിയപ്പെടുന്ന യുവജന പ്രഭാഷകനും മികച്ച സംഘാടകനും മുൻ ജനറൽ സെക്രട്ടറിയും ആണ്. രണ്ടാം പ്രാവശ്യവും ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജോർജ്ജ് മുണ്ടകൻ കരിപ്പുഴ ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ ശുശ്രൂഷകനും ബാലസുവിശേഷീകരണ പ്രവർത്തകനും മികച്ച സംഘാടകനുമാണ്.

# പെന്തെക്കോസ്തൽ യൂത്ത് കൗൺസിൽ (പി വൈ സി) നിലവിൽ വന്നു




**പി.വൈ.സി ഉദ്ഘാടനം: പി.സി.ഐ ജനറൽ പ്രസിഡന്റ് കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യുന്നു**

**തിരുവല്ല:** പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ യുവജന വിഭാഗമായ പെന്തെക്കോസ്തൽ യൂത്ത് കൗൺസിലിന്റെ സംസ്ഥാനതല ഉദ്ഘാടനം ഫെബ്രുവരി 14 നു തിരുവല്ല വൈ.എം.സി.എ ഹാളിൽ വച്ച് നടന്നു. പി സി ഐ ദേശീയ വൈസ് പ്രസിഡന്റ് പാസ്റ്റർ ജെ ജോസഫിന്റെ അധ്യക്ഷത വഹിച്ചു. പി. ജി. ജോർജ് പ്രാരംഭ പ്രാർത്ഥന നടത്തി.നാഷണൽ സെക്രട്ടറി പാസ്റ്റർ ജോസ് അതുല്യ സ്വാഗതം ആശംസിച്ചു. നാഷണൽ പ്രസിഡന്റ് ബ്രദർ കെ എബ്രഹാം ഉദ്ഘാടനം ചെയ്തു. നാഷണൽ ജനറൽ സെക്രട്ടറി ബ്രദർ ഗ്ലാഡ്സൺ ജേക്കബ് സംസ്ഥാന ഭാരവാഹികളെ പ്രഖ്യാപിച്ചു. ഐ പി സി സ്റ്റേറ്റ് വൈസ് പ്രസിഡന്റ് പാസ്റ്റർ രാജു പൂവക്കാല തെരഞ്ഞെടുത്ത ഭാരവാഹികൾക്കുവേണ്ടി അനുഗ്രഹ പ്രാർത്ഥന നടത്തി. ആന്റോ ആന്റണി എം പി, ലോഗോ പ്രകാശനം ചെയ്തു. രാജു എബ്രഹാം എം എൽ എ, അഡ്വ. സനൽ കുമാർ, പാസ്റ്റർമാരായ കെ സി സണ്ണിക്കുട്ടി, പ്രിൻസ് തോമസ്, ഫിലിപ്പ് എബ്രഹാം, ജെയിസ് പാണ്ടനാട്, എ പി അഭിലാഷ്, റോയ്സൺ ജോണി, നിക്സൺ മുട്ടാർ, ജെയിസ് പാണ്ടനാട്, ഇവാ. അജു അലക്സ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ജനറൽ ട്രഷറർ പാസ്റ്റർ ബേബി കടമ്പനാട് കൃതജ്ഞത അറിയിച്ചു. പാസ്റ്റർ സാജൻ സാമുവേൽ സമാപന പ്രർത്ഥന നടത്തി.ജോയൽ, എബി & ടീം ഗാനശുശ്രുഷയ്ക്കു നേതൃത്വം നൽകി.

സംസ്ഥാന ഭാരവാഹികളായി പാസ്റ്റർ ലിജോ കെ ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ സാം ഇളമ്പൽ, ഇവാ. അജു അലക്സ്, പാസ്റ്റർ നിക്സൺ മുട്ടാർ (വൈസ് പ്രസിഡന്റുമാർ), ബ്ലെസ്സിൻ ജോൺ മലയിൽ (സെക്രട്ടറി), പാസ്റ്റർ സോവി മാത്യു, മാത്യു ബേബി, ജിബിൻ പൂവക്കാല (ജോ. സെക്രെട്ടറിമാർ), ജിനു വർഗീസ് (ട്രഷറർ), ജെ പി വെണ്ണിക്കുളം (മീഡിയ കൺവീനർ), രാജൻ മാത്യു (പ്രയർ കൺവീനർ), പാസ്റ്റർ ജെ യേശുദാസ് (ചാരിറ്റി കൺവീനർ) എന്നിവരെ ഫെബ്രുവരി 14 നു തിരുവല്ല വൈ. എം.സി. എ ഹാളിൽ വച്ച് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ വച്ച് തെരഞ്ഞെടുത്തു.

വിവിധ പെന്തെകൊസ്തു സഭകളുടെ യുവജനങ്ങൾ അണിനിരക്കുന്ന സംയുക്തവേദിയാണ് പി.വൈ.സി.

ജ്യോതിമാർഗ്ഗം
വാർത്താ പത്രിക

EDITORIAL BOARD
**MANAGING EDITOR**
Pr. J.Joseph
**CHAIRMAN**
Pr. Thomas V. Thomas
**CHIEF EDITOR**
Evg. P.I. Abraham
**PUBLISHER**
Pr. P.G. Mathews
**GENERAL EDITOR**
Jaise Pandanad
**RESIDENT EDITOR**
Pr. Shaji Idukki
**MANAGER**
Pr. Shaiju Thomas
**EDITORS**
Rev. P.P. Kurian
Thomas Thonnackal
Thomas Joseph
Pr. Finny Joseph
Jaimohan Athirunkal
Pr. Biju Thankachan, Mumbai
Pr. Sovi Mathew
Pr. Biju Joy
**OVERSEAS EDITORS**
Roy Mepral
Rev. Johnson Zachariah
Rev. Sunny Thazhampallom
**USA CO-ORDINATOR**
Pr. Abraham Mathew
**STATE CO-ORDINATOR**
Pr. Saji George
**CO.ORDINATORS**
Mathew Varghese, New York
Rev.Eldho Mappalail-Western Canada
Evag.Wilson Varghese-Eastern Canada
Shaji Vennikulam - Atlanta
Thomas Koshy - Bahrain
Faith Abraham - Oman
Tiju Raj - Kuwait

**ADVISORY BOARD**
**Pr. O.J. Mathew**
**Pr. Issac Simon**
**Pr. C.C.Thomas**

**ജ്യോതിമാർഗ്ഗം**
വാർത്താപത്രിക
വാർഷീക വരിസംഖ്യ
ഇൻഡ്യയിൽ: 150 രൂപ
യുഎസ്എ & കാനഡ: US $ 30
യൂ.കെ.: £ 15
ഗൾഫ് രാജ്യങ്ങൾ: 1000 രൂ

വരിസംഖ്യ അയക്കേണ്ട വിലാസം
JYOTHIMARGOM
P.O. BOX - 15
ERAVIPEROOR P.O.,
THIRUVALLA - 689 542, KERALA
Ph: 9447455820
Mob: 9048869944

എഡിറ്റോറിയൽ

# സുവിശേഷീകരണം സഭയുടെ ദൗത്യം



പാസ്റ്റർ ജെ. ജോസഫ്

**ക**ർത്താവായ യേശുക്രിസ്തുനാഥന്റെ സ്വർഗ്ഗാരോഹണത്തിനു തൊട്ടു മുമ്പ് ശിഷ്യന്മാരോടുള്ള തന്റെ അന്ത്യമൊഴികൾ മത്തായി സുവിശേഷകൻ വളരെ പ്രാധാന്യം നല്കി രേഖപ്പെടുത്തിയിട്ടുണ്ട്. മത്താ. 28:16-20. അതിനെ രാജകീയ കല്പന (ഞീ്യമഹ ഈീാമിറാലിേ) എന്നാണ് വേദ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത്. രാജാധി രാജനായ യേശുക്രിസ്തു കല്പിച്ചു എന്നതിനാൽ അത് രാജകീയമാണ്. അപ്പോൾ തന്നെ സഭയുടെ ഇഹലോകത്തിലെ ദൗത്യങ്ങളിൽ പ്രഥമവും വിലപ്പെട്ടതുമാണ് ഈ കല്പന. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാരുടെ കൂട്ടമാണല്ലോ ദൈവസഭ. വേദശാസ്ത്ര പ്രകാരം പ്രത്യേക ഉദ്ദേശത്തിനായി വിളിച്ചുചേർക്കപ്പെട്ടവരുടെ കൂട്ടം. ഈ സഭയെ സ്ഥാപിച്ചതിലും ഭൂമിയിൽ ആക്കിയിരിക്കുന്നതിലും സഭയുടെ നാഥനായ ക്രിസ്തുവിന് പ്രത്യേക ഉദ്ദേശമുണ്ട്. അഥവാ സഭയ്ക്ക് ഇവിടെ ചെയ്തു തീർക്കുവാൻ വളരെ വലിയ ദൗത്യങ്ങൾ ഉണ്ട്. അത് പൂർത്തിയാക്കാത്തവർക്ക് സ്വർഗ്ഗം കണി കാണുവാൻ സാധിക്കുകയില്ല. ഫിലി. 2:14-18 വരെയുള്ള വാക്യങ്ങളിൽ അപ്പോസ്തലനായ പൗലോസ് സൂചിപ്പിക്കുന്നത് ഈ വലിയ ദൗത്യങ്ങളെക്കുറിച്ചാണ്. യാക്കോ. 1:27 1പത്രൊ. 2:9, 4:12-19 തുടങ്ങിയ വചനങ്ങളിലും ഈ ദൗത്യങ്ങളെക്കുറിച്ചുള്ള ബോധ്യം നമുക്ക് അപ്പോസ്തലന്മാർ നല്കുന്നു. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണത്തിലും മുഴച്ചു നില്ക്കുന്നത് സഭയുടെ ദൗത്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച്ചകളാണ്. വല്ല വിധേനയും സ്വർഗ്ഗരാജ്യം അവകാശമാക്കുക എന്ന ചിന്തയ്ക്കപ്പുറം പൗലോസിനെപ്പോലെ ഏല്പിച്ച ദൗത്യങ്ങൾ പൂർത്തിയാക്കി (1തിമോഥെ. 4:7) നിത്യതയിലെത്തുവാൻ നമുക്ക് കഴിയണം. മറുവശം പറഞ്ഞാൽ ദൗത്യനിർവ്വണത്തിൽ വിജയിക്കുന്നവർക്കുള്ള പ്രതിഫലമാണ് സ്വർഗ്ഗരാജ്യം. ഈ ദൗത്യങ്ങളിൽ ഏറ്റവും പ്രാധാന്യം സുവിശേഷീകരണം എന്നതാണ്. അതാണ് ആദ്യം സൂചിപ്പിച്ച രാജകീയ കല്പനയിലൂടെ കർത്താവ് വ്യക്തമാക്കുന്നത്.

സഭയുടെ പ്രഥമവും വലിയതുമായ ദൗത്യമാണ് സുവിശേഷീകരണം. ആദിമസഭ ഈ ദൗത്യം നിറവേറ്റുന്നതിൽ വളരെ മുമ്പിലായിരുന്നുവെന്ന് അപ്പോസ്തോല പ്രവൃത്തികളുടെ പുസ്തകം പഠിച്ചാൽ മനസ്സിലാകും. തടസ്സങ്ങളും പ്രതിസന്ധികളും ആയിരുന്നു അവർക്ക് ധാരാളമായി ഉണ്ടായിരുന്നത്. എന്നാൽ അവയൊന്നും കൂസാതെ അരുമനാഥന്റെ കല്പന അവർ ശിരസ്സാ വഹിച്ചു. പ്രശ്നങ്ങളേക്കാൾ ദൗത്യനിർവ്വഹണത്തെ അവർ വലുതായി കണ്ടു. അതുകൊണ്ട് പ്രവൃത്തി 6:7, 9:31, 13:48-52 വാക്യങ്ങളിൽ പറയുംപോലെ സഭ അതിശീഘ്രം വളർന്നു. ഒരു ദേശത്തു നമ്മെ സഭയായി നിലനിർത്തുമ്പോൾ ഏറ്റവും കുറഞ്ഞത് ആ ദേശവും സമീപ പ്രദേശങ്ങളും സുവിശേഷീകരിക്കുക എന്ന ദൗത്യം നമുക്കുണ്ട്. പക്ഷേ ഒരു വാർഷിക കൺവെൻഷൻ അഥവാ ക്രൂസേഡ് സംഘടിപ്പിച്ച് നാം തൃപ്തിയടയുകല്ലേ. അതിൽ സംബന്ധിക്കുന്നവർ വിശ്വാസസമൂഹം.

മാത്രവും അവിടെ എങ്ങനെ സുവിശേഷീകരണം നടക്കും. അതുകൊണ്ടാണ് കൺവെൻഷൻ പ്രസംഗകരിൽ നല്ല പങ്കും ഉണർവ്വു പ്രസംഗകരായത്. അവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. നമുക്ക് അതുമതി. നമ്മുടെ ജോലി തീർന്നു. ദേശത്തിന്റെ കാവൽക്കാരാക്കി അവിടുന്ന് നമ്മെ നിയമിച്ചിരിക്കുകയാണ്. ദേശത്തിലെ ജനങ്ങൾ സുവിശേഷമറിയാതെ നശിച്ചാൽ നാം കുറ്റക്കാരാകും.

നമ്മുടെ ദേശത്തെ, പട്ടണത്തെ, സംസ്ഥാനത്തെ, രാജ്യത്തെ ദൈവം നമ്മെ ഏല്പിച്ചു. രണ്ടായിരത്തിൽപ്പരം വർഷം പിന്നിട്ടിട്ടും നാം ഇതുവരെ എങ്ങും എത്തിയിട്ടില്ല. നമുക്ക് ഒരു പുനർചിന്തയ്ക്ക് തുടക്കമിടാം. ഒരു പക്ഷേ എല്ലാവർക്കും ഫീൽഡിൽ ഇറങ്ങുവാൻ കഴിഞ്ഞില്ലെന്നു വരാം. എന്നാൽ സുവിശേഷീകരണത്തിന്റെ ബഹുവിധങ്ങളായ ഭാഗങ്ങൾക്കു പങ്കാളിയാകുവാൻ ആർക്കും കഴിയും. അഥവാ കഴിയണം. നമുക്ക് എന്തൊക്കെ കഴിയുമോ ആയവയിൽ വിശ്വസ്തരായിരിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. അരുമനാഥൻ ആവശ്യപ്പെടുന്നത് നമുക്കുള്ള ചിലതല്ല. നമ്മെത്തന്നെയാണ്. ശുശ്രൂഷകന്മാരും വിശ്വാസികളും ഉത്സാഹികളും അദ്ധ്വാനശീലരും ആയിരിക്കണം.

എന്തെങ്കിലും പേരിനു ചെയ്യുന്നവരാകാതെ നമ്മുടെ സമയം, ആരോഗ്യം, പണം, കഴിവ് ഇവയൊക്കെ സുവിശേഷത്തിന്റെ വ്യാപ്തിക്ക് പ്രയോജനപ്പെടുത്തണം. വിജയത്തിന് ഒറ്റമൂലിയില്ല. കഠിനാദ്ധ്വാനംമാത്രമാണ് പോംവഴി. ആ ദർശനമുള്ള വ്യക്തികളെയാണ് ഇന്ന് ദൈവസഭയ്ക്ക് വേണ്ടത്. പീഡനങ്ങളും പ്രതികൂലങ്ങളും ഇന്ന് ധാരാളമുണ്ട്. എന്നാൽ ദർശനമുള്ളവന് ഇവയേക്കാൾ കൂടുതൽ സാദ്ധ്യതകളെ കണ്ട് അവയിൽ മുന്നേറാൻ കഴിയും. നാഥൻ വരാറായി. കണക്ക് ചോദിക്കുവാൻ സമയമായി. ദൗത്യം പൂർത്തീകരിക്കാം! ഉണരാം! ഒരുങ്ങാം!.

പബ്ലിഷർ എഴുതുന്നു

# അത്ഭുതം പ്രവർത്തിക്കുന്ന ദൈവം - 2



പാസ്റ്റർ പി. ജി. മാത്യൂസ്
9446283230

**ആ**ടുകൾക്കും, മാടുകൾക്കും എല്ലാ വളർത്തു മൃഗങ്ങൾക്കും അവരുടെ യജമാനനെ നന്നായി അറിയാം. വളർത്തുന്ന ആട്ടിൻ പറ്റങ്ങൾ ഇടയന്റെ ശബ്ദം തിരിച്ചറിയുന്നു. അതു പ്രകൃതി വച്ചിരിക്കുന്ന ഒരു പാഠമാണ്. കാട്ടാടുകൾ, കുഴിമുയലുകൾ, കാട്ടുമൃഗങ്ങൾ, ബാല സിംഹങ്ങൾ എന്നിവയോടു ചോദിക്കുക. അവറ്റകൾ എന്താണ് തിരിച്ചു സംസാരിക്കുന്നത്. മൃഗങ്ങളോടു ചോദിക്ക അവ സംസാരിക്കും എന്ന ഇയ്യോബിന്റെ വചനമാണല്ലോ നമ്മുടെ ചിന്താവിഷയം. കാട്ടാടുകൾക്ക് പറയാനുള്ളത് ഉയർന്ന മലകൾ ദൈവം ഞങ്ങൾക്ക് സങ്കേതമായി നൽകിയിരിക്കുന്നു എന്നാണ്.

അതുപോലെ കുഴിമുയലുകൾക്ക് പാറയും സങ്കേതമായിരിക്കുന്നു. കാട്ടുമൃഗങ്ങൾ രാത്രിയിൽ സഞ്ചരിക്കുന്നു അതുകൊണ്ട് ദൈവം ഇരുട്ട് പരത്തുന്നു. രാത്രിയുണ്ടാകുന്നു. ബാലസിംഹങ്ങൾ ഇരയ്ക്കായി അലറുന്നു. "അവർ ദൈവത്തോട് തങ്ങളുടെ ആഹാരം ചോദിക്കുന്നു" (സങ്കീ.104:21).

പർവ്വതങ്ങളിലെ ഗുഹകൾ ദൈവം സൃഷ്ടിച്ചത് എന്തിനാണ്? കാട്ടു മൃഗങ്ങൾക്കും ബാലസിംഹങ്ങൾക്കും അഭയസ്ഥാനമായി സൃഷ്ടിച്ചിരിക്കുന്നു. ദൈവം ഉറവകളെ താഴ്വരയിലേക്ക് ഒഴുക്കുന്നു. അവ മലകളുടെ ഇടയിൽ കൂടി ഒലിക്കുന്നു. അവയിൽ നിന്ന് വയലിലെ സകല മൃഗങ്ങളും കുടിക്കുന്നു. കാട്ടുകഴുതകളും തങ്ങളുടെ ദാഹം തീർക്കുന്നു. ഇയ്യോബ് പറഞ്ഞ ചിന്ത വീണ്ടും തുടരട്ടെ. മൃഗങ്ങളോടു ചോദിക്ക അവ നിന്നെ ഉപദേശിക്കും. കാട്ടിലെ സകല മൃഗങ്ങളും സമുദ്രത്തിലെ ആയിരമായിരം ജന്തുക്കളും ദൈവത്തിനുള്ളവയാകുന്നു. (ഇയ്യോബ് 50:10). ഭൂലോകവും അതിന്റെ നിറവും ദൈവത്തിന്റേതാണ്. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് കൂടെ കൂടെ കേൾക്കുന്നുണ്ട്. പ്രകൃതിയുടെ സംതുലിതാവസ്ഥയ്ക്ക് എതിരായി പ്രവർത്തിക്കരുത്. ദൈവം സൃഷ്ടിച്ച ഈ ഭൂമിയിൽ അതിന്റെ ഭംഗി നിലനിർത്തേണ്ടത് മനുഷ്യനാണ്. ദൈവം മനോഹരമായി സൃഷ്ടിച്ച ഈ ഭൂമിയിൽ മനുഷ്യർ ഇപ്പോൾ കുഴിബോംബ് കുഴിച്ചിടുന്നു. കുതിര, ഒട്ടകം, കഴുത എന്നീ മൃഗങ്ങളെ പുരാതനകാലം മുതൽ മനുഷ്യൻ സഞ്ചാര വാഹനങ്ങളായി ഉപയോഗിച്ചിരുന്നു. സാധാരണയായി രാജാക്കന്മാരും മറ്റും കുതിരപ്പുറത്തും, പ്രവാചകന്മാർ കഴുതപ്പുറത്തും, മരുഭൂമി യാത്രയ്ക്ക് ഒട്ടകത്തേയും ഉപയോഗിച്ചിരുന്നു. നമ്മുടെ പഴയ ബിലെയാം കഴുതപ്പുറത്താണല്ലോ യാത്ര ചെയ്തത്. ഇന്നും ശക്തിയുടെ അളവിനെ കുതിരശക്തിയായിട്ടാണ് (Horse power) കണക്കാക്കുന്നത്. ഒട്ടകപ്പുറത്ത് റബേക്കയോട് ചേർന്ന് എലെയാസ്സറും, യിസ്സഹാക്കിന്റെ അരികിലേയ്ക്ക് ലാബാരും കൂട്ടരും യാത്ര ചെയ്തു വന്നതും ശ്രദ്ധേയമാണ്.

ഇവറ്റകളെക്കുറിച്ചെല്ലാം ഓർത്തപ്പോൾ; യേശു യാത്ര ചെയ്ത കഴുതക്കുട്ടിയെക്കുറിച്ച് ചിലതു കുറിക്കുവാൻ താല്പര്യപ്പെടുന്നു. ഇതിനെക്കുറിച്ച് മത്തായുടെ സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുക "അനന്തരം അവൻ യെരുശലേമിനോടു സമീപിച്ചു ഒലിവു മലയരികെ ബേത്ത്ഫഗയിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യന്മാരെ അയച്ചു. നിങ്ങൾക്കു എതിരെയുള്ള ഗ്രാമത്തിൽ ചെല്ലുവിൻ അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിന്റെ കുട്ടിയെയും നിങ്ങൾ ഉടനെ കാണും അവയെ അഴിച്ചു കൊണ്ടുവരുവിൻ. നിങ്ങളോടു ആരാരും വല്ലതും പറഞ്ഞാൽ: കർത്താവിനു ഇവയെകൊണ്ട് ആവശ്യം ഉണ്ട് എന്നു പറവിൻ തൽക്ഷണം അവൻ അവയെ അയക്കും എന്നു പറഞ്ഞു. "സീയോൻ പുത്രിയോടു: ഇതാ, നിന്റെ രാജാവു സൗമ്യനായി കഴുതപ്പുറത്തും വാഹനമൃഗത്തിന്റെ കുട്ടിയുടെ പുറത്തും കയറി നിന്റെ അടുക്കൽ വരുന്നു എന്നു പറവിൻ" എന്നിങ്ങനെ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതിനു നിവൃത്തി വരുവാൻ ഇതു സംഭവിച്ചു.

ശിഷ്യന്മാർ പുറപ്പെട്ടു യേശു കല്പിച്ചതുപോലെ ചെയ്തു. കഴുതയെയും കുട്ടിയെയും കൊണ്ടു വന്നു. തങ്ങളുടെ വസ്ത്രം അവയുടെ മേൽ ഇട്ടു അവൻ കയറി ഇരുന്നു. പുരുഷാരം തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു. മറ്റു ചിലർ വൃക്ഷങ്ങളിൽ നിന്നു കൊമ്പു വെട്ടി വഴിയിൽ വിതറി. മുന്നും പിന്നും നടന്ന പുരുഷാരം: ദാവിദിൻ പുത്രനു ഹോശന്നാ, കർത്താവിന്റെ നാമത്തിൽ വരുന്നവർ വാഴ്ത്തപ്പെട്ടവൻ; അത്യുന്നതങ്ങളിൽ ഹോശന്നാ എന്നു ആർത്തുകൊണ്ടിരുന്നു (മത്താ. 21:1-9).യേശു കർത്താവിന്റെ ഈ ലോകജീവിതത്തിൽ ലഭിച്ച ഒരു പ്രധാന സ്വീകരണത്തെക്കുറിച്ചാണ് നാം ഇപ്പോൾ വായിച്ചത്. ഈ സംഭവത്തെക്കുറിച്ച് ഒരു പ്രവചന രേഖയും ഉണ്ടായിരുന്നു. സെഖര്യാവ്.9:9. "സീയോൻ പുത്രിയേ, ഉച്ചത്തിൽ ഘോഷിച്ചാനന്ദിക്ക, യെരുശലേം പുത്രിയേ ആർപ്പിടുക! ഇതാ, നിന്റെ രാജാവു നിന്റെ അടുക്കൽ വരുന്നു; അവൻ നീതിമാനും ജയശാലിയും താഴ്മയുള്ളവനും ആയി കഴുതപ്പുറത്തും. പെൺകഴുതയുടെ കുട്ടിയായ ചെറുകഴുതപ്പുറത്തും കയറി വരുന്നു". ഇവിടുത്തെ കഴുത ഒരു പ്രധാന കഥാപാത്രമാണെന്നു വ്യാഖ്യാനിക്കുന്നില്ല. എന്നാൽ യെരുശലേമിലെ ബഹുശതം കഴുതകളുടെ കൂട്ടത്തിൽ ഈ കഴുത ഒരു താരമായിത്തീർന്നു.

ദേവാലയത്തിലേക്കുള്ള വഴിയിൽ അലഞ്ഞു തിരിയുന്ന കഴുതകൾക്ക് കല്ലുകൊണ്ടുള്ള ഏറും, അടിയും, തൊഴിയുമെക്കെയാണ് കിട്ടിക്കൊണ്ടിരുന്നത്. എന്നാൽ ഇവിടെ ഇതാ ഒരു കഴുത രാജവീഥിയിലൂടെ മെല്ലെ, മെല്ലെ നീങ്ങുകയാണ്. ചവിട്ടി നടക്കുന്നത് വഴിയിൽ വിരിച്ചിരിക്കുന്ന വിലയേറിയ വസ്ത്രത്തിന്മേലും, വെട്ടി വിതറിയിരിക്കുന്ന വൃക്ഷകൊമ്പുകളുടെ മുകളിലൂടെയുമാണ്. ഈ കഴുതയ്ക്ക് ഒരു സാക്ഷ്യം പറയാനുണ്ട്; യേശു എന്റെ മേൽ ഇരിക്കുന്നതുകൊണ്ട് ഞാൻ സ്വച്ഛതം ഇതിലേ യാത്ര ചെയ്യുന്നു. കഴുതയുടെ ഈ സാക്ഷി ദൈവദാസൻ കുറിക്കുമ്പോൾ, കഴിഞ്ഞ ആഴ്ച സഭായോ

(ശേഷം പേജ് 3)



ഷൈജു തോമസ് ഞാറയ്ക്കൽ
9447313709, 7561800305

# പരിഷ്കരണമോ പാപപരിഹാരത്തിന് ആവശ്യം

**മാ**നന്തവാടി രൂപതയിലെ മുതിർന്ന വൈദികനും കൊട്ടിയൂർ നീണ്ടുനോക്കി സെന്റ് സെബാസ്റ്റ്യൻസ് പള്ളി വികാരിയും, ഐ.ജെ.എം ഹയർ സെക്കൻഡറി സ്കൂൾ മാനേജരുമായ ഫാദർ റോബിൻ വടക്കഞ്ചേരിയുടെ ബാലികാപീഡനവുമായി ബന്ധപ്പെട്ട ചർച്ചകൾ നീളുമ്പോൾ, അത് കേരള ക്രൈസ്തവ സമൂഹത്തിന് ആകെ അവമതിപ്പ് ഉണ്ടാക്കിയ സംഭവമായി അതു മാറി. അതിന്റെ പരിണിത ഫലമായി ക്രൈസ്തവ പുരോഹിതരുടെ ലൈംഗിക അതിക്രമങ്ങൾക്കെതിരെ ജോയിന്റ് ക്രിസ്തിൻ കൗൺസിൽ രംഗത്ത് വന്നു. വൈദികരുടെ പീഡനം ഇല്ലാതാക്കണമെങ്കിൽ അവരെ വിവാഹം കഴിക്കാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ജോയിന്റ് ക്രിസ്തിൻ കൗൺസിൽ വത്തിക്കാനിലേക്ക് നിവേദനം നൽകി പക്ഷേ ഇതുവരെ മാർപാപ്പയിൽ നിന്നും മറുപടി കിട്ടിയിട്ടില്ല. ലോകത്താകമാനം ക്രൈസ്തവ പുരോഹിതരുടെ ലൈംഗിക അതിക്രമങ്ങൾക്ക് കടിഞ്ഞാണിടാൻ കഴിയുന്നില്ല എന്നതാണ് ഖേദകരം. അതേസമയം സഭയിലെ പുരോഹിതർ ആഗോളതലത്തിൽ പീഡിപ്പിക്കുകയും അതിനു ഇരയായവരോട് മാർപാപ്പ പരസ്യമായി മാപ്പ് ചോദിക്കുകയും ചെയ്തിട്ടുണ്ട്.

മനുഷ്യന് ദൈവം നല്കി കൊടുത്ത കഴിവാണ് ലൈംഗികത, സൃഷ്ടിപരമായി അതവനിൽ കുടികൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് പുരോഹിതരുടെ ലൈംഗിക അതിക്രമങ്ങൾ തടയണമെങ്കിൽ അവർക്ക് വിവാഹം കഴിക്കാൻ അനുവാദം നൽകണം. ഇത്തരം ഒരു പരിഷ്കരണമാണ് ഇന്നിന്റെ ആവശ്യം. കഴിഞ്ഞയിടെ പൗരോഹിത്യത്തിൽ നിന്നും പുറത്ത് വരികയും വിവാഹ ബന്ധത്തിലേർപ്പെടുകയും ചെയ്ത ഡോ.ജെ.ജെ.പള്ളത്ത് ഒരു പ്രസിദ്ധീകരണത്തിനു നല്കിയ അഭിമുഖത്തിൽ പറഞ്ഞത് ലൈംഗികതയെ ധ്യാനത്തിലൂടെ നിയന്ത്രിക്കാനൊന്നും പറ്റില്ലായെന്നും ധ്യാനം നിമിത്തം ഓരോ മനുഷ്യനിലെയും വൈകാരികതയെ അടിച്ചമർത്തി ഒരുതരം നിർവികാര ജീവിയായി മാറാനെ ഉതകു എന്നാണ്. ലോകത്തിൽ ക്രൈസ്തവ പുരോഹിതരുടെ ലൈംഗിക അതിക്രമങ്ങൾക്കിരയാക്കുന്നത് സ്വന്തം സഭയിലെ തന്നെ ആളുകൾ തന്നെയാണ് പലപ്പോഴും പ്രായപൂർത്തിയാവാത്ത ആൺകുട്ടികളോ പെൺകുട്ടികളോ ആണ് വളരെ ചെറിയ വിഭാഗം വരുന്ന വേട്ടക്കാരായ പുരോഹിതരുടെ ഇരകൾ. അതിൽ ചിലത് കേരള സമൂഹത്തിന്റെ മനസാക്ഷിയെ തന്നെ ഞെട്ടിച്ചതുമാണ്.

2015 മാർച്ച് മാസമാണ് എറണാകുളം ജില്ലയിൽ പുത്തൻ വേലിക്കര എന്ന സ്ഥലത്തെ പള്ളിയിൽ പതിനാലുകാരിയായ പെൺകുട്ടിയെ വൈദികൻ പള്ളിമേടയിൽ വച്ച് പീഡനത്തിനിരയാക്കിയത് . 2015 ഏപ്രിൽ ഒന്നിന് പെൺകുട്ടിയുടെ മാതാവ് പീഡനം ആരോപിച്ച് ഫാദർ എഡ്വിൻ ഡിഗ്രേസിനെതിരെ പോലീസിൽ പരാതിപ്പെടുകയുണ്ടായി. അങ്ങനെ അത് പൊതു സമൂഹത്തിൽ ചർച്ചയായി. 2014-ൽ ഏപ്രിൽ 25ന് ഒന്പതുകരിയായ പെൺകുട്ടിയെ ഒരു വൈദികൻ പീഡിപ്പിച്ച സംഭവം വിവാദമായിരുന്നു. തൃശൂർ അതിരൂപതയുടെ കീഴിൽ വരുന്ന തൈക്കാട്ടുശ്ശേരി പള്ളി വികാരിയായ ഫാദർ രാജു കൊക്കൻ ആയിരുന്നു പ്രതി. കണക്കുകൾ വെളിപ്പെടുത്തുന്നത് ക്രൈസ്തവ സഭകളിലെ വൈദികർക്കെതിരെ ലൈംഗീകപീഡന പരാതികൾ ഒരോ വർഷവും വർദ്ധിക്കുന്നു എന്നാണ്. 2016-ൽ മാത്രം 12 വൈദികർക്കെതിരെ ബാല പീഡനത്തിന് കേരളത്തിൽ കേസ് രജിസ്റ്റർ ചെയ്തു. ഇത്തരത്തിൽ പുരോഹിതർ ലൈംഗികമായി പീഡിപ്പിക്കാൻ തുടങ്ങിയാൽ ജനങ്ങൾ എന്തുചെയ്യും.മുൻ കാലങ്ങളിൽ വൈദികരുടെ അബദ്ധസഞ്ചാരം ഒറ്റപെട്ട സംഭവം ആയിരുന്നു. അന്നൊക്കെ കുഴപ്പക്കാരെ പെട്ടന്നുതന്നെ സഭയുടെ വേലിക്കെട്ടിനു പുറത്തേക്ക് വലിച്ചെറിയാമായിരുന്നു. ഇന്നിപ്പോൾ ശക്തമായ നടപടി എടുക്കുവാൻ സഭയ്ക്ക് കഴിയുന്നില്ല.

ഇത് കേരളത്തിലെ മാത്രം പ്രശനമല്ല. ലോക രാജ്യങ്ങളിൽ പുരോഹിതൻമാരുടെ പീഡനത്തിന് ഇരയാകുന്ന കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നതായി സഭാമേലദ്ധ്യക്ഷന്റെ കുറ്റസമ്മതം നടത്തി. മുതിർന്ന വത്തിക്കാൻ കർദ്ദിനാൾ ജോസഫ് വില്യം ലെവാഡയാണ് ഇത്തരത്തിൽ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന കുട്ടികളുടെ എണ്ണം വർധിച്ചതായി വെളിപ്പെടുത്തിയത്. കഴിഞ്ഞ 10 വർഷത്തിനിടയിൽ 4,000 ത്തിൽ അധികം കുട്ടികൾ ലൈംഗിക പീഡനത്തിന് ഇരയായതായും ഇത് സംബന്ധിച്ച് അന്വേഷണം നടത്തുമെന്നും അദ്ദേഹം പറഞ്ഞു. ലോകത്താകമാനമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഇത്തരം കേസുകൾ കത്തോലിക്കാ സഭാനേതൃത്വത്തെ വെട്ടിലാക്കിയിരിക്കുകയാണ്. കോൺഗ്രിഗേഷൻ ഫോർ ദി ഡോക്ട്രിൻ ഓഫ് ദി ഫെയ്ത്ത് മേധാവി കൂടിയായ ലെവാഡയുടെ അഭിപ്രായത്തിൽ പുരോഹിതർ ലൈംഗിക ചൂഷണത്തിനിരയാക്കിയ കുട്ടികളുടെ എണ്ണത്തിൽ ക്രമാതീതമായ വർധനവാണ് ഉണ്ടായിരിക്കുന്നത്. നിരവധി കേസുകൾ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിൽ പോപ് ബെനഡിക്ട് പതിനാറാമൻ തന്റെ സന്ദർശന വേളയിൽ ലൈംഗിക ചൂഷണത്തിന് ഇരയായവരെ കണ്ട് ക്ഷമാപണം നടത്താൻ നിർബന്ധിതനാവുകയും ചെയ്തിരുന്നു.

ആഗോളതലത്തിൽ പുരോഹിതന്മാരുടെ ലൈംഗീക കുറ്റകൃത്യങ്ങളുട ഗ്രാഫ് ഉയരുന്നതു കൊണ്ട് നിർബന്ധത്താൽ ബ്രഹ്മചാരികളാകാൻ വിധിക്കപ്പെട്ട പുരോഹിതരെ സംബന്ധിച്ചെടുത്തോളം വൈദികരുടെ വിവാഹം ഒരു സാമൂഹിക അനിവാര്യമായിരിക്കുകയാണ്. സ്വന്തം കുടുംബാഗങ്ങളുടെ മേൽ ക്രിസ്തുവിന്റെ പ്രതിപുരുഷന്മാർ വിശുദ്ധ പാപം അടിച്ചേൽപ്പിക്കുന്നതിന് എങ്ങിനെ ചെറുക്കാമെന്നതാണ് സാധാരണ വിശ്വാസികളുടെ ആശങ്ക. അതിനുള്ള ഏകപോംവഴി വൈദികരുടെ വിവാഹം മാത്രമാണ്. 1139 വരെ കത്തോലിക്ക പുരോഹിതർക്ക് വിവാഹം കഴിക്കാൻ സ്വാതന്ത്ര്യം ഉണ്ടായിരുന്നു. അതിനുശേഷമാണ് വത്തിക്കാൻ വിവാഹം വിലക്കിയത്. ബൈബിളിൽ വൈദികൻ വിവാഹം കഴിക്കണമെന്നും മാതൃക ഭർത്താവായിരിക്കണമെന്നും നിർഷ്കർഷിച്ചിട്ടുണ്ട്. സ്വന്തം കുടുബത്തെ ഭരിക്കാൻ അറിഞ്ഞ് കൂടാത്തവർ ദൈവത്തിന്റെ സഭയെ എങ്ങിനെ ഭരിക്കുമെന്നാണ് ബൈബിളിൽ ചോദിക്കുന്നത്.

1139 ൽ വൈദികരുടെ വിവാഹം നിരോധിച്ചെങ്കിലും 1492 മുതൽ 1503 വരെ മാർപാപ്പ ആയിരുന്ന അലക്സാണ്ടർ ആറാമന് രണ്ടു ഭാര്യമാരും പതിനൊന്ന് മക്കളും ഉണ്ടായിരുന്നു എന്നതാണ് ചരിത്രം. രണ്ടാം വത്തിക്കാൻ കൗൺസിൽ പുരോഹിതരുടെ വിവാഹത്തെ സംബന്ധിച്ച് വ്യത്യസ്തമായ ഒരു കാഴ്ചപ്പാടിന് തുടക്കമിട്ടു. ധാരാളം പുരോഹിതർ മാർപാപ്പയുടെ അനുവാദത്തോടെ പൗരോഹിത്യം ഉപേക്ഷിച്ചു. ഇതിനർത്ഥം അവർ സഭ വിട്ടുപോയി എന്നല്ല. പക്ഷെ പീന്നീട് ആറാം പോൾ മാർപാപ്പ മുതൽ ഇങ്ങോട്ട് പുരോഹിതരും കന്യാസ്ത്രീകളും വിവാഹിതരാകുന്നതിന് അനുവാദം കൊടുത്തില്ല. കാരണം അങ്ങനെ അനുവാദം കൊടുത്താൽ ധാരാളം വൈദികർ പൗരോഹിത്യവൃത്തി ഉപേക്ഷിച്ചുപോകുമോ എന്ന് സഭാധികാരം ഭയപ്പെടുന്നു. എന്നാൽ വിവാഹം കഴിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വിവാഹം കഴിക്കുവാൻ സഭ അനുമതി കൊടുക്കണം. ബ്രഹ്മചാരികളാകേണ്ടുന്നവർക്ക് അതിനുള്ള അവസരവും ഉണ്ടാക്കണം. അത്തരം ഒരു പരിഷ്കരണമാണ് ഇന്നത്തെ സമൂഹത്തിന് ആവശ്യമായി വന്നിരിക്കുന്നുത്.

## അത്ഭുതം പ്രവർത്തിക്കുന്ന ദൈവം

(2-ാം പേജ് തുടർച്ച)

ഗത്തിനൊരു പാവപ്പെട്ട സഹോദരൻ പറഞ്ഞ സാക്ഷ്യം ഓർമ്മയിൽ വന്നു. പതിവു സാക്ഷ്യത്തിനായി പലരും എഴുന്നേറ്റ കൂട്ടത്തിൽ സ്വന്തമായി കിടപ്പാടം പോലുമില്ലാത്ത സഹോദരൻ പറയുകയാണ്, ദൈവം എന്നെ രക്ഷിച്ചു, സൗഖ്യമാക്കി വിടുവിച്ചു. മണ്ണാങ്കട്ടയും കരീലയും കാട്ടുകഴുതയും, ഏഴയും ക്രിമിയുമായ എന്നോട് ദൈവം മനസ്സലിഞ്ഞു. ഏതായാലും ഇവിടെ ഒരു ഗുണപാഠമുണ്ട്. കെട്ടപ്പെട്ട കഴുത ഇപ്പോൾ രാജവീഥിയിലൂടെ എന്തുകൊണ്ട് പോകുന്നു. യേശുവിനെ വഹിക്കുന്നതു കൊണ്ടു മാത്രം. കർത്താവിൽ പ്രിയരേ, നമ്മുടെ കുടുംബശ്രേഷ്ഠതയോ വിദ്യാഭ്യാസമോ ഒന്നു നോക്കിയല്ല ദൈവം നമ്മെ സ്നേഹിച്ചത്.

യേശു യാത്ര ചെയ്ത ഈ കഴുത: യേശുവിനെ കൂടാതെ യാത്ര ചെയ്താൽ എങ്ങനെയിരിക്കും എന്നതിനെക്കുറിച്ച് ഒരു ഭാവനയുണ്ട്. കഴുത ഇപ്പോൾ മടങ്ങിപ്പോകുന്നു. കല്ലേറു വരുന്നു, കവിളൻ മടലെടുത്ത് ചിലരടിക്കുന്നു. മറ്റു ചിലർ തൊഴിക്കുന്നു. എന്തുപറ്റി? കഴുത ചിന്തിക്കയാണ്. കാരണം കഴുതയുടെ പുറത്ത് ഇപ്പോൾ യേശുവില്ല. അതുകൊണ്ട് ഏറും, കല്ലും, അടിയുമെല്ലാം കിട്ടുന്നു. അവശനായ കഴുത റോഡ്സൈഡിൽ എവിടെയോ വീണു കിടക്കേണ്ടി വന്നു. എന്നാണ് ആ ഭാവനയിൽ ഉണ്ടായിരുന്നത്. എന്താണിവിടെ അർത്ഥമാക്കുന്നത്. യേശുവിനെ കൂടാതെയുള്ള യാത്ര അപകടകരമാണ്.

കുതിരകളെക്കുറിച്ചും ബൈബിളിലുണ്ട്. ഇനിയും വരുവാനുള്ള യുദ്ധങ്ങളിൽ (യെഹസ്കേൽ 38, 39 അദ്ധ്യായങ്ങൾ) കുതിരപ്പട ഉണ്ടായിരിക്കുമോ എന്ന ചോദ്യം ചിലർ ചോദിക്കാറുണ്ട്. ആണവ യുദ്ധം നടക്കുന്ന കാലത്ത് കുതിരപ്പടയ്ക്ക് എന്തു പ്രസക്തി എന്നു ചോദിക്കുന്നവരുണ്ട്. എന്നാൽ അവസാന കാലങ്ങളിൽ നടക്കുന്ന യുദ്ധങ്ങളിൽ കുതിരപ്പടകൾ ഉണ്ടായിരിക്കണമെന്ന് തിരുവെഴുത്തിൽ സൂചനയുണ്ട്. (തെളിവ് സെഖ.14:15) ഇപ്പോഴത്തെ എല്ലാ വൻകിട രാജ്യങ്ങളും കരസേനകളിൽ കുതിരപ്പടയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നുണ്ടല്ലോ. അവസാന നാളുകളിൽ നടക്കുവാൻ പോകുന്ന യുദ്ധങ്ങളിൽ ഒന്നായ റഷ്യ-യിസ്രായേൽ സംഘർഷത്തിൽ കുതിരപ്പടകൾ ഉണ്ടായിരിക്കണമെന്നുള്ള സൂചന ലഭിക്കുന്നുണ്ട്.

ഈ വാദമുഖത്തെ ഉറപ്പിക്കത്തക്കവണ്ണം ലോകത്തിൽ ഏറ്റവും സജ്ജമായ കുതിരപ്പട റഷ്യയ്ക്ക് ഉണ്ടെന്നുള്ളത് ഒരു പ്രധാന വാർത്തയാകുന്നു. യുദ്ധത്തിനായി റഷ്യ കുതിരകളെ പ്രത്യേകം പരിശീലിപ്പിക്കുന്നു.

ബിലെയാമിന്റെ കാട്ടുകഴുത സംസാരിച്ചു, ദാനിയേലിന്റെ കാലത്ത് സിംഹങ്ങൾ വാക്കും ഭാഷണവും കൂടാതെ സംസാരിക്കുന്നു. റഷ്യയുടെ കുതിരപ്പട; അതി ഭയാനകമായ യുദ്ധങ്ങളെക്കുറിച്ച് സംസാരിക്കുന്നു. കാട്ടിലെ സകലമൃഗങ്ങളും അവയുടെ ആഹാരത്തിനായി ദൈവത്തോടു ചോദിക്കുന്നു. പർവ്വതങ്ങളിലെ ആയിരമായിരം ജന്തുക്കൾക്ക് ലഭിക്കുന്ന പോഷണം ദൈവത്തിന്റെ കരുതലായി നമ്മൾ കാണുന്നു. ഇയ്യോബ് പറഞ്ഞത് വീണ്ടും ഓർപ്പിച്ചുകൊണ്ട് നിർത്തുന്നു. "മൃഗങ്ങളോടു ചോദിക്ക അവ നിന്നെ ഉപദേശിക്കും" ഇയ്യോബ് 12:7.

## നേരിടുക ഭയത്തെ; തിരുത്തുക ചരിത്രത്തെ

(4-ാം പേജ് തുടർച്ച)

മുറിവേൽപിക്കപ്പെടുമെന്നോ, ജീവൻ തന്നെ അപകടത്തിലാകുമെന്ന് കേൾക്കുമ്പോൾ ഉണ്ടാകുന്ന ഭയമാണ് കടുത്ത ഭയം.

**(3) മിഥ്യഭയം :** ചിലർക്ക് മറ്റുള്ളവരോട് നിർദ്ദേശങ്ങളോ ചോദ്യങ്ങളോ ഉന്നയിക്കുവാൻ മടിയാണ്. ആ മടിയുടെ കാരണം ഭയം തന്നെയാണ്. ഇത്തരം ഭയങ്ങൾ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് സ്ക്കൂൾ, കോളേജ്, ഓഫീസ് തലങ്ങളിലാണ്. ഞാൻ അങ്ങനെ ചോദിച്ചാൽ മറ്റുള്ളവർ എന്തു വിചാരിക്കും, അവരുടെ പ്രതികരണം എങ്ങനെയായിരിക്കും എന്നിങ്ങനെയുള്ള മിഥ്യാധാരണകളാണ് ഈ കൂട്ടരെ ഭരിക്കുന്നത്.

ഓരോ വ്യക്തിയും തങ്ങൾ അനുഭവിക്കുന്ന ഭയത്തെ നേരിടാൻ വിസമ്മതിച്ചാൽ നഷ്ടപ്പെടുന്നത് സ്വന്തം വ്യക്തിത്വം തന്നെയാണ്. അതോടൊപ്പം ഇച്ഛാഭംഗം, നിരാശ തുടങ്ങിയവ അവരെ പിടിക്കുകയും ചെയ്യും. ഒരു തരം മരവിപ്പ് ജീവിതത്തിൽ അനുഭവിക്കേണ്ടിവരികയും ചെയ്യുന്നു. ഇങ്ങനെയുള്ളവർക്ക് ജയം ഒരു അടഞ്ഞ അദ്ധ്യായം മാത്രമാണ്. സ്വന്തം കഴിവുകൾ പരിപോഷിപ്പിക്കുവാനും മഹത്തായ ജീവിതവിജയം കരസ്ഥമാക്കുവാനും ഇങ്ങനെയുള്ളവർക്ക് കഴിയാതെ പോവുകയും ചെയ്യുന്നു. ഭയത്തെ അഭിമുഖീകരിക്കാൻ മടിച്ചതിന്റെ ഫലമായി സാമൂഹ്യജിവിതത്തിൽ തള്ളിമാറ്റപ്പെടുന്നവർ ഏറെയാണ്. അപ്രകാരമുള്ള വനവാസത്തിൽ നിന്നും പലർക്കും പുറത്തുവരുവാനും കഴിഞ്ഞിട്ടുമില്ല. ആ യാഥാർത്ഥ്യം നാം മനസ്സിലാക്കി വരുമ്പോഴേക്കും വളരെ കാലം കടന്നു പോയിരിക്കും. സമ്പത്ത് നഷ്ടപ്പെടുത്തിയവന് അല്പം മാത്രമെ നഷ്ടപ്പെട്ടിട്ടുള്ളൂ. സുഹൃത്തിനെ നഷ്ടപ്പെടുത്തുന്നവന് കുറച്ചധികം നഷ്ടപ്പെടുന്നു. പക്ഷേ ധൈര്യം നഷ്ടപ്പെടുത്തുന്നവന് എല്ലാം നഷ്ടപ്പെടും. (മിഗുവൽ ഡി സെർവാന്റ്സ്).

വർത്തമാനകാലത്തിലും ഭാവികാലത്തിലുമുള്ള ഭയങ്ങളെ അഭിമുഖീകരിക്കുവാൻ കഴിയാത്തവൻ ഇന്നലകളിലും ഇന്നും ജീവിക്കുന്നു. എന്നാൽ ഒരു ചെറിയ ന്യൂനപക്ഷം ഇത്തരം ഭയങ്ങളെ അഭിമുഖീകരിക്കുവാൻ തയ്യാറായിരിക്കും. അവരെയാണ് ചരിത്രം ജേതാക്കൾ എന്ന് വിളിക്കുന്നത്. അവരാണ് ചരിത്രത്തെ തിരിക്കുന്നതും. ബൈബിൾ സംഭവ പരമ്പരകളിൽ കാനാൻദേശം ഉറ്റുനോക്കുവാൻ പോയവരിൽ പത്തുപേരും അസാധ്യങ്ങളുടെ ഒരു നീണ്ട നിര തന്നെ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചു. കൂടാതെ കാനാൻ ദേശം കൈവശമാക്കുവാൻ കഴിയുകയില്ലെന്ന് ഉറപ്പായി പറയുകയും ചെയ്തു. (13: 28-33). എന്നാൽ പത്തുപേരുടെയും മുൻവിധികളെയും ഭയങ്ങളെയും അട്ടിമറിച്ചുകൊണ്ട് രണ്ടുപേർ (യേശുവയും, കാലേബും) പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു "നാം ചെന്ന് അതു കൈവശമാകുക. അത് ജയിപ്പാൻ നമുക്ക് കഴിയും. യഹോവ നമ്മിൽ പ്രസാദിച്ച് അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്ത് കൊണ്ടുചെന്ന് നമുക്ക് അത് തരും." (സംഖ്യ : 13:30:14:8) അവരുടെ ധൈര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും വാക്കുകൾക്ക് മുമ്പിൽ ദൈവീക നന്മ കാണുക ചരിത്രവും വഴിമാറുകയായിരുന്നു. ചില സമയങ്ങളിൽ നാം എടുക്കുന്ന തീരുമാനങ്ങളും, വാക്കുകളും ചരിത്രമായി മാറും എന്നതിന് സംശയമില്ല. ഭയപ്പെടുത്തുന്ന കാര്യങ്ങളെ ചെയ്തു നോക്കൂ നിങ്ങളുടെ മുമ്പിൽ ഭയത്തിന്റെ മരണം ഉറപ്പാണ്. (റാൽഫ് വാൽസോ എംമേഴ്സൺ).

## സെന്റർ കൺവൻഷൻ സമാപിച്ചു

**പത്തനംതിട്ട:** ശാരോൻ ഫെല്ലോഷിപ്പ് ചർച് പത്തനംതിട്ട സെന്റർ കൺവൻഷൻ 2017 ഫെബ്രുവരി 912 വരെ സീതത്തോട് പഞ്ചായത്തു ഗ്രൗണ്ടിൽ വച്ച് നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ വി ജെ തോമസ് ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ സജു ചാത്തന്നൂർ, റെജി മാത്യു, സാജൻ ജോയ്, കെ ജി മാത്യു. തോമസ് യോഹന്നാൻ, സുവി. പി സി തോമസ് തുടങ്ങിയവർ പ്രസംഗിച്ചു . ശാരോൻ സിംഗേഴ്സ് ഗാനങ്ങൾ ആലപിച്ചു .

## റീജിയൻ കൺവൻഷൻ സമാപിച്ചു

പത്തനംതിട്ട:ശാരോൻ ഫെല്ലോഷിപ് ചർച്ച് പുനലൂർപത്തനംതിട്ട റീജിയൻ കൺവൻഷൻ 2017 ജനുവരി 2528 വരെ കോന്നിവകയാർ കൊല്ലൻപടി കൊണ്ടൂർ ഗ്രൗണ്ട് വച്ച് നടന്നു. പാസ്റ്റർ കെ ജി മാത്യു, പാസ്റ്റർ തോമസ് യോഹന്നാൻ, പാസ്റ്റർ വി ജെ തോമസ്, പാസ്റ്റർ സജു ചാത്തന്നൂർ, പാസ്റ്റർ റ്റി ഡി ബാബു, എറണാകുളം പാസ്റ്റർ കെ ജെ മാത്യു,പുനലൂർ  പാസ്റ്റർ എബ്രഹാം ജോസഫ് തുടങ്ങിയവർ പ്രസംഗിച്ചു. ശാലോം വോയിസ് പത്തനായപുരം ഗാനങ്ങൾ ആലപിച്ചു.

# ദൈവസഭയുടെ അടിസ്ഥാന പ്രമാണങ്ങൾ



**പാസ്റ്റർ ഓ. ജെ. മാത്യു**
**8281292249**

*30-ലധികം വർഷങ്ങൾ നോർത്തിൻഡ്യയിൽ ശുശ്രൂഷയിലായിരുന്ന പാസ്റ്റർ ഓ.ജെ. മാത്യുവിന്റെ പുതിയ ഗ്രന്ഥമായ "ദൈവസഭയുടെ അടിസ്ഥാന പ്രമാണങ്ങൾ" എന്നതിൽ നിന്ന് എടുക്കുന്ന പ്രധാന ഭാഗങ്ങളാണ് ഈ പംക്തിയിലുള്ള നവീന ഉപദേശങ്ങൾ സഭയിൽ വ്യാപകമായി പരക്കുന്ന ഈ കാലത്ത് ബൈബിളിലൂടെ സഭയ്ക്കു നൽകിയിരിക്കുന്ന പ്രമാണങ്ങളെ വായനക്കാരിൽ എത്തിക്കുവാൻ ഈ പംക്തി ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.*

## മാനസാന്തരം

യേശു പരസ്യശുശ്രൂഷ ആരംഭിച്ചത്, "സ്വർഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവീൻ" എന്ന ആഹ്വാനത്തോടെയാണ്. (മത്താ.4:17) കാലം തികെഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു വിശേഷത്തിൽ വിശ്വസിപ്പിൻ (മർക്കൊ.1:15). യേശുവിനു വഴിയൊരുക്കാൻ ദൈവത്താൽ അയയ്ക്കപ്പെട്ട യോഹന്നാൻ സ്നാപകനും ഇതേ ആഹ്വാനം നൽകിയതായി വായിക്കുന്നു (മത്താ.3:2).

മാനസാന്തരം എന്നതിന് പുതിയനിയമത്തിന്റെ ഭാഷയായ ഗ്രീക്കിൽ "മെറ്റനോയിയോ" എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന് "മനസ്സിന്റെ പരിവർത്തനം" എന്നാണ് അർത്ഥം. രക്ഷാനുഭവം പ്രാപിക്കാൻ ആഗ്രഹിക്കുന്ന ഏതൊരുവനും മാനസാന്തരപ്പെടണം എന്നതു ദൈവീക കല്പനയാണ്.

**ആർക്കാണ് മാനസാന്തരം ആവശ്യമായിരിക്കുന്നത് ?**

പാപിയായ മനുഷ്യൻ മാനസാന്തരപ്പെടണമെന്നു ദൈവം കല്പിച്ചിരിക്കുന്നു. "അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടണം എന്നു ദൈവം മനുഷ്യരോടു കല്പിക്കുന്നു" (അപ്പൊ.പ്ര.17:30). കല്പനയാകുമ്പോൾ ആർക്കും ഒഴിവാകാനാകില്ല. "നീതിമാൻ ആരുമില്ല ഒരുത്തൻപോലുമില്ല; ഗ്രഹിക്കുന്നവൻ ഇല്ല; ദൈവത്തെ അന്വേഷിക്കുന്നവനും ഇല്ല; എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു; നന്മചെയ്യുന്നവൻ ഇല്ല; ഒരുത്തൻപോലും ഇല്ല; (റോമർ 3:10-12)." "ഏകമനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു " (റോമ.5:12). പഴയനിയമ ഭക്തനായിരുന്ന ഇയ്യോബ് ചോദിച്ചു: "അശുദ്ധനിൽ നിന്നും ജനിച്ച വിശുദ്ധൻ ഉണ്ടോ? ഒരുത്തനും ഇല്ല;" (ഇയ്യോബ് 14:4). ആദാം പാപം ചെയ്തതിനാൽ മാനവകുലം മുഴുവനും അതിന്റെ ശാപത്തിൻ കീഴിലായി.

യഥാർത്ഥ മാസാന്തരത്തിന്റെ നിർവചനം സദൃശവാക്യങ്ങൾ 28:13 ൽ പറഞ്ഞിരിക്കുന്നു. "തന്റെ തെറ്റുകളെ മറെയ്ക്കുന്നവനു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും." പാപക്ഷമയാണ് എല്ലാറ്റിലുപരി മനുഷ്യന് ആവശ്യമായിരിക്കുന്നത്. അതിനായി മതങ്ങൾ അനേകം കർമാചാരങ്ങൾ നിർദേശിക്കുന്നുണ്ട്. അതു ചെയ്ത് ആർക്കെങ്കിലും പാപക്ഷമ ലഭിച്ചതിന്റെ ഉറപ്പ് ലഭിച്ചിട്ടില്ല എന്നതാണ് വാസ്തവം. പാപങ്ങളെ ക്ഷമിക്കാൻ അധികാരമുള്ളവന്റെ അടുക്കലാണ് പാപം ഏറ്റുപറയേണ്ടത്. മനുഷ്യനിൽ നിന്ന് നിയമിക്കപ്പെട്ടിട്ടുള്ള പുരോഹിതന്റെ മുമ്പാകെ നടത്തുന്ന കുമ്പസാരം എന്ന പ്രഹസനം മാനസാന്തരമല്ല. യാതൊരു പുരോഹിതനും തനിക്കു സമനായ മറ്റൊരുവന്റെ പാപം ക്ഷമിക്കാൻ അധികാരം നൽകിയിട്ടില്ല. അതിനു തിരുവചന പ്രമാണമില്ല. പാപങ്ങളെ ക്ഷമിക്കാൻ മനുഷ്യന്റെ പാപങ്ങളുടെ പ്രായശ്ചിത്തമായി പരമാഗമായിത്തീർന്ന യേശുക്രിസ്തുവിനു മാത്രമേ അധികാരമുള്ളു. മരിച്ചവരാരും തന്നെ ജീവിച്ചിരിക്കുന്നവർക്കു വേണ്ടി മധ്യസ്ഥത ചെയ്യുന്നില്ല. തന്നെയുമല്ല മരണാനന്തരം നടത്തുന്ന യാതൊരു കർമങ്ങൾക്കും ആരെയും ഉദ്ധരിക്കാനോ രക്ഷിക്കാനോ ഉപകരിക്കുന്നില്ല. കാരണം, "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27). മരണത്തോടുകൂടി അവന്റെ നിത്യത നിശ്ചയിക്കപ്പെട്ടുക്കഴിഞ്ഞിരിക്കും. ക്രിസ്തുവിൽ മരിച്ചവർ പ്രതിഫലം പ്രാപിക്കേണ്ടതിനായി ക്രിസ്തുവിന്റെ ന്യായാസനത്തിനു മുൻപാകെയും (2 കൊരി.5:10) ശേഷം മരിച്ചവർ എല്ലാവരും അന്ത്യന്യായവിധിക്കായും ഉയിർത്തെഴുന്നേൽക്കും. ഈ ന്യായവിധി വെള്ളസിംഹാസന ന്യായവിധി എന്നു പറഞ്ഞിരിക്കുന്നു (വെളി.20:11-15). വിശ്വാസികൾക്കു പ്രതിഫലം വിഭാഗിക്കുമ്പോൾ സകല ദുഷ്ടന്മാർക്കും ജീവപുസ്തകത്തിൽ പേരെഴുതിക്കാണാത്ത ഏവരും-നിത്യനരകം അഥവാ തീപ്പൊയ്ക അവകാശമായി നൽകും. ഇതിനു രണ്ടാം മരണം എന്ന് വേദപുസ്തകം നാമകാരണം ചെയ്തിരിക്കുന്നു.

എന്തുകൊണ്ട് മാനസാന്തരപ്പെടണം?

'പാപത്തിന്റെ ശമ്പളം മരണമത്രേ' എന്നു വിശുദ്ധ ബൈബിൾ അസന്നിഗ്ദമായി പ്രഖ്യാപിച്ചിരിക്കുന്നു. എന്നാൽ, ആശാ കിരണം എന്ന നിലയിൽ, "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ എന്നു റോമ.6:23-ൽ പറഞ്ഞിരിക്കുന്നു. ഈ നിത്യജീവൻ പ്രാപിക്കാൻ വർഗ, വർണ്ണ ഭാഷാ വ്യത്യാസമില്ലാതെ എല്ലാവരും മാനസാന്തരപ്പെട്ട്, പാപങ്ങളെ ഏറ്റുപറഞ്ഞുപേക്ഷിക്കണം, യഥാർത്ഥ മാനസാന്തരത്തിൽ നാലു ഘടകം ണ്ടായിരിക്കും.

1. ഒരുവൻ സ്വയം പാപിയാണെന്ന് അംഗീകരിക്കുക (Acknowledging the sin)

2. രഹസ്യപാപം എങ്കിൽ ദൈവമുമ്പാകെയും പരസ്യമായ പാപമെങ്കിൽ പരസ്യമായും ഏറ്റു പറയുക (Confessing the sin)

3. പാപത്തിന്റെ സാഹചര്യങ്ങളോടു വിടപറയുക (Leaving the sinful situation)

4. പാപക്ഷമയ്ക്കായി ദൈവസന്നിധിയിലേക്കു തിരിയുക (Turning to God for the remision of the sin)

ഈ നാലു ഘടകങ്ങളും ചേർന്നു വരുമ്പോഴാണ് ഒരുവനിൽ യഥാർത്ഥ മാനസാന്തരം ഉളവാകുന്നത്.

**യഥാർത്ഥ മാനസാന്തരം**

വിശുദ്ധ ലൂക്കൊസ് 15:11-32 വരെ വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന ധൂർത്തപുത്രനെക്കുറിച്ചുള്ള കഥ മാനസാന്തരത്തിന്റെ അർത്ഥതലങ്ങൾ വ്യക്തമാക്കുന്നതാണ്. ഈ മകൻ അപ്പനിൽ നിന്ന് നിർബന്ധമായി വാങ്ങിയ വസ്തുവക വിറ്റുകിട്ടിയ പണം പരദേശത്തുപോയി കൂട്ടുകാരുമായി ചേർന്ന് ചെലവഴിച്ചു. എല്ലാം നഷ്ടപ്പെട്ടവനായി തീർന്നപ്പോൾ കൂട്ടുകാർ തന്നെ വിട്ടു പോകുന്നു. അവസാനം വീണ്ടുവിചാരമുള്ളവനായി അപ്പന്റെ ഭവനത്തിൽ തിരിച്ചെത്തിയ താൻ ചെയ്തുപോയ തെറ്റുകൾ യാതൊരു സങ്കോചവും കൂടാതെ ഏറ്റുപറയുന്നു. ദയാപൂർണ്ണനും അനുകമ്പ ഉള്ളവനായ അപ്പൻ മകന്റെ മടങ്ങിവരവിൽ ആനന്ദിച്ച് ഭവനത്തിൽ സ്വീകരിക്കുന്നത് എത്ര നന്നായിട്ടാണ് പരിശുദ്ധാത്മാവ് ചിത്രീകരിച്ചിരിക്കുന്നത്.

യിസ്രയേൽ രാജാവായിരുന്ന ദാവീദ് ഒരു ദുർബല നിമിഷത്തിൽ ഊരിയാവിന്റെ ഭാര്യയായിരുന്ന ബേർശേബയിൽ അനുരക്തനായി അവളുമായി അവിഹിത ബന്ധത്തിൽ ഏർപ്പെടുകയും അവളെ സ്വന്തമാക്കുന്നതിനായി നിർദോഷിയായിരുന്ന ഊരിയാവിനെ കൊല്ലിക്കുകയും ചെയ്തിരുന്നു. (2 ശമു.11:2-27) ദാവീദ് ചെയ്ത ഈ അപരാധം ദൈവം പൊറുക്കുന്നതിലും അപ്പുറമായിരുന്നു. അവന്റെ പാപത്തെ അവനെ ബോധ്യപ്പെടുത്തേണ്ടതിന് യഹോവയായ ദൈവം പ്രവാചകനായ നാഥാനെ അവന്റെ അടുക്കൽ അയച്ചു. അദ്ദേഹത്തിലൂടെ ദൈവം അവനോടു സംസാരിച്ചതിൽ ദാവീദ് പശ്ചാത്തപിച്ച് ദൈവസന്നിധിയിൽ പാപങ്ങളെ ഏറ്റുപറഞ്ഞ് പാപക്ഷമയ്ക്കായി പ്രാർത്ഥിച്ചത് 51-ാം സങ്കീർത്തനമായി വേദപുസ്തകത്തിൽ കാണുന്നു. പാപങ്ങളുടെ മോചനത്തിനായി പ്രായശ്ചിത്ത യാഗങ്ങളുടെ വ്യവസ്ഥിതി നിലവിലുണ്ടായിരുന്ന കാലഘട്ടത്തിലാണു ദാവീദ് ഈ അനുതാപപ്രാർഥന നടത്തിയത് എന്ന് നാം ഓർക്കണം. അവന്റെ പ്രാർഥന ദൈവം അംഗീകരിച്ച് പാപം ക്ഷമിച്ചതായി 32-ാം സങ്കീർത്തനത്തിൽ ദാവീദ് പറഞ്ഞിരിക്കുന്നു. "ഞാൻ എന്റെ പാപം നിന്നോട് അറിയിച്ചു; എന്റെ അകൃത്യം മറച്ചതുമില്ല. എന്റെ ലംഘനങ്ങളെ യഹോവയോട് ഏറ്റുപറയും എന്നു ഞാൻ പറഞ്ഞു. അപ്പോൾ നീ എന്റെ പാപത്തിന്റെ കുറ്റം ക്ഷമിച്ചുതന്നു." (വാക്യം.5)

**(തുടരും)**

# നേരിടുക ഭയത്തെ; തിരുത്തുക ചരിത്രത്തെ



**കെ.കെ. സജി**

**ലോ**കത്തിൽ ഏറ്റവും അധികം ആളുകൾ അനുഭവിക്കുന്ന മാനസിക വികാരം ഏതാണെന്ന് ചോദിച്ചാൽ ഒരുപക്ഷേ അതിനുത്തരം ഭയം എന്നതായിരിക്കും. മനുഷ്യർ അഭിമുഖീകരിക്കുന്ന ഭയത്തെ പ്രധാനായും രണ്ടായി തിരിക്കാം. (1) സ്വാഭാവിക ഭയം (2) യുക്തിക്ക് നിരക്കാത്തതും അടിസ്ഥാനമില്ലാത്തതുമായ ഭയം. ഇവയിൽ രണ്ടാം ഗണത്തിൽപ്പെടുന്ന ഭയത്തെ ഫോബിയ എന്നാണ് മന:ശാസ്ത്രജ്ഞർ വിളിക്കുന്നത്. ഫോബിയ ഓരോ മനുഷ്യരിലും പ്രവേശിക്കുന്നത് ഓരോരോ കാരണം കൊണ്ടാണ്. അമ്പരപ്പ്, പരിഭ്രാന്തി, അരക്ഷിതാവസ്ഥ തുടങ്ങിയവയിൽ നിന്ന് രൂപം കൊള്ളുന്ന ഭയം മനുഷ്യനിൽ പ്രവേശിക്കാനുള്ള സാഹചര്യത്തെക്കുറിച്ച് ബൈബിൾ ഇപ്രകാരം പ്രസ്താവിക്കുന്നു. യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു. നീ എവിടെ എന്നു ചോദിച്ചു. നിന്റെ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ട് ഭയന്ന് ഒളിച്ചു എന്ന് അവൻ പറഞ്ഞു. (ഉല്പത്തി : 3: 9 -10). പാപം ചെയ്തു ദൈവതേജസ് നഷ്ടപ്പെട്ട മനുഷ്യനിൽ ആദ്യമായിട്ട് ഉണ്ടായ വികാര പ്രകടനം ഒരുപക്ഷേ ഭയം ആയിരുന്നിരിക്കും. ദൈവം തങ്ങളുടെ സൃഷ്ടിതാവ് എന്ന പരഗണനയിൽ ഭയഭക്തി ബഹുമാനം പ്രകടിപ്പിക്കേണ്ടതായ സ്ഥാനത്ത് ദൈവത്തെ അഭിമുഖീകരിക്കുവാൻ കഴിയാതെ അമിതമായ ഭയമായിരുന്നു ആദ്യമനുഷ്യനെ അലട്ടിയത്. അതിന്റെ പരിണിത ഫലമായിരുന്നു ദൈവത്തിൽ നിന്നുള്ള ഒളിച്ചോട്ടം.

ദൈവത്തെ ഭയന്ന് ഓടിയൊളിക്കാൻ ശ്രമിച്ച മനുഷ്യൻ പിന്നീട് ശ്രമിച്ചത് സ്വന്തം സഹോദരങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നു. കയിൻ സ്വന്ത സഹോദരനായ ഹാബേലിനെ കൊല്ലുകയും അതിൽ നിന്നുള്ള ഭയം ദേശം വിട്ട് പോകുവാൻ നിർബന്ധിതനായി. അമർഷവും ഭയം നിറഞ്ഞ് ഓടിയൊളിക്കുമ്പോഴും കയിൻ പറയുന്ന വാക്കകൾ ഇപ്രകാരമായിരുന്നു. ഇതാ നീ (ദൈവം) ഇന്ന് എന്നെ ആട്ടിക്കളയുന്നു. ഞാൻ തിരുസന്നിധിവിട്ട് ഒളിച്ച് ഭൂമിയിൽ ഉഴന്നലയുന്നവൻ ആകും. ആരെങ്കിലും എന്നെ കണ്ടാൽ തന്നെ കൊല്ലും എന്നു പറഞ്ഞു. (ഉൽപത്തി :4:14). ഇന്നുവരെയുള്ള മനുഷ്യ ചരിത്രത്തിൽ കടിച്ചുകീറുവാൻ വരുന്ന മൃഗത്തെക്കാൾ മനുഷ്യൻ ഭയപ്പെടുന്നത് ദൈവസൃഷ്ടിയായ മനുഷ്യനെയാണ്. അതുകൊണ്ടുതന്നെയാണല്ലോ സ്വന്തസഹോദരനായ ഏശാവിനെ ഭയന്ന് യാക്കോബ് ഓടിയൊളിച്ചത്. (ഉൽപത്തി :27:40-45) പ്രവാചകനായ ഏലിയാവ് ചൂര ചെടിയുടെ തണലിൽ ഓടിയൊളിച്ച് മരിക്കാൻ ആഗ്രഹിച്ചതും ഇസബേലിനെ ഭയന്നായിരുന്നു. (രാജാക്കന്മാർ :19:1-4) അമ്മായിപ്പനായ ശൗലിനെയും സ്വന്തമകനായ അബ്ശലേമിനെയും ഭയന്നതുകൊണ്ടാണല്ലോ ദാവീദ് ഗുഹകളിൽ നിന്നും ഗുഹകളിലേയ്ക്ക് ഓടിയൊളിക്കേണ്ടി വന്നത്. (സങ്കീ. 3, സങ്കീ 54) മനുഷ്യനിൽ നിന്ന് മനുഷ്യത്വം നഷ്ടപ്പെടുകയും മൃഗീയ വാസന ഉടലെടുക്കുകയും ചെയ്യുമ്പോഴാണ് ഓരോ മനുഷ്യന്റെ നോട്ടവും, ഭാവവും, സംസാരവും, സ്പർശം പോലും മറ്റുള്ളവർ ഭയപ്പെടുന്നത്.

മനുഷ്യനിൽ കയറിക്കൂടിയ ഭയത്തിന്റെ (ഫോബിയ) കാരണം പലതാണ്. അനിശ്ചിതത്വം, അപരചിതത്വം, അരക്ഷിതാവസ്ഥ, ഏകാന്തത, നിരാശ തുടങ്ങിയവയെല്ലാം മനുഷ്യനെ ഭയപ്പെടുത്തുന്ന ഘടകങ്ങളാണ്. മനുഷ്യ ജീവിതത്തിൽ വന്നുചേരുന്ന വിവിധങ്ങളായ ഭയങ്ങളെ വ്യത്യസ്തമായ പേരുകളിലാണ് മന:ശാസ്ത്രത്തിൽ അറിയപ്പെടുന്നത്. ഏകാന്തത ഇഷ്ടപ്പെടുന്നവരാണ് നമ്മളിൽ പലരും. അതുപോലെ അത് ഇഷ്ടപ്പെടാത്തവരുമുണ്ട്. എന്നാൽ സ്വന്തവീട്ടിൽപോലും പകലിലോ, രാത്രിയിലോ തനിച്ചിരിക്കുവാൻ ഭയപ്പെടുന്നവരുണ്ട്. ഇത്തരം ഭയങ്ങളെ മോണോഫോബിയ എന്ന പേരിൽ അറിയപ്പെടുന്നു. ചിലർക്കാണെങ്കിൽ ഉച്ചത്തിൽ സംസാരിക്കാനോ സംസാരം കേൾക്കുവാനോ ഭയമാണ്. ഇത്തരത്തിലുള്ള ഭയങ്ങളെ ഫോണോഫോബിയ എന്നുവിളിക്കുന്നു. ഇനിയുമുണ്ട് വേറെ ചില ഭയങ്ങൾ. ചെറിയ വേദനപോലും സഹിക്കുവാനുള്ള ഭയം (ആൽഗോഫോബിയ), സ്വന്തം വാഹനം ഓടിക്കുവാനോ ഡ്രൈവിങ്ങ് പഠിക്കുവാനോ ഉള്ള ഭയം(അമക്സോ ഫോബിയ) ഇങ്ങനെ മനുഷ്യൻ അഭിമുഖീകരിക്കുന്ന ഭയങ്ങൾ ഒരു നീണ്ട നിര തന്നെയുണ്ട്.



ഓരോ വ്യക്തിയുടെയും നിത്യജീവിതത്തിൽ പ്രത്യേകിച്ച് പഠനം, ജോലി തുടങ്ങിയ മേഖലകളിൽ വളർച്ചയ്ക്കെതിരെ ഉയരുന്ന വെല്ലുവിളികൾ ഏറെയാണ്. അത്തരം കാര്യങ്ങൾ പലരിലും ഭയം ജനിപ്പിക്കുന്നതുമാണ്. അങ്ങനെ ജീവിത വിജയത്തിന് വഴിമുടക്കികളായി നിൽക്കുന്ന ചില ഭയങ്ങളുണ്ട്. അവയെ മൂന്നായി തിരിക്കാം.

**(1) നേരിയ ഭയം :** ഏതുതരം സദസിലാണെങ്കിലും പലരും അഭിമുഖീകരിക്കുന്ന ഒന്നാണ് സഭാകമ്പം. അതിൽ നിന്ന് ഉളവാകുന്നതാണ് നേരിയ ഭയം. പ്രസംഗിക്കുക, പാടുക, സെമിനാർ അവതരിപ്പിക്കുക, ക്ലാസ് എടുക്കുക എന്നിങ്ങനെയുള്ള അവസരങ്ങളിലാണ് ഇത്തരം ഭയങ്ങൾ അനുഭവപ്പെടുന്നത്.

**(2) കടുത്ത ഭയം :** മരണഭീതി, ശാരീരികമായി

**(ശേഷം പേജ് 3)**

കൗൺസിലിംഗ്



പാസ്റ്റർ ജോസഫ്
ഇടക്കാട്ടിൽ നിലമ്പൂർ
9400079490



# പ്രണയബന്ധങ്ങളുടെ കാണാപ്പുറങ്ങൾ

കപടപ്രണയമെന്ന അഗ്നിജ്വാലയിൽ വീണ് വെന്തെരിയുന്ന പെൺകുട്ടികളുടെ ജീവിതത്തെ ഇയ്യാംപാറ്റകളുടെ ജീവിതാന്ത്യവുമായി താരതമ്യം ചെയ്യാവുന്നതാണ്. പ്രണയത്തിന്റെ മോഹവലയത്തിലേക്ക് ആകർഷിക്കപ്പെട്ട് പാഞ്ഞടുക്കുന്ന കുട്ടികൾ ധരിച്ചിരിക്കുന്നത് ഇത് വളരെ മനോഹരവും മധുരവുമാണെന്നാണ്. അഗ്നിയിൽ വീഴുന്ന ഈയ്യാംപാറ്റകൾ ഒരു നിമിഷം അതിൽ നിന്ന് കരകയറുവാൻ ആഗ്രഹിക്കും. എന്നാൽ അതിന് കഴിയുന്നതിന് മുമ്പ് തന്നെ അവയുടെ ചിറകുകൾ കരിഞ്ഞ് വീണിരിക്കും. ക്രമേണ അവരുടെ ശരീരവും അഗ്നിയിൽ വെന്തുരുകുന്നു. അഗ്നിയിൽ വന്ന് വീഴുന്ന ഈ പ്രാണികൾക്ക് ഒഴികെ മറ്റെല്ലാവർക്കുമറിയാവുന്ന സത്യമാണ് ഇതിൽ വീണാൽ വെന്തുപോകുമെന്ന്. അത്പോലെ പ്രണയബന്ധങ്ങൾ അതിരുകടന്നാൽ ആ അഗ്നിയിൽ വീണാൽ വെന്തുപോകുമെന്ന് ഈ മോഹവലയിൽ കുടുങ്ങിപ്പോകാത്ത ഏത് മനുഷ്യർക്കും അറിവുള്ള കാര്യമാണ്.

കപടപ്രണയത്തിന്റെ വലയിൽ കുടുങ്ങിയിട്ടുള്ള സകല പെൺകുട്ടികളും വിശ്വസിക്കുന്നത് അവരുടെ പ്രണയം വളരെ ആത്മാർത്ഥമായിട്ടാണെന്നാണ്. ഒരു പ്രണയക്കേസിൽ നൂറുശതമാനവും ചതിയാണെന്ന് എനിക്ക് ബോധ്യപ്പെട്ടകാര്യത്തിൽ പോലും പെൺകുട്ടി പറഞ്ഞതിങ്ങനെയാണ്. 'ഞങ്ങളുടെ പ്രണയം വളരെ ആത്മാർത്ഥമാണ്, അതുകൊണ്ടാണല്ലോ മദ്യപാനം നിർത്താമെന്ന് അയാൾ വാക്കു തന്നിട്ടുള്ളത്.' ഇവരെ വലയിലാക്കി ചതിക്കുന്ന ചെറുപ്പക്കാരുടെ നമ്പറുകളൊന്നും തിരിച്ചറിയാൻ കഴിയാത്ത ഈ പാവം പെൺകുട്ടികളുടെ പ്രതികരണം കേട്ടാലറിയാം ഇവൾ എത്രമാത്രം കബളിക്കപ്പെട്ടു കഴിഞ്ഞുവെന്ന്. കേവലം ഇരുപത്തി ഒന്നാമത്തെ വയസ്സിൽത്തന്നെ മദ്യപാനി ആയി മാറിയ, അന്യമതത്തിൽപ്പെട്ട ഈ ചെറുപ്പക്കാരൻ മേൽപ്പറഞ്ഞ പ്ലസ് വൺ കാരിയുടെ ജീവിതം കുട്ടിച്ചോറാക്കുമെന്ന് അവൾക്കൊഴികെ ലോകത്തിലെല്ലാവർക്കുമറിയാം.

മതമോ, ജാതിയോ, കുടുംബസ്ഥിതിയോ മാതാപിതാക്കൾക്കുണ്ടാകുന്ന അപമാനമോ, ഒന്നും ഗണ്യമാക്കാതെ പ്രേമിച്ചുപോയി എന്നു പറഞ്ഞ് പെൺകുട്ടികൾ ചിലരുടെ കൂടെ ഇറങ്ങിപ്പോകുന്നതിന്റെ രഹസ്യമെന്താണ്? പലരും പലകാരണങ്ങൾ പറയുന്നത് കേട്ടിട്ടുണ്ട്. ഇത്തരം ബന്ധങ്ങൾക്ക് പിന്നിൽ 'ലൗ ജിഹാദാണ്' എന്ന് വിശ്വസിക്കുകയും എഴുതുകയും ഒക്കെ ചെയ്യുന്നവരെ കണ്ടിട്ടുണ്ട്. അതായത് അവരുടെ മതത്തിൽ ആളെ ചേർക്കുന്നതിന് വേണ്ടി മറ്റ് പെൺകുട്ടികളെ വലവീശിപ്പിടിച്ച് പ്രേമകുരുക്കിൽ വീഴ്ത്തി വിവാഹം ചെയ്തുകൊണ്ടു പോകുന്നുവെന്ന് വിശ്വസിക്കുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ലൗജിഹാദ് എന്ന സംഘടനയെക്കുറിച്ച് മാസികകളിൽ എഴുതി പ്രതികരിക്കണമെന്ന് ചിലരൊക്കെ എന്നെ വിളിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്. എല്ലാവരുടെയും ശ്രദ്ധക്കായി ഒരുകാര്യം അറിയിക്കട്ടെ. സെകുലർ മേഖലയിലും ആത്മീയരംഗത്തും കഴിഞ്ഞ ദീർഘവർഷങ്ങളിൽ യുവാക്കളുടെ ഇടയിൽ പ്രവർത്തിച്ചു വരുന്ന എനിക്ക് തീർത്തു പറയാൻ കഴിയുന്ന കാര്യമിതാണ്. ലൗജിഹാദ് എന്ന പേരിൽ സംഘടന ഉണ്ടാകുകയോ മതപരിവർത്തനത്തിനായി പ്രേമിക്കുകയോ ചെയ്യുന്നത് കേവലം ഒരു സാങ്കൽപ്പിക സംഭവമാണ്.

അന്യമതത്തിൽപ്പെട്ടവരുമായി പ്രേമവും, ഒളിച്ചോട്ടവും വിവാഹവും പിന്നെ വേർപിരിയാലുമൊക്കെ സാധാരണ സംഭവമാണ്. ഇതിനെ മതപരിവർത്തനവുമായി ബന്ധിപ്പിക്കേണ്ട കാരണമില്ലെന്ന് പറയുന്നത് മലപ്പുറം ജില്ലക്കാരനായ എന്റെ പക്കൽ അതിനുള്ള തെളിവുള്ളതുകൊണ്ടാണ്. അക്കാര്യങ്ങളെല്ലാം പത്രമാസികളിൽകൂടി തെളിയിക്കുവാൻ കഴിയാത്തതുകൊണ്ട് കൗൺസലിങ്ങ് ക്ലാസുകളിൽ വിശദീകരണം നൽകുന്നതാണ്. ഒരു സൂചന മാത്രം താഴെ കൊടുക്കുന്നു.

മതത്തിൽ ആളെ ചേർക്കാൻ വേണ്ടിയാണ് പെൺകുട്ടികളെ പ്രേമിച്ച് വിവാഹം ചെയ്തുകൊണ്ട് പോകുന്നതെങ്കിൽ വിവാഹശേഷം അവരെ കൂടുതൽ സ്നേഹിച്ച് സംരക്ഷിച്ച് പോറ്റിപുലർത്തണമല്ലോ. എന്നാൽ സത്യത്തിൽ സംഭവിക്കുന്നതെന്താണ്? പ്രേമവിവാഹത്തിനു ശേഷം ചെറുക്കന്റെ കുടുംബത്തിൽ എത്തപ്പെടുന്ന പെണ്ണിന് ഒരു വേലക്കാരിയുടെ സ്ഥാനം പോലും ലഭിക്കുന്നില്ല. സമ്പത്തും സൗന്ദര്യവുമില്ലാതെ വലിഞ്ഞുകേറി വന്ന ഈ പെണ്ണിനെ വീട്ടുകാരും ചിലപ്പോൾ സ്വപ്നനായകനും കൂടി ശാരീരികമായും മാനസികമായും കടുത്ത പീഡനത്തിനിരയാക്കുന്നു. ഇവളെ എങ്ങനെയും പുകച്ച് പുറത്തു ചാടിക്കുവാനുള്ള എല്ലാ മാർഗ്ഗങ്ങളും വീട്ടുകാർ പയറ്റും. ഈ ചെറുക്കന്മാർ വിവാഹം കഴിക്കുന്നത് നിയമ നടപടികളിൽ നിന്ന് നേടാൻ വേണ്ടികൂടിയാണ്. അതായത് ചെറുക്കന്മാർ വിവാഹത്തിന് തയ്യാറായില്ലെങ്കിൽ വഞ്ചിക്കപ്പെട്ട പെൺകുട്ടികൾ പീഡനക്കേസ് കൊടുക്കാൻ സാദ്ധ്യതയുണ്ടല്ലോ. അതുകൊണ്ട് കപടപ്രണയക്കാരൻ വിവാഹം ചെയ്യുന്നത് പെൺകുട്ടികൾക്ക് ശോഭനഭാവി കൊടുക്കാനല്ല പ്രത്യുത ക്രൂരമായ പീഡനത്തിലൂടെ അവരുടെ ശല്യം എന്നേക്കുമായി ഒഴിവാക്കാനാണ്.

വീട്ടുകാർക്ക് അപമാനമുണ്ടാക്കി അന്യമതക്കാരന്റെ കൂടെ ഒളിച്ചോടുന്ന പെൺകുട്ടിയെ അവളുടെ വീട്ടുകാർ ഒരു ദുഃസ്വപ്നം പോലെ മറന്നുകളയുന്നു. പെൺകുട്ടിയുടെ വീട്ടുകാർ അന്വേഷിച്ച് വരില്ലായെന്ന് ഉറപ്പുള്ളതുകൊണ്ടാണ് പുരുഷന്മാർ ഇവരെ ജോലിക്കെന്നും മറ്റും പറഞ്ഞ് ബാംഗ്ലൂരിലേക്കും ചെന്നൈക്കുമൊക്കെ കടത്തുന്നത്. അതിനുശേഷം ഈ പെൺകുട്ടികൾക്കെന്തു സംഭവിക്കുന്നു എന്ന് ദൈവത്തിനുമാത്രമെ അറിയുകയുള്ളൂ. ചെറുക്കന്മാരുടെ മതത്തിൽ ആളെ ക്കൂട്ടാനാണ് പെൺകുട്ടികളെ പ്രേമിച്ച് കല്യാണം കഴിക്കുന്നതെങ്കിൽ ഭർത്തൃവീട്ടുകാർ ഇവരെ നിധിപോലെ സൂക്ഷിക്കുകയും സന്തോഷകരമായ ജീവിതം ഇവർക്ക് ലഭിക്കുകയും ചെയ്യുമായിരുന്നു.

പിന്നെ ഇത്തരം പ്രേമബന്ധങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്ന പ്രചോദനമെന്താണ്? ഇത്തരം പ്രണയ ബന്ധങ്ങളുടെ കാര്യകാരണങ്ങളും അതിന്റെ പിന്നാമ്പുറ രഹസ്യവും അല്പം തുറന്ന് തന്നെ ഇവിടെ കുറിക്കട്ടെ. കൗമാര കാലഘട്ടത്തിൽ സ്ത്രീപുരുഷന്മാർ പരസ്പരം ആകർഷിക്കപ്പെട്ടുന്നത് രണ്ട് കൂട്ടരിലും സ്നേഹം വർദ്ധിക്കുന്നതുകൊണ്ടല്ല. മറിച്ച് വംശവർദ്ധനത്തിന് വേണ്ടി പ്രകൃതി ഒരുക്കിയ ചില സംവിധാനങ്ങളുടെ ഫലമായിട്ടാണ് ഇത്തരം ബന്ധങ്ങൾ ഉടലെടുക്കുന്നത്. അവിഹിത പ്രണയബന്ധങ്ങളിൽ കുടുങ്ങിപ്പോകുന്ന സ്ത്രീക്ക് മനസ്സിലാകാത്ത ഒരു പുരുഷമനശാസ്ത്രമുണ്ട്. അത് പുരുഷൻ സ്ത്രീയെ പ്രണയിക്കുന്നത് അവളുടെ സ്നേഹം തിരിച്ചുകിട്ടാനല്ല, പ്രധാനമായും സെകസിനു വേണ്ടിയാണ്. എന്നാൽ സ്ത്രി പ്രണയിക്കുന്നത് പ്രധാനമായും സ്നേഹത്തിനു വേണ്ടിയും, സുരക്ഷിതത്വത്തിനുവേണ്ടിയുമാണ്. കൗമാരക്കാരായ പെൺകുട്ടികളെ വളച്ച് വലയിലാക്കി കഴിഞ്ഞാൽ പിന്നെ പുരുഷന്മാരുടെ ശ്രമം ശാരീരികമായി മുതലെടുക്കുക എന്നതായിരിക്കും. ഇതിനായി പുരുഷൻമാർ ആത്മാർത്ഥമായ കടുത്തപ്രമണയമുള്ളതായി ഭാവിക്കും. പെൺകുട്ടികളെ വശപ്പെടുത്താൻവേണ്ടി ആത്മഹത്യാഭീഷണി മുഴക്കാനും ഇവർ തയ്യാറാകും. പണം വല്ലാതെ ചെലവിടും, ലഹരിപദാർത്ഥങ്ങൾ കഴിച്ച് നിരാശയുള്ളതായി ഭാവിക്കും. ഇതിലേതെങ്കിമൊരു നമ്പരിൽ പെൺകുട്ടി വീഴുന്നതോടുകൂടി അവളുടെ ജീവിതം താറുമാറാകുന്നു.

വിദൂരസ്ഥലങ്ങളിൽ സംഘർഷം നിറഞ്ഞ സാഹചര്യങ്ങളിൽ പഠിക്കുകയോ ജോലി എടുക്കുകയോ ചെയ്യുന്ന പെൺകുട്ടികളെ വളച്ചെടുക്കുന്നതിൽ ചിലർക്ക് പ്രത്യേക വിരുതുണ്ട്. അന്യദേശത്ത് പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന പെൺകുട്ടിക്ക് ഈ കോഴ്സ് തനിക്ക് പൂർത്തിയാക്കാൻ പറ്റില്ലായെന്നും അസൈൻമെന്റുകൾ സ്വയം തയ്യാറാക്കാൻ കഴിയുകയില്ലെന്നുമൊക്കെ ചിലപ്പോൾ ചിന്തിച്ചേക്കാം. ഇങ്ങനെയുള്ള സന്ദർഭത്തിൽ സഹായകനും സംരക്ഷകനുമൊക്കെയായി പ്രത്യക്ഷപ്പെടുന്ന യുവാവിനെ പെൺകുട്ടി ഒരു സഹോദരനെപ്പോലെ കരുതി സ്നേഹിക്കും. കൂടുതൽ അടുത്തുകഴിഞ്ഞ് തന്റെ തനിസ്വഭാവം യുവാവ് പുറത്തെടുക്കുമ്പോൾ പെൺകുട്ടിക്ക് പിന്നെ ഒഴിഞ്ഞുമാറാൻ കഴിയില്ല. സൽസ്വഭാവിയും, ആദർശധീരനും, സുമുഖനുമായ യുവാവ് വിടാതെ പിൻ തുടരുന്നതിന്റെ രഹസ്യം സെക്സാണെന്ന് തിരിച്ചറിയാത്ത പെൺകുട്ടികൾ അതിൽ വീണുപോകുന്നു.

ആദ്യകാഴ്ചയിൽ തന്നെ പ്രണയം തോന്നി എന്നൊക്കെ പറയുന്നത് കേവലം ലൈംഗികാർഷണം മാത്രമാണ് എന്ന കാര്യം പെൺകുട്ടികൾക്ക് അറിയില്ല. സെക്സിനു വേണ്ടിയാണ് തങ്ങൾ പെൺകുട്ടികളെ പ്രേമിക്കുന്നത് എന്ന വസ്തുത പുരുഷന്മാരും അംഗീകരിച്ച് കൊടുക്കില്ല. എല്ലാ യുവാക്കന്മാരും ഇങ്ങനെയായിരിക്കില്ല. ചിലരെങ്കിലും ആത്മാർത്ഥമായിട്ടായിരിക്കും പ്രേമിക്കുന്നത് എന്ന് വിശ്വസിക്കുന്ന പെൺകുട്ടികൾ അപകടത്തിൽ ചാടുമെന്ന കാര്യം ഉറപ്പാണ്. അടിസ്ഥാനപരമായി എല്ലാ പുരുഷന്മാർക്കും സെക്സിനെ സംബന്ധിക്കുന്ന കാഴ്ചപ്പാട് ഒന്നു തന്നെയാണ്. പുരുഷ ലൈംഗികതയും സ്ത്രീലൈംഗികതയും തമ്മിൽ കരയും കടലും പോലെ ഒരു അടിസ്ഥാന വ്യത്യാസമുണ്ട്. കപട പ്രണയത്തിൽ പെൺകുട്ടികൾ കുടുങ്ങിപ്പോകുന്നതിന്റെ യഥാർത്ഥ രസതന്ത്രം മേൽപ്പറഞ്ഞതാണ്.

പ്രേമബന്ധങ്ങളുടെ അടിസ്ഥാന കാരണം സെക്സാണെങ്കിലും ഇത്തരം ബന്ധങ്ങൾ രൂപം കൊള്ളുന്നതിന് മറ്റ് ചില കാരണങ്ങൾ കൂടിയുണ്ട്. സോഷ്യൽ ഫോബിയ, അമിതകോപം തുടങ്ങിയ ലഘുമാനസീക പ്രശ്നങ്ങൾ ഉള്ള യുവാക്കന്മാർ പലപ്പോഴും ഒരു പ്രേമഭാജനത്തെ സ്വന്തമാക്കികൊണ്ട് തങ്ങളുടെ കഴിവ് തെളിയിക്കുവാൻ ശ്രമിക്കാറുണ്ട്. പലപ്പോഴും വിവാഹശേഷമായിരിക്കും ഇവർക്ക് ശരിയായ സാമൂഹ്യജീവിതം നയിക്കുവാൻ കഴിയില്ലായെന്ന കാര്യം പെൺകുട്ടി തിരിച്ചറിയുന്നത്.

ഇത്തരം പ്രേമബന്ധങ്ങളിൽ പുരുഷന്മാരെ മാത്രം കുറ്റപ്പെടുത്തുന്നത് ശരിയല്ല, പെൺകുട്ടികൾക്കും ഇക്കാര്യത്തിൽ പങ്കുണ്ട് എന്ന് വാദിക്കുന്നവർ ഉണ്ട്. അത്യപൂർവ്വമായി മാത്രമെ പെൺകുട്ടികൾ പ്രേമബന്ധങ്ങൾക്ക് മുൻകൈ എടുക്കുകയുള്ളൂ. ഇതുതന്നെ മദ്യപാനം, കുടുംബത്തകർച്ച തുടങ്ങിയ കാരണങ്ങളാൽ കുടുംബത്തിൽ സമാധാനവും സുരക്ഷിതത്വവും ഇഷ്ടപ്പെട്ട പെൺകുട്ടികൾ ആണ് ഇക്കാര്യത്തിൽ മുന്നോട്ടുവരുന്നത്. വടക്കേ മലബാറിലെ ഒരു ഏഴാം ക്ലാസുകാരി പെൺകുട്ടി തനിക്ക് ഒരു പ്രേമബന്ധമുണ്ടെന്ന് വെളിപ്പെടുത്തി സ്വയം കൗൺസലിങ്ങിന് വന്ന സംഭവം ഓർക്കുന്നു. സ്വയം വെളിപ്പെടുത്തി മുന്നോട്ടു വന്നതിൽ അപാകത തോന്നി കൂടുതൽ അന്വേഷിച്ചപ്പോഴാണ് അറിയുന്നത് വീട്ടിലെ സംഘർഷനിർഭരമായ അന്തരീക്ഷത്തിൽ നിന്ന് രക്ഷനേടുന്നതിനായി പെൺകുട്ടി മെനഞ്ഞുണ്ടാക്കിയ സങ്കല്പമായിരുന്നു ആ പ്രേമം. എന്നാൽ ഇത്തരം അരക്ഷിതാവസ്ഥയിൽ കഴിയുന്ന പെൺകുട്ടികൾ സാമൂഹ്യ വിരുദ്ധരുടെ കൈവശം എത്തിച്ചേരാനുള്ള സാധ്യത വളരെ കൂടുതലാണ്.

അബദ്ധത്തിൽ പ്രണയാഗ്നിയിൽ വീണ് ജീവിതം കരിഞ്ഞു തീരുന്നതിനുമുമ്പ് ഈ ഇയ്യാംപാറ്റകളെ രക്ഷിച്ചെടുക്കുവാൻ നമുക്ക് എന്ത് ചെയ്യാൻ പറ്റുമെന്ന് അടുത്ത ലക്കത്തിൽ ചിന്തിക്കാം.

ഒരു പ്രണയക്കേസിൽ നൂറുശതമാനവും ചതിയാണെന്ന് എനിക്ക് ബോധ്യപ്പെട്ടകാര്യത്തിൽ പോലും പെൺകുട്ടി പറഞ്ഞതിങ്ങനെയാണ്. 'ഞങ്ങളുടെ പ്രണയം വളരെ ആത്മാർത്ഥമാണ്, അതുകൊണ്ടാണല്ലോ മദ്യപാനം നിർത്താമെന്ന് അയാൾ വാക്കു തന്നിട്ടുള്ളത്.' ഇവരെ വലയിലാക്കി ചതിക്കുന്ന ചെറുപ്പക്കാരുടെ നമ്പറുകളൊന്നും തിരിച്ചറിയാൻ കഴിയാത്ത ഈ പാവം പെൺകുട്ടികളുടെ പ്രതികരണം കേട്ടാലറിയാം ഇവൾ എത്രമാത്രം കബളിക്കപ്പെട്ടു കഴിഞ്ഞുവെന്ന്. കേവലം ഇരുപത്തി ഒന്നാമത്തെ വയസ്സിൽത്തന്നെ മദ്യപാനി ആയി മാറിയ, അന്യമതത്തിൽപ്പെട്ട ഈ ചെറുപ്പക്കാരൻ മേൽപ്പറഞ്ഞ പ്ലസ് വൺ കാരിയുടെ ജീവിതം കുട്ടിച്ചോറാക്കുമെന്ന് അവൾക്കൊഴികെ ലോകത്തിലെല്ലാവർക്കുമറിയാം.

# ഐ.പി.സി കർണാടക ഗോവ സ്റ്റേറ്റ് കൺവെൻഷൻ സമാപിച്ചു




ഐ.പി.സി.കർണാടക പ്രസിഡന്റ് പാസ്റ്റർ റ്റി.ഡി.തോമസ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുന്നു.

**ബെംഗളൂരു:** ദൈവത്തിന്റെ വിശ്വസ്തതയിൽ ആശ്രയിക്കുന്നവർക്ക് മാത്രമേ യഥാർത്ഥമായ സന്തോഷം ലഭിക്കു എന്ന് ഐ.പി.സി ദേശീയ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ പറഞ്ഞു. ഐ. പി.സി കർണാടക-ഗോവ സ്റ്റേറ്റ് 30-ാമത് വാർഷിക കൺവെൻഷന്റെ സമാപന ദിന സംയുക്ത ആരാധനയിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവവചനത്തിൽ ഏറ്റവും അധികം തെളിവായ് നൽകിയിരിക്കുന്ന ഒരു സത്യം ദൈവത്തിന്റെ വിശ്വസ്തതയാണ്. ആയതിനാൽ ദൈവമക്കൾക്ക് ആശ്രയിക്കുവാനുള്ളതും ദൈവത്തിന്റെ വിശ്വസ്തയാണെന്നും അദ്ദേഹം പറഞ്ഞു. ഐ.പി.സി. ദേശീയ വൈസ് പ്രസിഡന്റ് പാസ്റ്റർ വിൽസൺ ജോസഫ്, പാസ്റ്റർമാരായ ഫിന്നി സാമുവേൽ (യു.എസ്), കെ.എസ്.ജോസഫ്, ഇവാ.സ്റ്റീവ് ഡെനിൽ വർഗീസ് എന്നിവരും സംയുക്ത ആരാധനയിൽ പ്രസംഗിച്ചു. തിരുവത്താഴ ശുശ്രൂഷകൾക്ക് പാസ്റ്റർ റ്റി.ഡി.തോമസ് മുഖ്യനേതൃത്വം നൽകി. പാസ്റ്റർ ഏബ്രഹാം മാത്യു വല്ല്യത്ത്, ജോസ് മാത്യു, ഗായകരായ ബ്ലസൻ മേമന, സോണി സി. ജോർജ് പുന്നവേലി എന്നിവരോടൊപ്പം കൺവെൻഷൻ ക്വയർ വിവിധ പ്രാദേശിക ഭാഷകളിൽ ഗാനങ്ങൾ ആലപിച്ചു. ഫെബ്രുവരി 8 ന് പ്രസിഡന്റ് റ്റി.എ.തോമസ് ഉദ്ഘാടനം ചെയ്ത കൺവെൻഷനിൽ നിർധനതയുവതികളുടെ സമൂഹവിവാഹം, ബൈബിൾ ക്ലാസ്, പൊതുയോഗം, സഹോദരി സമാജ സമ്മേളനം, കർണാടക ഐ.പി.സി.ബൈബിൾ കോളേജ് സിൽവർ ജൂബിലി സമ്മേളനവും 26 വിദ്യാർത്ഥികൾക്കുള്ള ബിരുദാനവും പ്രിൻസിപ്പാൾ പാസ്റ്റർ സാം ജോർജ് നിർവഹിച്ചു. രജിസ്ട്രാർ പാസ്റ്റർ ജോൺ മാത്യു അദ്ധ്യക്ഷനായിരുന്നു. കൺവെൻനിൽ പാസ്റ്റർമാരായ ഫിലിപ്പ് പി. തോമസ്, ഫിന്നി സാമുവേൽ, കെ.സി ജോൺ, നൂറിദ്ദീൻമുള്ള, സാം സങ്കേശ്വർ, കെ.എസ്.ജോസഫ് എന്നിവർ പ്രസംഗിച്ചു. വിവിധ സെക്ഷനുകളിൽ പാസ്റ്റർമാരായ രാജൻ ജോൺ, ഏബ്രഹാം മാത്യു വല്ല്യത്ത്, റ്റി.എസ്.മാത്യൂസ്, എൻ.സി. ഫിലിപ്പ്, വർഗീസ് മാത്യു എന്നിവർ അദ്ധ്യക്ഷരായിരുന്നു. കർണാടകയുടെ 29 ജില്ലകളിൽ നിന്നുള്ള ശുശ്രൂഷകരും വിശ്വാസികളുമായ് അയ്യായിരത്തിൽപരം ആളുകൾ സംയുക്ത ആരാധനയിൽ പങ്കെടുത്തു. കർണാടക ഐ.പി.സി സെക്രട്ടറി വർഗീസ് മാത്യു, ജനറൽ കൺവീനർ പാസ്റ്റർ രാജൻ ജോൺ, പാസ്റ്റർ എ.വൈ.ബാബു, ബ്രദർ ജോസ് വർഗീസ്, പാസ്റ്റർ ലാൻസൺ പി.മത്തായി എന്നിവർ കൺവെൻഷന് നേതൃത്വം നൽകി.

# ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ സമാപിച്ചു



പാസ്റ്റർ തോമസ് ഫിലിപ്പ് ഉദ്ഘാടനം നിർവ്വഹിക്കുന്നു.

പായിപ്പാട്: മുന്നറിയിപ്പുകളെ അവഗണിക്കാതെ ലാക്കിലേക്ക് ഓടണമെന്ന് റവ.തോമസ് ഫിലിപ്പ് പ്രസ്താവിച്ചു. പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ബോയ്സ് ഹോസ്റ്റൽ ഗ്രൗണ്ടിൽ ഫെബ്രുവരി 16-19 വരെ നടന്ന ന്യൂ ഇന്ത്യാ ബൈബിൾ ചർച്ച് ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. പാസ്റ്റർമാരായ ഡോ.അലക്സാണ്ടർ ഫിലിപ്പ്, ഡോ.ബി.വർഗീസ്, ബാബു ചെറിയാൻ, പി.സി.ചെറിയാൻ, വർഗീസ് ഏബ്രഹാം, പി.എസ്. ജോർജ്, സന്തോഷ് തോമസ്, സിസ്റ്റർ ഷോളി വർഗീസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റേഴ്സ് കോൺഫ്രൻസ്, ബൈബിൾ ക്ലാസ്, സ്നാനം, വനിതാ സമ്മേളനം, സൺഡേസ്കൂൾ-യുവജന സമ്മേളനം എന്നിവ നടന്നു.

# പി. സി. ഐ. വാർഷിക സമ്മേളനം




കുന്നംകുളം : പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ കുന്നംകുളം ചാപ്പ്റ്ററിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 12 ന് ഞായർ ഉച്ചകഴിഞ്ഞ് 3.00 മണി മുതൽ കുന്നംകുളം ലിവാ ടവറിൽ വെച്ച് വാർഷിക സമ്മേളനവും നിയമബോധന സെമിനാറും നടത്തപ്പെട്ടു ചാപ്പ്റ്റർ പ്രസിഡണ്ട് പാസ്റ്റർ എം. ജി ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി ഗ്ലാഡ്സൺ ജെയ്ക്കബ് സമ്മേളനം ഉത്ഘാടനം ചെയ്തു. ക്രൈതവ ചിന്ത ചീഫ് എഡിറ്റർ ബ്രദർ. കെ. എൻ റെസൽ ചാപ്റ്റർ അംഗങ്ങൾക്കുള്ള മെമ്പർഷിപ്പ് കാർഡ് വിതരണം ചെയ്തു. ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ബ്രദർ. പി ഇ വർഗ്ഗീസ് സെമിനാർ നയിച്ചു. ഡോ. സാജൻ സി ജേക്കബ് ആമുഖ സന്ദേശം നൽക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവിധ സേവനങ്ങളെ കുറിച്ച് ക്ലാസ്സെടുത്തു. ട്രഷറർ. ബ്രദർ ഷാജൻ മുട്ടത്ത് സ്വാഗതവും, പാസ്റ്റർ അനിൽ തിമോത്തി നന്ദിയും പ്രകാശിപ്പിച്ചു. വൈസ് പ്രസിഡണ്ട് പാസ്റ്റർ ബെന്നി ജോസഫ്, പ്ലബിസിറ്റി കൺവീനർ അജീഷ് കെ മാത്യു, ബ്രദർ സി. ജെ അബ്രഹാം തുടങ്ങിയവർ നേതൃത്വം നൽകി.

# സഭാഹോൾ സമർപ്പണം



**തലയാർ:** ന്യൂ ഇന്ത്യാ ദൈവസഭയ്ക്കായി പുതുതായി പണി കഴിപ്പിച്ച സഭാഹോളിന്റെ സമർപ്പണ ശുശ്രൂഷ ഫെബ്രുവരി 11 ന് പാസ്റ്റർ വി. എ. തമ്പി നിർവ്വഹിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ കെ. ഐ ജോണിന്റെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിൽ സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വി. ഒ തോമസ് സങ്കീർത്തനം വായിച്ചു. പാസ്റ്റേഴ്സ് വി. എ തമ്പി, റ്റി. എം. കുരുവിള എന്നിവർ പ്രസംഗിച്ചു. പാസ്റ്റേഴ്സ് ഇ. എം. കുരുവിള, ചാൾസ് ജോസഫ്, പി. ഐ ബെന്നി, ബ്രദർ ബിജു ചക്കുംമൂട്ടിൽ, ശ്രീ മാത്യു റ്റി. തോമസ് (ബഹു. മന്ത്രിo), സാം ഈപ്പൻ (ജില്ലാ പഞ്ചായത്ത് മെമ്പർ), ചെറിയാൻ. സി (വൈസ് പ്രസിഡന്റ്, കുറ്റൂർ ഗ്രാമപഞ്ചായത്ത്), ആർ. ശ്രീലേഖ (പ്രസിഡന്റ്, കുറ്റൂർ ഗ്രാമപഞ്ചായത്ത്), ജോ ഇലഞ്ഞിമൂട്ടിൽ (മുൻ പഞ്ചായത്ത് പ്രസിഡന്റ്), വിക്ടർ. ടി. തോമസ് തുടങ്ങിയവർ ആശംസകൾ അറിയിച്ചു.

ബ്രദർ തമ്പി കുന്നുകണ്ടത്തിൽ നന്ദി അറിയിച്ചു. വൈ. പി. സി. എ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകി.

# റൈറ്റേഴ്സ് ഫെലോഷിപ്പ് ഏകദിന സെമിനാർ



**തിരുവല്ല:** ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ് ഏകദിന സെമിനാർ ഏപ്രിൽ 1 ശനിയാഴ്ച കോട്ടയം നാട്ടകത്തുള്ള ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ സ്റ്റേഡിയം ചർച്ചിൽ വച്ച് (പ്രത്യാശാ നഗർ) നടക്കും. "ന്യൂ ജനറേഷൻ പ്രവണതകളും വേദപുസ്തക ഉപദേശവും" എന്നതാണ് തീം. റവ. കെ.ജെ. മാത്യു (പുനലൂർ) മുഖ്യ അതിഥിയായി വിഷയം അവതരിപ്പിച്ച് സംസാരിക്കും. യോഗത്തിൽ വച്ച് ചർച്ച് ഓഫ് ഗോഡിലെ പുതിയ ഓവർസീയർമാരെയും റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി.ജി. മാത്യൂസിനേയും ആദരിക്കും. പാസ്റ്റർ സാംകുട്ടി മാത്യു (ജന. സെക്രട്ടറി), പാസ്റ്റർ ജെ. ജോസഫ്, പാസ്റ്റർ പി.പി. കുര്യൻ (വൈസ് പ്രസിഡന്റ്), പാസ്റ്റർ ഷിബു കെ. മാത്യു (ട്രഷറർ), പാസ്റ്റർ ജെയ്സ് പാണ്ടനാട് തുടങ്ങിയവർ നേതൃത്വം വഹിക്കും.

മാർച്ച് 17ന് 3 മണിക്ക് കുമ്പനാട് വച്ച് നടക്കുന്ന റൈറ്റേഴ്സ് ഫെലോഷിപ്പ് കമ്മറ്റിയിൽ എല്ലാ അംഗങ്ങളും സംബന്ധിക്കണമെന്ന് ഭാരവാഹികൾ അറിയിച്ചു.

# ഗോസ്പൽ മ്യൂസിക് ഫെസ്റ്റ്

**മേത്താനം:** പ്രെയർ ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന 6-ാമത് ഗോസ്പൽ മ്യൂസിക് ഫെസ്റ്റും വചനപ്രഘോഷണവും ഏപ്രിൽ 2, 3, 4 തീയതികളിൽ (ഞായർ, തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ മേത്താനം ഗിൽഗാൽ ഗ്രൗണ്ടിൽ നടക്കും. വൈസ് പ്രസിഡന്റ് റവ. സുകു. കെ തോമസ് അധ്യക്ഷത വഹിക്കുന്ന യോഗം റവ. തോംസൺ തകടിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ രാജു ആനിക്കാട്, എബി. കെ. ജോർജ്ജ്, റവ. ഒ. എം. രാജുക്കുട്ടി എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. എം. ജി. യൂണിവേഴ്സിറ്റി എംഎസ്സി ഫിസിക്സ് പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ കുമാരി സുബി മാത്യുവിനെ ചടങ്ങിൽ ആദരിക്കും. കോട്ടയം പിഫാൻ വോയ്സ് ഗാനങ്ങളാലപിക്കും. സജിമേത്താനം, ജോൺ മാത്യു തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.


## MATRIMONIAL

രാജസ്ഥാനിലെ ജയ്പൂരിനു സമീപം ബസ്സിയിൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ നടത്തുന്ന പെന്തക്കോസ്തു മാതാപിതാക്കൾ (ഐ.പി.സി) തങ്ങളുടെ 4 മക്കൾക്കായി അനുയോജ്യമായ വിവാഹലോചനകൾ ക്ഷണിക്കുന്നു.

30 വയസ്സുള്ള മൂത്തമകൾ 5.5 Feet ഉയരം M.A.Eng.Lift സ്കൂളിന്റെ വൈസ് പ്രിൻസിപ്പാലായി ജോലി ചെയ്യുന്നു.

26 വയസ്സുള്ള ഇളയമകൾ. 5 എലലട ഉയരം. M.A. Evg litt സ്കൂളിൽ ജോലി ചെയ്യുന്നു. ഇവർക്കായി സുവിശേഷ വേലയ്ക്കു താല്പര്യമുള്ളവരും ഉന്നത വിദ്യാഭ്യാസമുള്ളവരുമായ പെന്തക്കോസ്തു വിശ്വാസികളായ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

24 വയസ്സുള്ള മകൻ 5.5 feet ഉയരം M.A.Eng.Lift സ്കൂൾ അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്യുന്നു. I.A.S ന് പരിശീലിക്കുന്നു.

21 വയസ്സുള്ള ഇളയ മകൻ 5 അടി ഉയരം B.A. Eng B.Th ന് പഠിക്കുന്നു. വിദ്യാഭ്യാസമുള്ള പെന്തക്കോസ്തു യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**09784113105**

*****************

പെന്തെക്കോസ്ത് യുവതി, 27, 163 സെ.മീ. B.Tech (MNC) സ്വദേശത്തോ, വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9526047177**

# കോട്ടയം തിയോളജിക്കൽ സെമിനാരി ഗ്രാഡുവേഷൻ സർവീസ്



**കോട്ടയം:** ഐ.പി.സി. തിയോളജിക്കൽ സെമിനാരിയുടെ പതിനാലാമത് ഗ്രാഡുവേഷൻ സർവീസ് ഫെബ്രുവരി 18-ന് സെമിനാരി ചാപ്പലിൽ വച്ച് നടന്നു. സ്തോത്രശുശ്രൂഷ 17-ന് വെള്ളിയാഴ്ച്ച നടന്നു. ഗ്രാഡുവേഷനും സ്തോത്രശുശ്രൂഷയിലും ആഷ്ബറി യൂണിവേഴ്സിറ്റിയുടെ (യു.എസ്.എ) വൈസ് പ്രസിഡന്റ് ഡോക്ടർ തോമസ് റ്റംബ്ലിൻ മുഖ്യസന്ദേശം നൽകി. കർത്തൃമേശ ശുശ്രൂഷയ്ക്ക് ഡോ. ഇടിച്ചെറിയ നൈനാൻ നേതൃത്വം നൽകി. ഫെബ്രുവരി 18ന് നടന്ന ഗ്രാഡുവേഷൻ സമ്മേളനത്തിൽ സെമിനാരി പ്രിൻസിപ്പാൾ റവ. എബി പീറ്റർ റിപ്പോർട്ട് അവതരിപ്പിക്കുകയും, സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. സെമിനാരി പഠനത്തിലും സുവിശേഷ പ്രവർത്തനങ്ങളിലും ഇതര സേവനരംഗങ്ങളിലും മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ അവാർഡുകൾ നൽകി.

പാസ്റ്റർ തോമസ് ഏബ്രഹാം, ഡോ. ഇടിച്ചെറിയ നൈനാൻ എന്നിവർ ഗ്രാഡുവേറ്റ്സിനോടുള്ള വിടവാങ്ങൽ സന്ദേശങ്ങൾ നൽകി. കൗൺസലിങ് കോഴ്സുകൾ നടത്തുന്നതിനും കൗൺസലിങ് സേവനങ്ങൾ സമൂഹത്തിൽ ലഭ്യമാക്കുന്നതിനുമായി റിസോഴ്സ് സെന്റർ ഫോർ കൗൺസലിങ് ആന്റ് സൈക്കോതെറാപ്പി എന്ന പേരിൽ സെമിനാരിയുടെ പുതിയ ഡിപ്പാർട്ട്മെന്റ് ഡോ. ഇടിച്ചെറിയ നൈനാൻ പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു.

# സഭാഹാൾ സമർപ്പിച്ചു




*കല്ലുംത്താഴം സഭാ ആരാധനാലയം സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി. സി. തോമസ് പ്രാർത്ഥിച്ച് സമർപ്പിക്കുന്നു.*

**കൊല്ലം:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കല്ലുംത്താഴം സഭയ്ക്കായി പണികഴിപ്പിച്ച സഭാഹോളിന്റെ സമർപ്പണ ശുശ്രൂഷ കേരള സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ സി.സി. തോമസ് നിർവ്വഹിച്ചു. കൊല്ലം സെന്റർ ശുശ്രൂഷകൻ പാസ്റ്റർ സജി ജോർജ് അദ്ധ്യക്ഷത വഹിച്ചു. സെന്ററിൽ ഉൾപ്പെട്ട ശുശ്രൂഷകൻമാരും സഭാവിശ്വാസികളും മറ്റ് സഭകളിലെ ശുശ്രൂഷകൻമാരും യോഗത്തിൽ സംബന്ധിച്ചു. സഭാ ശുശ്രൂഷകൻ പാസ്റ്റർ എം. രാജേന്ദ്രൻ നേതൃത്വം വഹിച്ചു.

# ഐ.പി.സി.റാന്നി ഈസ്റ്റ് സെന്റർ 93-ാം കൺവൻഷൻ

**റാന്നി:** ഐ.പി.സി റാന്നി ഈസ്റ്റ് സെന്റർ 93-ാം മത് കൺവൻഷൻ 2017 ഏപ്രിൽ 2 ഞായർ മുതൽ 9 ഞായർ വരെ ഇട്ടിയപ്പാറ, പെനിയേൽ ഗ്രൗണ്ടിൽ വെച്ച് നടക്കും. സെന്റർ ശുശ്രൂഷകൻ പാസ്റ്റർ വർഗീസ് ഏബ്രഹാം ഉദ്ഘാടനം ചെയ്യും. റവ. രവി മണി ബാംഗ്ലൂർ, പാസ്റ്റർ കെ.കെ.ചെറിയാൻ, പാസ്റ്റർ കെ.സി. തോമസ്, പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ ബാബു ചെറിയാൻ, പാസ്റ്റർ കെ.സി.തോമസ്, പാസ്റ്റർ ഷിബു നെടുവേലിൽ, പാസ്റ്റർ തോമസ് മാമ്മൻ, പാസ്റ്റർ എബി ഏബ്രഹാം, റവ. വി.പി.ജോസ്, റവ. എബി പീറ്റർ (കോട്ടയം) പാസ്റ്റർ സാജൻ ജോയി, പാസ്റ്റർ വർഗ്ഗീസ് ബേബി, പാസ്റ്റർ ജോൺസൻ കുണ്ടറ, ബ്രദർ. സുധി കല്ലുങ്കൽ എന്നിവർ പ്രസംഗിക്കും.

സിസ്റ്റർ പെർസിസ് ജോൺ, ലോഡ്സൺ ആന്റണി, സ്റ്റാൻലി കുമളി, സ്റ്റാൻലി റാന്നി, സ്പിരിച്വൽ വേവ്സ് (അടൂർ) എന്നിവർ സംഗീത ശുശ്രൂഷ നിർവ്വഹിക്കും. പാസ്റ്റർ ഏബ്രഹാം വർഗ്ഗീസ്, പാസ്റ്റർ പി.വി.വർഗ്ഗീസ്, പാസ്റ്റർ ബെൻസൻ തോമസ്, പാസ്റ്റർ തോമസ് മാത്യു, പാസ്റ്റർ ജോസഫ് വർഗീസ്, പാസ്റ്റർ എം.വി.ചാക്കോ, പാസ്റ്റർ പി.എം.വിൻസെന്റ് എന്നിവർ നേതൃത്വം നൽകും.

# ബൈബിൾ കോളേജ് ഉത്ഘാടനം ചെയ്തു




**ബാംഗ്ലൂർ:** ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റ് ബൈബിൾ കോളേജ് സ്റ്റേറ്റ് ഓവർസീയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉത്ഘാടനം ചെയ്തു. പാസ്റ്റർ റോജി ഇ. സാമുവേൽ ഡയറക്ടറായും, പാസ്റ്റർ സാജൻ രജിസ്ട്രാറായും പ്രവർത്തിക്കുന്നു. കർണാടകയിലെ ഗ്രാമങ്ങളെ സുവിശേഷീകരിക്കുക എന്ന ലക്ഷ്യത്തോടുകൂടി കന്നടക്കാരായ യുവാക്കളെയാണ് ട്രെയിൻ ചെയ്ത് ഫീൽഡിലേക്ക് വിടുന്നത്. 10 കുട്ടികളാണ് ആദ്യബാച്ചിലുള്ളത്.

# ബൈബിൾ വിതരണവും പരസ്യയോഗവും



കൊല്ലം: ഐ.പി.സി. കൊല്ലം സൗത്ത് സെന്ററിന്റെ പുത്രികാ സംഘടനയായ ഇവാഞ്ചലിസം ബോർഡിന്റെ നേതൃത്വത്തിൽ ഐ.പി.സി. ഹെബ്രോൻ മുളങ്കാടകം സഭയും സംയുക്തമായി ഫെബ്രുവരി 28ന് ചിന്നകടയിൽ സൗജന്യ ബൈബിൾ വിതരണവും പരസ്യയോഗങ്ങളും സുവിശേഷ പ്രതികളും വിതരണം ചെയ്യുകയും തുടർന്ന് സഭയായി പ്രാർത്ഥനയും നടത്തപ്പെട്ടു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോൺ റിച്ചാർഡ്, ഇവാഞ്ചലിസം ബോർഡ് പ്രസിഡന്റ് പാസ്റ്റർ കെ.ഒ. ആന്റണി, പാസ്റ്റർ വിൽസൺ ജോസഫ്, പാസ്റ്റർ എസ്. ജോൺ, പാസ്റ്റർ മനു, പാസ്റ്റർ ബിജു ജോസഫ്, പാസ്റ്റർ അനീഷ്, പാസ്റ്റർ ദീപേഷ് എന്നിവർ നേതൃത്വം നൽകി.




# പെന്തെക്കോസ്തൽ യൂത്ത് കൗൺസിൽ (പി.വൈ.സി) സംസ്ഥാന സാരഥികൾ



പാസ്റ്റർ ലിജോ കെ ജോസഫ് (പ്രസിഡന്റ്), പാസ്റ്റർ സാം ഇളമ്പൽ, ഇവാ. അജു അലക്സ്, പാസ്റ്റർ നിക്സൺ മുട്ടാർ (വൈസ് പ്രസിഡന്റുമാർ), ബ്ലെസ്സിൻ ജോൺ മലയിൽ (സെക്രട്ടറി), പാസ്റ്റർ സോവി മാത്യു, മാത്യു ബേബി, ജിബിൻ പൂവക്കാല (ജോ. സെക്രട്ടറിമാർ), ജിനു വർഗീസ് (ട്രഷറർ), ജെ പി വെണ്ണിക്കുളം (മീഡിയ കൺവീനർ), രാജൻ മാത്യു (പ്രയർ കൺവീനർ), പാസ്റ്റർ ജെ യേശുദാസ് (ചാരിറ്റി കൺവീനർ)

# 'വീണ്ടും ചില ഉറുമ്പുകാര്യങ്ങൾ'



പാസ്റ്റർ പ്രസാദ്, വള്ളംകുളം



മനുഷ്യൻ എല്ലാ തലങ്ങളിലും അനേകവിധമായ മുന്നേറ്റങ്ങൾ നടത്തുകയും, സാമൂഹികമായ പുരോഗതിക്കുവേണ്ടി പുതുപുത്തൻ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും നടത്തിവരികയും ചെയ്യുന്ന ഈ ആധുനിക കാലഘട്ടത്തിൽ, ആരും ഒരിക്കലും ശ്രദ്ധിക്കപ്പെടാതെ പോവുകയോ, അല്ലെങ്കിൽ മനസിലാക്കുവാൻ ശ്രമിക്കാതെപോയതുമായ ഒരു വലിയ കാര്യംതന്നെയാണ് നമ്മുടെ മുമ്പിൽ എപ്പോഴും പ്രത്യക്ഷപ്പെടുന്ന ഉറുമ്പുകളുടെ ജീവിതം.

ലോകപരമായും ആത്മീയപരമായും ഈ ലോകത്തിൽ ജീവിതം കൊണ്ട് എങ്ങനെയൊക്കെ ആയിത്തീരാം എന്ന് ഉറുമ്പ് തന്റെ ജീവിതത്തിൽ നിന്നും നമ്മെ പഠിപ്പിച്ചുതരുന്നു.

ഉറുമ്പിനെപ്പറ്റി ബൈബിൾ പഠിപ്പിച്ചുതരുന്ന പാഠം ഒരു മനുഷ്യ ജീവിതം കെട്ടിപ്പണിയേണ്ടതിനാവശ്യമായ മികച്ച ഉദാഹരണമാണ്.

വിശുദ്ധബൈബിൾ സദൃശവാക്യങ്ങളുടെ പുസ്തകം 6–ാം അദ്ധ്യായം 6 മുതൽ 10 വരെയുള്ള വാക്യങ്ങളിലും 30–ാം അദ്ധ്യായം 25–ാം വാക്യത്തിലും ചില ഉറുമ്പുകാര്യങ്ങൾ പ്രസ്താവിക്കുന്നുണ്ട്.

ഉറുമ്പുകാര്യങ്ങളെക്കുറിച്ച് പഠിക്കുവാൻ തുടങ്ങും മുമ്പ് ആ ഉറുമ്പുകാര്യങ്ങളുടെ രചയിതാവിനെപ്പറ്റിയും അല്പം മനസിലാക്കുന്നത് നന്നായിരിക്കും.

ബൈബിളിനുള്ളിലെ ഇരുപതാമത്തെ പുസ്തകമാണ് സദൃശവാക്യങ്ങൾ എബ്രായഭാഷയിലെ മാഷൽ എന്ന പദം പരിഭാഷപ്പെടുത്തിയിരിക്കുന്നത് സദൃശവാക്യം എന്നാണ്. 'അരുളപ്പാട്', 'ഉപമ', അല്ലെങ്കിൽ 'ജ്ഞാനികളുടെ വാക്കുകൾ' എന്നിങ്ങനെ വിഭിന്ന അർത്ഥങ്ങൾ അതിനുണ്ട്. കൂടാതെ ഏതൊരു കാലഘട്ടത്തിലെ മനുഷ്യനും ആവശ്യമായ അനേകം ദൂതുകളാലും പ്രവചനങ്ങളാലും കാവ്യങ്ങളാലും സമൃദ്ധമാണ് സദൃശവാക്യങ്ങളുടെ പുസ്തകം. തലമുറതലമുറകളായി പകരപ്പെട്ടുവരുന്ന അനേകം സുഗന്ധ ഗീതികൾ പ്രദാനം ചെയ്യുന്ന ഈ പുസ്തകത്തിന്റെ രചയിതാവ് യിസ്രയേലിന്റെ ആദ്യരാജാവയിരുന്ന ദാവീദിന്റെ മകൻ ശലോമോനാണ് എന്ന് പൊതുവിൽ വിശ്വസിക്കപ്പെടുന്നു.

ദാവീദ് യിസ്രായേലിന്റെ സങ്കീർത്തന പാരമ്പര്യങ്ങളുടെ ആദ്യ ഉറവിടമായിരുന്നെങ്കിൽ യിസ്രയേലിന്റെ ജ്ഞാനപാരമ്പര്യത്തിന്റെ ആദ്യഉറവിടം ശലോമോൻ ആയിരുന്നു.

'1.രാജാക്കന്മാർ 4:32 –ൽ ശലോമോൻ 3000 സദൃശവാക്യങ്ങളും 1005 പാട്ടുകളും ജീവിതകാലത്ത് രചിച്ചതായി കാണുന്നു.

ആത്മീയ ജീവിതം നയിക്കുന്ന ഒരു വ്യക്തിക്ക് വലിയ വിദ്യാഭ്യാസമോ, ഉന്നത ജീവിതനിലവാരമോ, ലൗകീകമായ ഉന്നതികളോ ഒക്കെ സാദ്ധ്യമാക്കാം എങ്കിലും ദൈവം ആഗ്രഹിക്കുന്നത് തന്റെ വചനങ്ങളെ പ്രമാണിക്കുവാനും ദൈവീക കല്പനകളോട് വിശ്വസ്തരായിരിക്കുവാനുമാണ്.

അങ്ങനെയെങ്കിൽ ദൈവസന്നിധിയിൽ കടന്നുവരുന്ന പണ്ഡിതനും പാമരനും സമ്പന്നനും ദരിദ്രനും ഒരുപോലെ മനസിലാക്കുവാൻ കഴിയുന്നതും പ്രവൃത്തിപഥത്തിലെത്തിക്കുവാൻ സാധിക്കുന്നതുമാണ് ഉറുമ്പിന്റെ ജീവിതപാഠങ്ങൾ.

ദൈവം ശലോമോന് ഏറ്റവും വളരെ ജ്ഞാനവും ബുദ്ധിയും കടൽക്കരയിലെ മണൽത്തരിപോലെ ഹൃദയവിശാലതയും കൊടുത്തു. സകല പൂർവ്വദിഗ്വാസികളുടേയും ജ്ഞാനത്തേക്കാളും ശലോമോന്റെ ജ്ഞാനം ശ്രേഷ്ഠമായിരുന്നു എന്ന് വി.ബൈബിൾ പ്രസ്താവിക്കുന്നു. (1. രാജാക്കന്മാർ 4:29–30)

ശലോമോൻ പറയുന്നത്: ഉറുമ്പിന്റെ അടുക്കൽ ചെല്ലുക അതിന്റെ വഴികളെനോക്കി ബുദ്ധിപഠിക്കുക എന്നാണ്. ഉറുമ്പിൽനിന്നും നിരവധിപാഠങ്ങൾ നമുക്ക് പഠിക്കുവാൻ സാധിക്കും. ഒപ്പം ഉറുമ്പുകളെക്കുറിച്ച് അറിയുവാനും മനസിലാക്കുവാനും അത് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും ശ്രമിക്കുന്നത് ഉചിതവുമായിരിക്കും. ഉറുമ്പിന്റെ ജീവിതചക്രത്തെക്കുറിച്ചുള്ള ചില കാര്യങ്ങൾ ശ്രദ്ധിക്കാം.

1) ഉറുമ്പിന്റെ വളർച്ച
2) കുടുംബ വിശേഷങ്ങൾ
3) പ്രധാന ഇനം ഉറുമ്പുകൾ
4) ഉറുമ്പിന്റെ വഴികൾ
5) ഉറുമ്പിന്റെ ശവസംസ്കാരം.

നിസ്സാരമെന്ന് തോന്നുന്ന ഉറുമ്പുജീവിതത്തിൽ നിന്നും, ചെറുപ്രാണിയായ അതിന്റെ പ്രവർത്തനത്തിൽ നിന്നും ശലോമോൻ ചില ജീവിതപാഠങ്ങൾ പഠിച്ചു. അത് മൊഴിമുത്തുകളായി നമുക്ക് പകർന്നുതന്നു. ഒരു വിദ്യാലയത്തിലെപ്പോലെയുള്ള ക്രമീകരണങ്ങളും ചിട്ടവട്ടങ്ങളും ഈ ചെറുപ്രാണിക്ക് ഉണ്ടെന്ന് ശലോമോൻ മനസിലാക്കി.

അതാണ് ജ്ഞാനികളും സാധാരണക്കാരും തമ്മിലുള്ള വ്യത്യാസം. ഒരു കാര്യത്തെക്കുറിച്ചുള്ള സൂക്ഷ്മമായ നിരീക്ഷണവും അതിൽനിന്ന് ലഭിക്കുന്ന കണ്ടെത്തലും അത് മറ്റുള്ളവരിലേക്ക് പകർന്നു നൽകുന്നതും ജ്ഞാനസ്വഭാവത്തിന്റെ പ്രത്യേകതയായി കണക്കാക്കണം. എല്ലാവർക്കും എല്ലാകാര്യങ്ങളിലും അവഗാഹമുണ്ടെന്ന് വരികയില്ലല്ലോ. അപ്പോൾ ജ്ഞാനികളുടെ വാക്കുകളുടെ പൊരുളുകൾ തിരയുന്നത് നന്നായിരിക്കും

ഉറുമ്പിന്റെ പൊതുസ്വഭാവം എവിടെയും കയറി ആക്രമിക്കുക എന്നുള്ളതാണ്. പ്രതിസന്ധികളോ, പ്രതികൂലങ്ങളെയോ ഇവ ഭയക്കുന്നില്ല. ഏതു വിധേനയും മുമ്പിൽ വരുന്ന പ്രതിസന്ധികളെ ഇവ തരണം ചെയ്യും. അവയുടെ ലക്ഷ്യത്തിലേക്ക് അവ ഓരേ മനസ്സോടെ മുന്നേറുന്നു. അവയെ തടഞ്ഞാൽ അവ വേറെ വഴിനോക്കും. ഒന്നുകിൽ മുകളിൽകൂടി, അല്ലെങ്കിൽ താഴെക്കൂടി അവ മുന്നേറും. പർവ്വതാരോഹഹർ വലിയ ഉയരങ്ങൾ കീഴടക്കുവാനുള്ള യാത്രയിൽ മുമ്പിൽ വരുന്ന പ്രതിസന്ധികളിൽ പിൻമാറാതെ വഴിമാറി സഞ്ചരിക്കുന്നപോലെ.

**ഉറുമ്പിന്റെ വളർച്ചയുടെ ഘട്ടങ്ങൾ.**

ഉറുമ്പുജീവിതം പൂർണ്ണതയിലേക്കെത്തുന്നത് നാലുഘട്ടങ്ങളിലൂടെയാണ്. മുട്ട, ലാർവ, പ്യൂപ്പാ, പൂർണ്ണകീടം എന്നിവയാണ് അവ. പണ്ടുള്ള കാലത്ത് കൊച്ചുകുട്ടികൾ ഉറുമ്പുകളി എന്നൊരു കളിയിൽ ഏർപ്പെടുമായിരുന്നു. ആ കാലത്തെ കുട്ടികൾക്ക് അത് രസകരമായ ഒരു വിനോദമായിരുന്നു. ഒപ്പം മനുഷ്യ ജീവിതത്തിലെ ചില നിസ്സാരമായ അറിവുകൾ പ്രകൃതിയോടു ബന്ധപ്പെട്ടും ഉറുമ്പുകൾ നൽകിത്തന്നിട്ടുണ്ട്. ഉറുമ്പുകൾ മുട്ടയുമായി കൂട്ടത്തോടെ നീങ്ങുന്നത് കാണുമ്പോൾ പഴമക്കാർ പറയും, മഴ വരുന്നുണ്ട്. ഇതിനെ മഴ അറിവ് എന്നു പറയുന്നു.

ദൈവത്തിന് മനുഷ്യരെക്കൂടാതെ പുഴു, മൃഗം, മത്സ്യം, കോഴി തുടങ്ങിയ ജീവജാലങ്ങളെയും ഉപയോഗിക്കുവാൻ കഴിയും.

പാടത്ത് തവളകൾ കരയുമ്പോൾ, തുമ്പികൾ താഴ്ന്നുപറക്കുമ്പോൾ മഴവരുന്നു എന്ന അറിവ് മഴയറിവുകളായി പഴമക്കാർ കരുതിപ്പോന്നു.

തേനിച്ച കടന്നൽ, ഉറുമ്പുകൾ എന്നിവ ഹൈമനോപ്പറ്റെറ (ഒ്യാലിീുലേൃമ) എന്ന വർഗ്ഗത്തിൽപ്പെട്ട പ്രാണികളാണ്. ഉറുമ്പുകളെ വർഗ്ഗപരമായി ഫോർമിസിഡെ (എീൃാശരശറമല) എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ഷഡ്പദവിഭാഗമാണ് ഉറുമ്പുകളുടേത്. മിക്കവാറും എല്ലാ ഉറുമ്പുകളും ഭോജികളാണ്. എങ്കിലും ചില വിഭാഗം ഉറുമ്പുകൾ ചില പ്രത്യേകതരം ആഹരപദർത്ഥങ്ങൾ മാത്രം ഭക്ഷിക്കുന്നവയാണ്. ഉദാ: മധുരമുള്ള വസ്തുക്കൾ കഴിക്കുന്നവ. ചത്ത ചെറുപ്രാണികളുടെ ശരീരം ഭക്ഷിക്കുന്നവ.

ഏറ്റവും പ്രധാനപ്പെട്ട ഉറുമ്പുകാര്യം ചിട്ടയായ സാമൂഹിക ജീവിതം നയിച്ച് നമ്മെ അത്ഭുതപ്പെടുത്തുന്നു ചെറുപ്രാണികളാണ് ഉറുമ്പുകൾ. അവയുടെ കോളനി വ്യവസ്ഥ, അദ്ധ്വാനം എന്നിവ പ്രസിദ്ധമാണ്.

**ജോലികൾ**

ഉറുമ്പുകോളനിയിലെ എല്ലാ ജോലികളും ചെയ്യുന്നത് പ്രത്യുല്പാദനശേഷിയില്ലാത്ത പെൺ ഉറുമ്പുകളാണ്. ഒരു കൂട്ടിലെ എല്ലാ ജോലികളും ചെയ്തുതീർക്കുന്നത് ഇവരാണ്. ഇവർ ജോലികൾ വിഭജിച്ച് എറ്റെടുക്കുന്നു. ഉത്തരവാദിത്വത്തോടെ അവ ചെയ്തുതീർക്കുന്നു. ഭക്ഷണപദാർത്ഥങ്ങൾ കൂട്ടിലേക്കു കൊണ്ടുവരുന്നു. മുട്ടകൾ ലാർവകൾ മുതലായവ എടുത്തുമാറ്റുന്നു. ചെറിയ ഉറുമ്പുകളെ വൃത്തിയാക്കുന്നു മുതലായവ ഇത്തരം ഉറുമ്പുകൾ ചെയ്യുന്ന ജോലിയാണ്.

**ഉറുമ്പു കൂടുകൾ**

വിസ്താരമേറിയ അറകളിലാണ് ഉറുമ്പിൻ കൂടുകൾ നിർമ്മിക്കപ്പെടുന്നത്. കൂടുനിർമ്മാണത്തിന്റെ സ്വഭാവമനുസരിച്ച് ഉറുമ്പുകളെ ഭൂതലവാസി (Terrestrial) കളെന്നും മരത്തിൽ വസിക്കുന്നവ (Arhoreal) എന്നും രണ്ടായിതിരിച്ചിരിക്കുന്നു.

ഭൂരിപക്ഷം ഉറുമ്പുകളും കൂടുണ്ടാക്കുന്നത് ഭൗമോപരിതലത്തിലാണ്. ഈ കൂടുകളിലേക്ക് പ്രവേശിക്കുവാൻ പ്രവേശന ദ്വാരം ഉണ്ടാകും. കെട്ടിടങ്ങളുടേയും നിലത്തെ വിടവുകളുടെ ഇടയിലും കൂട് നിർമ്മിക്കുന്നു. ചെടികൾക്കുള്ളിലും ഇലകൾ കൂട്ടിയോജിപ്പിച്ചും കൂടുണ്ടാക്കി ജീവിക്കുന്നവയാണ് മരത്തിൽ വസിക്കുന്ന വിഭാഗം. ഒരിക്കലും കൂട് നിർമ്മിക്കാത്ത ഉറുമ്പിനങ്ങളും ഉണ്ട്.

തെക്കേ അമേരിക്കയിൽ കാണുന്ന ഒരിനം പട്ടാളഉറുമ്പ് ഇത്തരത്തിൽപ്പെട്ടവയാണ്. ഇവർ തമ്മിൽ കെട്ടുപിണഞ്ഞ് ഒരു പന്തുപോലെ രൂപം പ്രാപിക്കുകയാണ് പതിവ്.

ഒരു മില്ലിമീറ്ററിൽ താഴെ വലിപ്പമുള്ളവയാണ് ഉറുമ്പിൻ മുട്ടകൾ. 40 മണിക്കൂറിനുള്ളിൽ തന്നെ ഈ മുട്ടകളിൽനിന്ന് ലാർവകൾ വിരിഞ്ഞ് പുറത്തിറങ്ങുന്നു. റാണി ഉറുമ്പ് പുറത്തുവിടുന്ന വിശേഷപ്പെട്ട ഒരുതരം ഉമ്മിനീരാണ് ഈ ലാർവകളുടെ ആഹാരം. ലാർവ്വകളുടെ അടുത്ത ഘട്ടമാണ് പ്യൂപ്പാ. ഈ അവസ്ഥയിൽ ഭക്ഷണം കഴിക്കയില്ല. പ്യൂപ്പയിൽനിന്നും പൂർണ്ണ വളർച്ചയെത്തിയ ഉറുമ്പുകൾ പുറത്തുവരും.

**ചിറകുള്ള ഉറുമ്പുകൾ**

പ്രത്യുത്പാദനശേഷിയുള്ളവയാണ് ഇവ. ഇതിൽ ആൺഉറുമ്പുകളും പെൺഉറുമ്പുകളും ഉണ്ട്. തെളിഞ്ഞ കാലാവസ്ഥയിൽ ഇണചേരുന്നതിനായി ഇവ കോളനിയിൽ നിന്ന് കൂട്ടത്തോടെ പുറത്തുവരുന്നു. ഈ പറക്കലിനെ നാപ്ഷ്യൽ ഫ്ളൈറ്റ് (ചമുശേമഹ എഹശഴവേ) എന്നറിയപ്പെടുന്നു. ഫെറമോൺചുരത്തി പണ്ണുറുമ്പുകൾ ആൺഉറുമ്പുകളെ ആകർഷിക്കുന്നു. ഇണചേരലിന് ശേഷം ആണുറുമ്പ് ചാവുകയും ചെയ്യുന്നു. പെണ്ണുറുമ്പ് അനുയോജ്യമായ സ്ഥലം കണ്ടെത്തി കോളനി നിർമ്മാണം ആരംഭിക്കുകയും ചെയ്യുന്നു. 50–ൽ താഴെ അംഗങ്ങളുള്ള ഇവ കടിക്കുകയില്ല.

**പ്രധാന ഉറുമ്പുകൾ, 8 വിധം**

1) കട്ടുറുമ്പ്,
2) കുഞ്ഞനുറുമ്പ്
3) പടയാളി ഉറുമ്പ്
4) ഇലയുറുമ്പ്
5) പുളിയുറുമ്പ് (നീറ്)
6) ചോണനുറുമ്പ്
7) നെയ്യുറുമ്പ്
8) അരിയുറുമ്പ്

**1) കട്ടുറുമ്പ് (Greater striated Bispinous Ant)**

മനുഷ്യവാസമുള്ള ഇടത്ത് ഇവ ധാരാളമായി കാണപ്പെടുന്നു. ഇത് ഭൂതലത്തിലും ചെടികളുടെ തണ്ടിലും കാണപ്പെടുന്നു. ഒറ്റയ്ക്കാണ് ഇവ ആഹാരം തേടുന്നത്. ഈ സമൂഹത്തിന് രജ്ഞിയില്ല. പകരം ഗമ്മർ ഗേറ്റ് (ഏമാലൃഴമലേ) എന്നറിയപ്പെടുന്ന പെൺഉറുമ്പുകളാണ് ഉള്ളത്.

**2) കുഞ്ഞനുറുമ്പ്**

നമ്മുടെ വീടുകളിൽ എപ്പോഴും കാണുന്ന ചെറിയ ഉറുമ്പുകളാണിത്. സമൂഹമായി ഇരതേടുന്ന ഇവ ഭിത്തിയിലും വിടവുകളിലും കാണപ്പെടുന്നു. മധുരം കഴിക്കുന്നവയാണ് ഇവ.

**3) പടയാളി ഉറുമ്പ് (Army Ant)**

ചോലവനങ്ങളിലും നിത്യഹരിതവനങ്ങളിലും കൂടുതലായി കാണപ്പെടുന്നു. ശല്യപ്പെടുത്തിയാൽ നേരിയ ശബ്ദം പുറപ്പെടുവിക്കുന്നു.

**4) ഇലയുറുമ്പ് (Finned dolly Ant)**

ചെടികളിൽ വസിക്കുന്നവയാണ് ഇവ. ചെറിയ ചെടികളുടെ പൂവിലെ തേൻകൂടിക്കാനാണ് താല്പര്യം.

**5) പുളിയുറുമ്പ് (നീറ്) (Weavar Ant)**

ഇവ ഒറ്റയ്ക്കാണ് ആഹാരം തേടുന്നത്. ഈ ഉറുമ്പുകൾ കടിക്കുന്ന സമയത്ത് ഫോർമിക് ആസിഡ് സ്രവിപ്പിക്കുന്നു.

**6) ചോണനുറുമ്പ് (Yellow Crazy ant)**

വളരെ വേഗത്തിൽ സഞ്ചിക്കുന്ന ഇവ കരയിൽ കാണപ്പെടുന്നവയാണ്. പ്രാണികളെയും പ്രാണികളുടെ മാംസവ്യ ഭക്ഷിക്കുന്നവയാണ് ഇവ.

**7) നെയ്യുറുമ്പ് (Pharach Ant)**

വീടിനുള്ളിൽ ഇവയെ കാണാം. കൂട്ടത്തോടെ ആഹാരം തേടുന്ന ഇവ ചെടികളിൽനിന്ന് തേൻ കഴിക്കാറുണ്ട്. ശല്യപ്പെടുത്തിയാൽ കടിക്കുന്നവയാണ് ഇവ.

**8) അരിയുറുമ്പ് (Harvester Ant)**

സാധാരണയായി പാടങ്ങളിൽ കാണുന്നു. അരിപുല്ലുകളുടെ വിത്തിനങ്ങൾ എന്നിവയാണ് ആഹാരം. വിത്ത് വിതയ്ക്കുന്ന ഇടത്തും ഇവയെ കാണാം. ഒറ്റയ്ക്കാണ് ആഹാരം തേടുന്നത്.

**തിരിച്ചറിയാൻ**

ആശയവിനിമയം ചെയ്യുവാൻ ഉറുമ്പുകൾ സ്പർശനികൾ ഉപയോഗിക്കുന്നു. ആശയവിനിമയസമയത്ത് ഹോർമോണുകൾ പുറപ്പെടുവിക്കുന്നു. ഒരേ കോളനിയിലെ അംഗങ്ങളെ തിരിച്ചറിയുവാനും അപകടഭീഷണി ഉണ്ടായാൽ മറ്റുള്ളവരെ അറിയിക്കുവാനും ഹോർമോൺ സഹായിക്കുന്നു.

**കോളനി വാഴ്ച്ച**

ചിട്ടയോടും ഐക്യത്തോടെയും സാമൂഹീക ജീവിതം നയിക്കുന്ന ഉറുമ്പുകളുടെ കോളനിയിൽ കാണപ്പെടുന്ന ചിലരെ പരിചയപ്പെടാം.

**രാജ്ഞികൾ**

ചിറകില്ലാതെ പ്രത്യുത്പാദന ശേഷിയുള്ള പെണ്ണുറുമ്പാണ് രാജ്ഞി. ഇവയ്ക്ക് ആയുസ് കൂടുതലുണ്ട്. ഒന്നുമുതൽ പതിനഞ്ചുവർഷംവരെയും മുപ്പതുവയസുവരെ ആയുസ് ഉള്ളവരും ഉണ്ട്. മറ്റുജോലികൾ ഒന്നും ചെയ്യാതെ മുട്ടഇടുക മത്രാമാണ് ഇവ ചെയ്യുന്നത്.

**ഉറുമ്പുകൾ ജാഥയായി പോകുന്നത് എന്തുകൊണ്ട്?**

ഉറുമ്പുകൾ നടക്കുമ്പോൾ അതിന്റെ ഗ്രന്ഥിയിൽ നിന്ന് മണമുള്ള ഒരു നേർത്ത ദ്രാവകം വഴിയിൽ വീഴ്ത്തുന്നു. കൂട്ടിലേക്ക് തിരിച്ചുപോകുമ്പോൾ വഴിതെറ്റാതിരിക്കുവാനാണിത്. ഉറുമ്പിന്റെ വഴിയിൽ ഒന്ന് അമർത്തിതുടച്ചു നോക്കു... അപ്പോൾ ഉറുമ്പുകൾ കൂട്ടംതെറ്റി നട്ടം തിരിയുന്നത് കാണാം.

**ഉറുമ്പിന്റെ വഴികൾ**

മടിയാ ഉറുമ്പിന്റെ അടുക്കൽ ചെല്ലുക. അതിന്റെ വഴികളെ നോക്കി ബുദ്ധിപഠിക്ക, എന്ന് വചനം പറയുന്നത് ആഴമായി ചിന്തിക്കുക. ഉറുമ്പ് ബലഹീന ജാതി എങ്കിലും വേനൽക്കാലത്ത് അവ ആഹാരം സമ്പാദിക്കുന്നു. തക്കകാലത്ത് അവ ഭക്ഷണം സമ്പാദിക്കുന്നു. തക്കകാലത്ത് അവ ഭക്ഷണം ശേഖരിച്ച് കരുതിവയ്ക്കുന്നു. ഏറ്റവും കൂടുതൽ പ്രയത്നശീലമുള്ളവരാണ് ഉറുമ്പുകൾ. അവയുടെ പാർപ്പിടവും അവയുടെ കുഞ്ഞുങ്ങളെയും സ്നേഹപൂർവ്വം കരുതുകയും സൂക്ഷിക്കുകയും ചെയ്യുന്നു.

വിദഗ്ദരായ തച്ചന്മാരെയും മേസ്തിരിമാരെയും പോലെ അവരുടെ രീതിയിലുള്ള കൂടുകൾ മണ്ണി

(ശേഷം പേജ് 9)



# ഗുണ്ടകൾ വിളയാടിടുമ്പോൾ

നമ്മുടെ മുന്നിൽവരുന്ന അപരിചിതരെ സഹായിക്കുവാൻ പോലും നാം മടിക്കുന്നത് നമ്മുടെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന ഭീതിയുടെ നിഴൽമൂലമാണ്. സ്നേഹവും, കരുണയും, പ്രതിബദ്ധതയും വറ്റിയ ഒരു തലമുറ പലയിടത്തുനിന്നും വളർന്നുവരുന്നു. മനുഷ്യത്വമില്ലാത്തവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും വിദ്വേഷത്തിന്റെയും പകയുടേയും അക്രമവാസനയുടെയും കേളീരംഗമായി ഒരുപാടുമനസ്സുകൾ മാറിക്കഴിഞ്ഞിരിക്കുന്നു.



ടോംസ് ആന്റണി
9447232512

സമീപകാല വാർത്തകൾ വല്ലാതെ ഭയം ജനിപ്പിക്കുന്നു. ആശങ്കയും. നടിയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിച്ചതുൾപ്പെടെ വന്നുകൊണ്ടിരിക്കുന്ന വാർത്തകൾ സാംസ്കാരിക കേരളത്തെ കുറച്ചൊന്നുമല്ല ലജ്ജിപ്പിക്കുന്നത്.

ഗുണ്ടകളുടെയും പിടിച്ചുപറിക്കാരുടെയും കാമാസക്തരുടെയും, നാടായി നമ്മുടെ നാട് അധഃപതിക്കുന്നുവോ ? ഒപ്പം നിസംഗരായവരുടെയും.

കേവലം 10% ൽ താഴെമാത്രം വ്യക്തികളാണ് ഇങ്ങനെ സാമൂഹികദ്രോഹികളും, പ്രശ്നക്കാരുമായി മാറിയിട്ടുള്ളത്. എന്നാൽ അവർ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ബാക്കി 90% ത്തേയും സാരമായി ബാധിക്കുന്നു എന്നതാണ് ദുഃഖകരം. അതുകൊണ്ടുതന്നെ ഇത്തരക്കാർ ഉയർത്തുന്ന പ്രശ്നങ്ങൾ രാജ്യത്തിനു മുന്നിലും, ലോകത്തിനു മുന്നിലും കേരളത്തിന് അവമതിപ്പുണ്ടാക്കുന്നവയാണ്. ദൈവത്തിന്റെ സ്വന്തം നാടാണ് പോലും!

തിരക്കുള്ള തെരുവുകളിലും, ടൂറിസം മേഖലകളിലും, വ്യവസായ മേഖലയിലും ഗ്രാമപ്രദേശങ്ങളിലും എന്തിന് സിനിമാ മേഖലയിൽ പോലും ഗുണ്ടകളുടെയും, അധർമ്മികളുടെയും തേർവാഴ്ച തുടരുകയാണ്. കൊച്ചുകുട്ടികൾപോലും ഇത്തരം കാര്യങ്ങൾ അനുകരിക്കുകയും ആകൃഷ്ടരാകുകയും ചെയ്യുന്നത് നമുക്ക് നോക്കിയിരിക്കാനാവില്ല.

നമ്മുടെ പല വിദ്യാലയങ്ങളും, ക്യാമ്പസ്സുകളും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും കേന്ദ്രങ്ങളായി അധഃപതിക്കുന്നത് നാം കാണാത്തതാണോ, അതോ കണ്ടില്ലെന്നു നടിക്കുന്നതാണോ!

നമ്മുടെ മുന്നിൽവരുന്ന അപരിചിതരെ സഹായിക്കുവാൻ പോലും നാം മടിക്കുന്നത് നമ്മുടെ പിന്നിൽ ഒളിഞ്ഞുകിടക്കുന്ന ഭീതിയുടെ നിഴൽമൂലമാണ്. സ്നേഹവും, കരുണയും, പ്രതിബദ്ധതയും വറ്റിയ ഒരു തലമുറ പലയിടത്തുനിന്നും വളർന്നുവരുന്നു. മനുഷ്യത്വമില്ലാത്തവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും വിദ്വേഷത്തിന്റെയും പകയുടേയും അക്രമവാസനയുടെയും കേളീരംഗമായി ഒരുപാടുമനസ്സുകൾ മാറിക്കഴിഞ്ഞിരിക്കുന്നു.

കലയും, സാഹിത്യവും, കായികവും, ഒപ്പം നന്മയും കൊണ്ടുനടന്നിരുന്ന ചെറുപ്പക്കാർ ഇന്ന് അന്യമാവുകയാണ്. പലരുടെയും കൈകളിൽ കഞ്ചാവും, മയക്കുമരുന്നുകളും, ആയുധങ്ങളുമാണ്. മനസ്സിൽ അടങ്ങാത്ത വിദ്വേഷവും.

എന്തുപറ്റി നമുക്ക്. ഇവയൊന്നും പെട്ടെന്ന് ഉദിച്ചുവന്നവയല്ല. ആരേയും പഴിചാരിയിട്ടും കാര്യമില്ല. പുതുതലമുറയ്ക്ക് മൂല്യബോധം നൽകാൻ നാം വല്ലാതെ മറന്നുപോയി എന്നതാണ് സത്യം.

എന്തുകൊണ്ട് ?

**1. പരമ്പരാഗത തൊഴിലിനോടുള്ള പുച്ഛം**

കൃഷി, ആശാരിപ്പണി, തെങ്ങുകയറ്റം തുടങ്ങി ബുദ്ധിമുട്ടേറിയ അല്ലെങ്കിൽ മോശം എന്നുകരുതുന്ന ജോലികളോടുള്ള പുച്ഛമനോഭാവം നമ്മുടെ ചെറുപ്പക്കാരെ ബാധിച്ചിട്ടുണ്ട്. പണിയെടുക്കാതെ എങ്ങനെ ജീവിക്കാം എന്നതിൽ ഡോക്ടറേറ്റ് നേടാനുള്ള ശ്രമത്തിലാണവർ.

**2. പെട്ടെന്നു പണക്കാരനാകണം**

മെയ്യനങ്ങാതെ പെട്ടെന്ന് പണക്കാരനാകുവാനും, ബൈക്ക്, മൊബൈൽ, മറ്റ് ആഡംബര വസ്തുക്കൾ എന്നിവ വാങ്ങാനും സുഖജീവിതം നയിക്കാനുമുള്ള ത്വര യുവജനങ്ങളിൽ വർദ്ധിച്ചുവരുന്നു.

**3. മദ്യം മയക്കുമരുന്ന് എന്നിവയോടുള്ള ഭ്രമം**

മദ്യവും മയക്കുമരുന്നും, കഞ്ചാവുമൊക്കെ ഫാഷന്റെ ഭാഗമായും അതുവഴി വീരപരിവേഷം സ്വയം ആസ്വദിക്കുകയുമാണ് കുറെ ചെറുപ്പക്കാർ. ഇവരോട് പെൺകുട്ടികൾക്കും ആരാധന തോന്നുന്നു എന്നത് ഇത്തരക്കാർക്ക് പ്രോത്സാഹനാജനകമാണ്. മുടിയും താടിയും നീട്ടി പേക്കോലത്തിൽ ബൈക്കിൽ ചെത്തിനടക്കുമ്പോൾ പെൺകുട്ടികൾ ഇവരുടെ വലയിൽ പെട്ടെന്ന് വീണുപോകുന്നു മദ്യവും മയക്കുമരുന്നുകളും കഞ്ചാവും വിറ്റ് വളരെപെട്ടെന്ന് പണമുണ്ടാക്കുവാനും ഇവർ പഠിച്ചുകഴിഞ്ഞു.

**4. രാഷ്ട്രീയ പാർട്ടികളുടെ ദുരുപയോഗം**

എല്ലാ രാഷ്ട്രീയപാർട്ടികളും ചെറുപ്പക്കാരെ ദുരുപയോഗിക്കുന്നുണ്ട്. ഗുണ്ടായിസത്തിന് ഉപയോഗിക്കുമ്പോൾ തന്നെ, തെറ്റ് ചെയ്ത് പിടിക്കപ്പെടുമ്പോൾ രക്ഷിക്കാനുള്ള പൂർണ്ണ ബാധ്യതയും രാഷ്ട്രീയ പാർട്ടികൾ ഏറ്റെടുക്കുകയാണ്. അതുകൊണ്ട് എല്ലാ ഗുണ്ടകൾക്കും ഏതെങ്കിലും രാഷ്ട്രീയപാർട്ടികളുടെ സംരക്ഷണം ലഭിക്കുന്നു.

**5. താരാധന**

സിനിമ, സ്പോർട്ട്സ് താരങ്ങളോട് യുവജനങ്ങൾക്ക് വലിയ ആരാധനയാണ്. സിനിമകളിലും ജീവിതത്തിലും ഇവർ കാണിക്കുന്ന അക്രമങ്ങളും, മദ്യപാനവും ചെറുപ്പക്കാർ സാംശീകരിക്കുന്നു. ഇവയാണ് "ഹീറോയിസ"മെന്ന് ചെറുപ്പക്കാർ തെറ്റിദ്ധരിക്കുന്നു. പൂർണ്ണമായും ഇത്തരം കാര്യങ്ങൾ അനുകരിക്കാൻ അവർ നിർബന്ധിതരായി തീരുന്നു.

**6. മീഡിയ**

മൊബൈൽ ഉൾപ്പെടെയുള്ള എല്ലാ മീഡിയായിലൂടെയും നന്മയ്ക്കു പകരം തിന്മയും, അക്രമങ്ങളും, അശ്ലീലതയും കാണുന്നതിനാണ് യുവജനങ്ങൾ ഇഷ്ടപ്പെടുന്നത്.

7. യുവജനങ്ങളെ ഒറ്റപ്പെടുത്തുന്ന സമൂഹത്തിന്റെ മനോഭാവം

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും യുവജനങ്ങളെ ഒറ്റപ്പെടുത്തുന്ന ഒരു രീതി കേരളത്തിൽ പ്രത്യേകിച്ച് ഉണ്ട്. അവർ പ്രശ്നക്കാരനാണ്, അവരെ മുഖ്യധാരയിലേക്ക് ഉയർത്തുന്നതിൽ ബോധപൂർവ്വമോ, അല്ലാതെയോ ശ്രദ്ധിക്കാതിരിക്കുക എന്നിവയൊക്കെ സമൂഹത്തിന്റെ ഭാഗത്തുനിന്നുള്ള ദോഷങ്ങളാണ്. അവരുടെ അഭിപ്രായങ്ങൾ ചോദിക്കുകയോ, മാനിക്കുകയോ ചെയ്യുന്നതിലും സമൂഹം വിമുഖതകാട്ടുന്നു.

**എന്തുചെയ്യണം ?**

1. യുവജനസൗഹൃദ തദ്ദേശഭരണം

കേരളത്തിലങ്ങോളം യുവജനസൗഹൃദതദ്ദേശ ഭരണം സംജാതമാക്കണം. അതുവഴി അവരുടെ പൗരബോധത്തെ ഉണർത്താനും, സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കി മാറ്റാനും, പഞ്ചായത്തുതല പ്രവർത്തനങ്ങളിൽ അവരുടെ സേവനങ്ങളും ആശയങ്ങളും പരമാവധി ഉപയോഗപ്പെടുത്തുന്നതിനും സാധിക്കണം.

2. അവർക്കുവേണ്ടി കലാ-കായിക ക്ലബ്ബുകൾക്ക് രൂപം നൽകുക

യുവജനങ്ങളുടെ നേതൃത്വത്തിൽ വാർഡുകൾതോറും കലാ-കായിക ക്ലബ്ബുകൾക്ക് രൂപംനൽകി, നേതൃത്വം അവരെ തന്നെ ഏൽപ്പിക്കുക. അവരെ പ്രവർത്തിക്കുവാനാവശ്യമായ സഹായം നൽകുകയും അതിനുള്ള അവസരങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുകയും ചെയ്യുക.

3. യുവജനങ്ങൾക്കും, കുട്ടികൾക്കും പരിശീലനങ്ങൾ നൽകുക

ദേശസ്നേഹമുള്ളവരും, പൗരബോധമുള്ളവരും, മൂല്യബോധമുള്ളവരും, പ്രതിബദ്ധതയുള്ളവരുമായി തീരുന്നതിനുള്ള പരിശീലനങ്ങൾ സന്നദ്ധസംഘടനകളും പഞ്ചായത്തുകളും മതസംഘടനകളും ഏറ്റെടുത്തു നടപ്പിലാക്കണം. ഒന്നോർക്കണം ഉപദേശമല്ല യുവജനങ്ങൾക്കു വേണ്ടത്, വ്യക്തമായ ഗൈഡൻസാണ്; ദിശാബോധം നൽകലാണ്.

4. കഴിവുള്ളവരെ അംഗീകരിക്കുക

കഴിവുള്ള യുവജനങ്ങൾക്ക് അർഹമായ അംഗീകാരം നൽകുക, അവരിൽ നിന്നുതന്നെ അവരുടെ നല്ല നേതാക്കളെ സൃഷ്ടിക്കുക, കുറ്റപ്പെടുത്തലിനു പകരം ചെയ്യുന്ന നന്മകളെ ബോധപൂർവ്വം കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.

നമ്മുടെ യുവജനങ്ങൾ മിടുക്കരായിത്തീരട്ടെ, മൂല്യബോധമുള്ളവരായിത്തീരട്ടെ, ദിശാബോധത്തോടെ അവർ മുന്നോട്ട് കുതിക്കട്ടെ. നാളെ നമ്മുടെ നാടിനെ തീക്ഷ്ണതയോടെ നയിക്കാൻ അവർക്കാകട്ടെ.

## 'വീണ്ടും ചില ഉറുമ്പുകാര്യങ്ങൾ'

(8-ാം പേജ് തുടർച്ച)

നടിയിലും മാളങ്ങളിലും ഉണ്ടാക്കുവാൻ വിരുതുള്ളവരാണ് ഉറുമ്പുകൾ. തങ്ങളുടെ പാർപ്പിടങ്ങൾ ഇവ വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നു.

ആരും ജോലിചെയ്യാതെ വെറുതെ ഇരിക്കുന്നതുമില്ല. മാത്രമല്ല ശത്രുക്കളിൽ നിന്നും തങ്ങളുടെ വീടുകളെയും കുഞ്ഞുങ്ങളേയും സംരക്ഷിക്കുകയും അതിനായി മരണംവരെ പോരാടുകയും ചെയ്യുന്നു. ബുദ്ധിയും ജ്ഞാനവുമുള്ള ഉറുമ്പുകൾ മനുഷ്യരുടേത്പോലുള്ള സാമൂഹിക ജീവിതം നയിക്കുകയും ചെയ്യുന്നു.

മനുഷ്യ ജീവിതവുമായി ഉറുമ്പിന്റെ ജീവിതം തുലനം ചെയ്താൽ നമ്മുടെ ഉത്സാഹം, നമ്മുടെ സ്വഭാവം, കരുതൽ, അദ്ധ്വാനം മറ്റുള്ളവരോടുള്ള പെരുമാറ്റം, ഉറക്കം, ഉണരൽ, ഐശ്വര്യം, ഐക്യത, എല്ലാം വളരെ വ്യക്തമായി ഉറുമ്പു ജീവിതത്തിൽ നിന്നും മനസിലാക്കാൻ കഴിയും.

ഉറുമ്പു വേനൽക്കാലത്ത് അതിന്റെ ആഹാരം ശേഖരിച്ച് വയ്ക്കുന്നതുപോലെ നമുക്കും അല്പം നിക്ഷേപം ഉണ്ടായിരിക്കണം. നമ്മുടെ ആവശ്യങ്ങൾ കഴിഞ്ഞുവരുന്ന ചെറിയ നിക്ഷേപങ്ങൾ ഉണ്ടെങ്കിൽ പ്രതസന്ധിഘട്ടത്തിൽ നമുക്ക് ആരോടും കടം വങ്ങേണ്ടിവരികയില്ല. ദൈവം യോസേഫിന് ഏഴുവർഷവം ക്ഷമവും ഏഴുവർഷം സമൃദ്ധിയുമാണ് എന്ന് വെളിപ്പെടുത്തി. അപ്പോൾ യോസേഫ് സുഭിക്ഷിതയുടെ കാലത്ത് ശേഖരിക്കാവുന്ന അത്രയും ധാന്യങ്ങളും സാധനങ്ങളും ശേഖരിച്ചുവച്ചു. അതിനുവേണ്ടി പല യാത്രകളും ചെയ്തു. ഇന്നത്തെ സുഭിക്ഷിതമാരി നാളെ ഒരു ക്ഷാമം ഉണ്ടാകത്തില്ല എന്ന് ആർക്കും പറയുവാൻ കഴിയുകയില്ല.

**ഉറുമ്പിന്റെ ശ്മശാനം**

ഒരു ഉറുമ്പ് ചത്തുപോയാൽ സഹജീവികൾ അറിയുകയില്ല. അതിന്റെ അരികിൽ കൂടി അവ സഞ്ചരിച്ചാലും അറിയുകയില്ല. പിന്നെ എപ്പോഴാണ് അറിയുക? ചത്ത ഉറുമ്പിന്റെ ശരീരം അഴുകുമ്പോൾ ഒരു തരം ദ്രാവകം പുറത്തുവരും അതിന്റെ ഗന്ധം ആണ് സഹജീവി ചത്തു എന്ന് മറ്റുള്ളവ മനസിലാക്കുന്നത്.

ഉടൻ തന്നെ ശവസംസ്കാരത്തിനുള്ള കാര്യങ്ങൾ ക്രമീകരിക്കും അവരുടെ സെമിത്തേരിയിൽ (ശ്മശാനഭൂമിയിൽ) വളരെ ഉത്തരവാദിത്വത്തോടുകൂടി ചത്ത ഉറുമ്പിന്റെ ശവം മറവുചെയ്യും.

ഉറുമ്പിൽ നിന്നും പഠിക്കുന്ന പാഠങ്ങൾ ഒരു മനുഷ്യജീവിതത്തെ എങ്ങനെ അനുഗ്രഹദായകമാക്കി മാറ്റുവാൻ കഴിയും എന്ന് നമ്മെ ചിന്തിപ്പിക്കട്ടെ.

ഉറുമ്പിനെപ്പോലെ ഉത്സാഹി ആകുക. ഉറുമ്പിന്റെ അടുക്കൽനിന്നും ജീവിതം പഠിക്കുക.

നീ ഉത്സാഹി ആയി ഇരിക്കുന്നുവെങ്കിൽ നിന്റെ വിളവെടുപ്പ് ഒരു ഉറവപോലിരിക്കുകയും ദാരിദ്ര്യം നിന്നിൽ നിന്ന് ഓടിപ്പോവുകയും ചെയ്യും. യിസഹാക്കിന്റെ കാലത്ത് ക്ഷാമം ഉണ്ടായപ്പോൾ, മിശ്രയിമിലേക്ക് പോകുവാൻ തുനിഞ്ഞപ്പോൾ ദൈവം പറഞ്ഞു നീ മിശ്രയിമിലേക്ക് പോകരുത്. ഈ ദേശത്ത് പാർക്കുക. ദൈവം പറഞ്ഞത് അനുസരിച്ച് ആ ആണ്ടിൽ യിസഹാക്ക് വിതച്ചു. 100 മേനി വിളവെടുത്തു.

ആകയാൽ ഉറുമ്പിന്റെ അടുക്കലേക്ക് ചെല്ലാം. അതിന്റെ വഴികളെ നോക്കി ബുദ്ധിപഠിക്കാം. ഇപ്പോൾ കൊയിത്തുകാലം ആണ് എന്ന് മനസിലാക്കുക. ഉറക്കത്തിൽ നിന്നും ഉണരാം. ബലഹീനജാതിയായ ഉറുമ്പിൽ നിന്നും ശലോമോൻ പഠിച്ചതുപോലെ വിവേകവും ജ്ഞാനവും ഉള്ള ഒരു ഹൃദയം തരേണം എന്ന് ദൈവത്തോട് പ്രാർത്ഥിക്കാം. ഒരു ക്ഷാമകാലം വരും. സർവ്വജഡത്തിനും ആഹാരം കൊടുക്കുന്ന ദൈവസന്നിധിയിൽ നമ്മളെ നമുക്ക് സമർപ്പിക്കാം. എല്ലാ വായനക്കാരും ഉറുമ്പു ജീവിതം ഒരു പാഠപുസ്തകമാവട്ടെ.

സാമാന്യജ്ഞാനം



പി. ജി. വർഗീസ്



# വിദ്യാർത്ഥികളോടും മാതാപിതാക്കളോടും

**അ**ൻപതു വർഷം മുൻപ് വിദ്യാർത്ഥികൾ ആത്മഹത്യ ചെയ്യുന്നത് വളരെ അപൂർവമായിരുന്നു. എന്നാൽ ഇന്ന് ആത്മഹത്യ ചെയ്യുന്ന വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നു. ഇതാ ചില ഉപദേശങ്ങൾ

**മാതാപിതാക്കളോട്**

* മക്കൾക്ക് പഠിക്കുവാനുള്ള സാഹചര്യം വീട്ടിൽ ഉണ്ടാക്കി കൊടുക്കണം. മക്കൾ പഠിക്കുന്നതിനു സമയം നിശ്ചയിക്കുക. ആ സമയം ടെലിവിഷൻ പ്രവർത്തിപ്പിക്കരുത്. കഴിവതും അതിഥികളെ ഒഴിവാക്കുക.
* മക്കൾ കോളേജിൽ ഏതു കോഴ്സിനു ചേരണമെന്ന് നിങ്ങൾ നിശ്ചയിക്കരുത്. അവർക്ക് 'ഇഷ്ടപ്പെടുന്ന' വിഷയം തിരഞ്ഞെടുക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക.

മക്കൾ വീട്ടിലുള്ളപ്പോൾ മാതാപിതാക്കൾ ഒരിക്കലും:

* പരീക്ഷാദിവസങ്ങളിൽ മക്കളെ വഴക്കു പറയരുത്.
* മക്കൾ നിരാശരായി മുറിയിൽ കയറി കതകടച്ചിരിക്കുകയാണെങ്കിൽ, ആരും കാണാതെ കരയുകാണെങ്കിൽ അതിനു പിന്നിൽ എന്തോ കാരണമുണ്ടാകും. കണ്ടുപിടിക്കുക. സ്നേഹത്തോടെ സംസാരിച്ച് കാരണം ചികഞ്ഞെടുക്കുക.
* അവർ വേദനയിലാണെങ്കിൽ, നിരാശയിലാണെങ്കിൽ മാനസിക സംഘർഷത്തിലാണെങ്കിൽ മാതാപിതാക്കൾക്ക് ഉപദേശിക്കാം, പൈതലിന്റെ തലയിൽ കൈവെച്ച് പ്രാർത്ഥിക്കാം.

പക്ഷേ ഇതു കൊണ്ടു മാറിയില്ലെങ്കിൽ കൗൺസിലിംഗ് നടത്തുന്ന ഒരാളിനെ കാണിക്കുക. ഇത് വളരെ അത്യാവശ്യമാണ്. കൗൺസിലിംഗിൽ ബിരുദാനന്തര ബിരുദം നേടിയ ഒരാളിന് അവരെ സഹായിക്കുവാൻ കഴിയും.

* എങ്ങനെ പഠിക്കാം എന്ന വിഷയത്തിലുള്ള ഒരു പുസ്തകം വാങ്ങണം. ആദ്യം മാതാപിതാക്കൾ വായിക്കണം. മക്കൾ ശ്രദ്ധിക്കണം എന്നു തോന്നുന്ന ഭാഗങ്ങൾ അടയാളപ്പെടുത്തുക. പിന്നീട് മക്കൾക്ക് വായിക്കുവാൻ കൊടുക്കുക.
* ഒൻപതാം ക്ലാസ് മുതലുള്ള വിദ്യാർത്ഥികൾ പ്രത്യേകിച്ചും കോളേജിലും മറ്റ് ഉയർന്ന കോഴ്സുകളും പഠിക്കുന്ന വിദ്യാർത്ഥികളെല്ലാം ഇപ്രകാരമുള്ള ഒരു പുസ്തകം തീർച്ചയായും വായിച്ചിരിക്കണം.

**വിദ്യാർത്ഥികളോട്**

* നിങ്ങൾ മാതാപിതാക്കളോട് ഉള്ളു തുറന്നു സംസാരിക്കുക. ഏതു വിഷയമാണ് നിങ്ങൾക്ക് പ്രയാസമായിട്ടുള്ളത്? സ്കൂളിൽ നിങ്ങൾക്ക് മാനസികസംഘർഷം അനുഭവിക്കേണ്ടി വരുന്നുണ്ടെങ്കിൽ ആരിൽ നിന്ന്? ആരെങ്കിലും ഉപദ്രവിക്കുവാൻ ശ്രമിക്കുന്നുണ്ടോ? സ്കൂളിൽ, വീടിനു പുറത്ത് നിങ്ങൾ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നുണ്ടോ? അവ ചോദിച്ചറിയുക പരിഹരിക്കുക.
* കാര്യക്ഷമമായി എങ്ങനെ പഠിക്കണം എന്നു മനസിലാക്കി തരുന്ന പുസ്തകങ്ങൾ വായിക്കുക. ഇതു മനസിലാക്കി തരാൻ കഴിവുള്ള അദ്ധ്യാപകരെ കാണുക. അമ്മയപ്പൻമാരോ, മറ്റാരെങ്കിലുമോ സഹായിക്കുവാൻ കഴിവുള്ളവരാണെങ്കിൽ അവരെ സമീപിക്കുക.
* നിങ്ങളുടെ സമയം ടൈംടേബിൾ ഉണ്ടാക്കി ക്രമീകരിക്കുക. ആദ്യമായി പഠിക്കുവാനുള്ള സമയം ടൈംടേബിളിൽ അടയാളപ്പെടുത്തുക. ഈ സമയം മൊബൈൽ ഫോൺ ഓഫ് പഠിക്കുക. വാട്സാപ്പ്, ചാറ്റിംഗ്, കമ്പ്യൂട്ടർ എന്നിവയെല്ലാം ബാക്കി സമയങ്ങളിൽ മാത്രം. ഇതിൽ അയവു വരുത്തരുത്.
* അവധിക്കാലത്ത് എങ്ങനെ പഠിക്കണം എന്നു വിശദമാക്കുന്ന വെബ് പേജുകളുണ്ട്. അവയിൽ കയറിയിറങ്ങുക. ഇതാ എനിക്കിഷ്ടപ്പെട്ട ഒരു പുസ്തകം: ഇംഗ്ലീഷ് ബ്ലൂസ് (English Blues. Website: www. ENGLISH BLUES.in)

ഉയർന്ന മാർക്ക് ലക്ഷ്യമാക്കി പഠിക്കുക. 60 ശതമാനം കിട്ടുന്നവർ 75 ലക്ഷ്യമാക്കണം. 70 ആകുമ്പോൾ 85 ലക്ഷ്യമാക്കണം. 80 ആകുമ്പോൾ 90 അഥവാ 95 ലക്ഷ്യമാക്കണം. അങ്ങനെ നൂറിലേക്ക് ഉയരുക.

ഏറ്റവും ഒടുവിലായി-നിങ്ങളുടെ പരീക്ഷയുടെ ടൈംടേബിൾ കിട്ടിക്കഴിയുമ്പോൾ അതിന്റെ ഒരു കോപ്പി എനിക്ക് അയയ്ക്കുക. ഞങ്ങളുടെ പ്രയർഗ്രൂപ്പിൽ രണ്ടു പേർ അന്നേ ദിവസം നിങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കും. നിങ്ങൾ ഉന്നതിയിൽ എത്തണമെന്ന് എനിക്ക് വാശിയുണ്ട്.

## മരണപ്പെട്ട പാസ്റ്റർ വി.പി.ഷാജിയുടെ കുടുംബത്തിനുള്ള സഹായനിധി

2016 ഒക്ടോബർ മാസത്തിൽ വയനാട്ടിൽ വെച്ച് കർതൃസന്നിധിയിൽ ചേർക്കപ്പെട്ട പാസ്റ്റർ വി.പി.ഷാജിയുടെ (42) കുടുംബത്തെ (ഭാര്യ മോളി, അനുഗ്രഹ സങ്കീർത്തന എന്ന രണ്ട് പെൺമക്കൾ) സഹായിക്കേണ്ട അത്യാവശ്യം മനസ്സിലാക്കി വയനാട്ടിലെ എല്ലാ സഭകളുടേയും പ്രതിനിധികളായ ദൈവദാസന്മാരിൽ പ്രവർത്തിച്ചുവരുന്നു. ഇടയിൽ നിന്ന് ഒരു കമ്മിറ്റി (21 പേർ) തിരഞ്ഞെടുത്തു.

വയനാട് മാനന്തവാടിയിൽ, പൊന്നപ്പൻ-സുലോചന ദമ്പതികളുടെ മകനായി ജനിച്ച് ഒരു ഹൈന്ദവ ഭക്തനായി വളർന്നു. തന്റെ 21-ാമത്തെ വയസ്സിൽ മോളി എന്ന സഹോദരിയെ ഹൈന്ദവ ആചാരപ്രകാരം വിവാഹം കഴിച്ചു. എങ്കിലും 7 വർഷങ്ങൾ കുഞ്ഞുങ്ങൾ ലഭിക്കാതിരുന്നു. അങ്ങനെ നിരാശനായിരിക്കെ 28-ാമത്തെ വയസ്സിൽ പാസ്റ്റർ ഐസക് മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന കൺവെൻഷനിൽ പാസ്റ്റർ ഐസക് മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന കൺവെൻഷനിൽ പാസ്റ്റർ പോൾ ഗോപാലകൃഷ്ണന്റെ വചനശുശ്രൂഷയിലൂടെ കർത്താവിനെ കണ്ടുമുട്ടുകയും സുവിശേഷവേലയ്ക്കായി സമർപ്പിക്കുകയും ചെയ്തു.

തുടർന്ന് കേരളത്തിനകത്തും പുറത്തും കർത്താവിന്റെ കരങ്ങളിൽ ശക്തമായി ഉപയോഗിക്കപ്പെട്ടു. അദ്ദേഹത്തിന്റെയും കൂടെയുള്ള വിശ്വാസികളുടേയും ശ്രമഫലമായിട്ടാണ് ഐ.പി.സി ആലുവ നോർത്ത് സെന്ററിന്റെ കീഴിലുള്ള മാമ്പിലാവ് എന്ന സ്ഥലത്ത് സഭ പ്രവർത്തനം ആരംഭിച്ചത്. അത് വിജയകരമായി മുമ്പോട്ട് പോകവേയാണ്. പെട്ടെന്നൊരു ശക്തമായ പനിയും ശാരീരിക അസ്വസ്ഥയും ഉണ്ടായത്. തുടർന്ന് കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സ തേടിയെങ്കിലും സ്ട്രോക്കുണ്ടായി സംസാരശേഷി നഷ്ടപ്പെടുകയും വലതുവശം പൂർണ്ണമായി തളർന്ന് പോകുകയും ചെയ്തു. പിന്നീട് സ്വന്തസ്ഥലമായ വയനാട്ടിൽ കൊണ്ടുവന്ന് ഒരുപാട് ചികിത്സകൾ നൽകിയെങ്കിലും പ്രയോജനമുണ്ടായില്ല. ഈ കഴിഞ്ഞ 2016 ഒക്ടോബർ 13 രാത്രി 11 മണിക്ക് താൻ പ്രിയം വെച്ച കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. എന്നാൽ തികച്ചും അപ്രതീക്ഷിതമായ ഈ വിയോഗം ഭാര്യ മോളിയേയും +1,+2 വിദ്യാർത്ഥിനികളായ രണ്ട് പെൺകുഞ്ഞുങ്ങളെയും അനാഥമാക്കി.

സ്വന്തമായി സ്ഥലമോ, വീടോ മറ്റ് വരുമാനമാർഗ്ഗങ്ങളോ ഇല്ല. ക്രിസ്തീയ വിശ്വാസം സ്വീകരിച്ചതിനാൽ അവരെ സഹായിക്കുവാൻ ആരുമില്ലാത്ത അവസ്ഥയിലാണ് ഇപ്പോഴുള്ളത്. നിലവിൽ വീട്ടുവാടക കൊടുക്കുന്നതിനും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം മുൻപോട്ടു കൊണ്ടുപോകുന്നതിനും വളരെ ബുദ്ധിമുട്ടുന്നു.

ഈ ദയനീയമായ അവസ്ഥ അറിഞ്ഞതുകൊണ്ടാണ് വയനാട്ടിലുള്ള ദൈവദാസന്മാർ സഭാസംഘടന വ്യത്യാമില്ലാതെ ഈ സംരംഭത്തിന് താത്പര്യമെടുക്കുന്നത്. ഇതറിഞ്ഞ ഒരു കുടുംബം ബത്തേരി പുത്തൻകുന്നിനടുത്ത് 3 സെന്റ് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഈ സ്ഥലത്ത് ഒരു വീട് വച്ച് നൽകി മക്കളുടെ ഭാവിയ്ക്കുവേണ്ടി ഒരു ചെറിയ നിക്ഷേപമെങ്കിലും നൽകണമെന്നതാണ് എല്ലാവരുടേയും ആഗ്രഹം. അതിനായി എല്ലാ ദൈവമക്കളുടേയും പ്രാർത്ഥനയും സഹായസഹകരണങ്ങളും അഭ്യർത്ഥിക്കുന്നു. ഇതിനുവേണ്ടി സുൽത്താൻ ബത്തേരി പഞ്ചാബ് നാഷണൽ ബാങ്കിൽ ഈ കമ്മിറ്റിയുടെ പ്രസിഡന്റ് പാസ്റ്റർ സാം തോമസിന്റേയും ട്രഷറർ പാസ്റ്റർ ഗീവർഗ്ഗീസിന്റേയും പേരിൽ ഒരു അക്കൗണ്ട് തുറന്നിരിക്കുന്നു. (അക്കൗണ്ടിൽ പണമിടുന്നവർ 9747680039, 9495641161 ഈ നമ്പറുകളിൽ അറിയിക്കണമെന്ന് വിനീതമായ അപേക്ഷിക്കുന്നു).

**AC No. 434800100136806**
**(IFSC Code : PUNB0434800)**



# നിത്യതയിൽ

## പാസ്റ്റർ എൻ സി ചാക്കോ



ഐരാണിക്കുടി ദൈവസഭാംഗവും, ദൈവസഭയിലെ സീനിയർ ശുശ്രൂഷകനുമായിരുന്ന പാസ്റ്റർ എൻ.സി. ചാക്കോ (71) നിത്യതയിൽ പ്രവേശിച്ചു. സംസ്കാര ശുശ്രൂഷ വെണ്മണിയിലുള്ള ഭവനത്തിൽ ആരംഭിച്ച് 1 മണിക്ക് ഐരാണിക്കൂടി ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ പി.ജി.മാത്യൂസിന്റെ നേതൃത്വത്തിൽ നടത്തി. പാസ്റ്റർ ബാബു ചെറിയാൻ ഡിസ്ട്രിക്റ്റ് സെക്രട്ടറി, ബ്രദർ ജോസഫ് മറ്റത്തുകാല എന്നിവർ ശുശ്രൂഷക്ക് നേതൃത്വം കൊടുത്തു. ഭവനത്തിലെ സമാപന ശുശ്രൂഷ പാസ്റ്റർ എം. കുഞ്ഞപ്പി നിർവഹിച്ചു. പാസ്റ്റർ പി.സി. ചെറിയാൻ ദൈവവചനം ശുശ്രൂഷിച്ചു. പാസ്റ്റർമാരായ ജെ. ജോസഫ്, ജോൺസൺ ഡാനിയേൽ, വൈ. ജോസ്, ഷിബു കെ. മാത്യു, സജി ജോർജ്, സജി ഏബ്രഹാം, തോമസുകുട്ടി ഏബ്രഹാം, ജോസ് ബേബി, സാംകുട്ടി മാത്യു, ഡോ. ജോസ് കോശി ജോർജ്, തോമസ് എം. പുളിവേലി, കെ. ഏബ്രഹാം, ജേക്കബ് ഇട്ടി ഏബ്രഹാം ഫിലിപ്പോസ് തുടങ്ങി അനേക ദൈവദാസന്മാർ അനുശോചന സന്ദേശങ്ങൾ നല്കി. ദൈവീക രോഗശാന്തിയിൽ വിശ്വസിക്കുകയും ആയത് ജീവിതത്തിൽ മാതൃകയാക്കുകയും ചെയ്ത ധീരനായ ഒരു ദൈവഭൃത്യനായിരുന്നു പാസ്റ്റർ എൻ.സി.ചാക്കോ. ദൈവസഭയുടെ ഡിസ്ട്രിക്ട് ശുശ്രൂഷകനായും സ്റ്റേറ്റ് കൗൺസിൽ അംഗമായും സേവനം ചെയ്തു. ഭാര്യ മോളി മുക്കൂട്ടുതറ സഭാശുശ്രൂഷകൻ പാസ്റ്റർ ചെറിയാൻ ചാക്കോയുടെ പിതാവാണ് പരേതൻ, മറ്റ് മക്കൾ ജെസ്സി, ബിജു. മരുമക്കൾ പാസ്റ്റർ സ്റ്റീഫൻ ജോർജ്ജ് (ശാരോൻ ചർച്ച് മുംബൈ) ജെസി, ഫെബി.

## പാസ്റ്റർ തോമസ് കെ. വർഗീസ്



**ഇടിഞ്ഞില്ലം:** ദൈവസഭയിലെ സീനിയർ ശുശ്രൂഷകൻ കട്ടപ്പുറത്ത് പീസ് കോട്ടേജിൽ തോമസ് കെ. വർഗീസ് പ്രീയം വച്ച കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു. പരുത്തുംപാറയിലുള്ള കുടുംബക്കല്ലറയിൽ പാസ്റ്റർ എം. കുഞ്ഞപ്പി (കർണ്ണാടക ഓവർസിയർ) നടത്തി. മുളക്കുഴ ബൈബിൾ സ്കൂളിലെ പഠനത്തിന് ശേഷം 1966–ൽ ശുശ്രൂഷയിലേക്ക് പ്രവേശിച്ച പരേതൻ എടത്വാ, മഴുക്കീർ, പാണ്ടനാട്, നാട്ടകം, നെടുമുടി, വെള്ളാപ്പള്ളി, ചിങ്ങവനം, ഇടിഞ്ഞില്ലം എന്നീ സഭകളിൽ ശുശ്രൂഷ ചെയ്തു. ഇടിഞ്ഞില്ലത്ത് സ്വന്തം അദ്ധ്വാനത്തിൽ സഭ സ്ഥാപിച്ച കർത്തൃദാസൻ തികഞ്ഞ ഭക്തനും, മാതൃകാജീവിതം നയിച്ച ഒരു സുവിശേഷകനുമായിരുന്നു. അതിഥി സൽക്കാരം, സഹായം ചെയ്യുവാനുള്ള വരം ഇതെല്ലാം പ്രിയ കുടുംബത്തിന്റെ മുഖമുദ്രയായിരുന്നു. മുറിഞ്ഞകൽ, മേമന വീട്ടിൽ പരേതനായ ജോൺസൻ, മറിയാമ്മ ദമ്പതികളുടെ ഇളയമകൾ ജയിനമ്മയാണ് പരേതന്റെ ഭാര്യ. മകൾ: സുവി. വിൽസൺ വർഗ്ഗീസ് (ജയ്മോൻ) കാനഡാ ജയ്സൺ (കാനഡാ), പാസ്റ്റർ ജോൺസൺ, (ഇടപ്പാവൂർ). മരുമക്കൾ: സീന (കാനഡ), ബിനില (കാനഡ), ആലീസ്. ഭവനത്തിലെ ശുശ്രൂഷയ്ക്ക് പാസ്റ്റർ പി.എം. യോഹന്നാൻ, ഡിസ്ട്രിക്ട് പാസ്റ്റർ റ്റി.എം. മാമ്മച്ചൻ എന്നിവർ നേതൃത്വം വഹിച്ചു. പാസ്റ്റേഴ്സ് പി.ജി. മാത്യൂസ്, പി.സി. ചെറിയാൻ, ജോൺസൺ ഡാനിയേൽ, ഷിബു കെ. മാത്യു, തുടങ്ങിയവർ അനുശോചനസന്ദേശങ്ങൾ അറിയിച്ചു.

## ശോശാമ്മ കുര്യൻ

**തിരുവല്ല:** ടൗൺ ദൈവഭാംഗവും പരേതനായ പി.ഓ.കുര്യന്റെ ഭാര്യയുമായ ചന്ദനപ്പള്ളിൽ ശോശാമ്മ കുര്യൻ (82) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരശുശ്രൂഷ കറ്റോട് ദൈവസഭാ സെമിത്തേരിയിൽ പാസ്റ്റർ റ്റി.എം.മാമ്മച്ചൻ നടത്തി. മുൻകാലങ്ങളിൽ തിരുവല്ല സഭയിൽ ശുശ്രൂഷകന്മാരായിരുന്ന പാസ്റ്റേഴ്സ് കെ.വി.ജോയിക്കുട്ടി, ജോസ് ബേബി തോമസ് ജോർജ് തുടങ്ങിയവരും പാസ്റ്റേഴ്സ് എ.എം.വർഗ്ഗീസ് (യു.എസ്.എ) കെ.എ. ഉമ്മൻ ഡിസ്ട്രിക്ടിലെ ശുശ്രൂഷകന്മാർ തുടങ്ങി അനവധി പേർ ഭവനത്തിൽ അനുശോചന സന്ദേശങ്ങൾ നല്കി. ഭവനത്തിലെ സമാപന ശുശ്രൂഷ പാസ്റ്റർ എം.കുഞ്ഞപ്പി നിർവഹിച്ചു. തിരുവല്ല ടൗൺ ദൈവസഭയിലെ ഒരു വിശ്വസ്ത അംഗമായിരുന്നു പരേത. മക്കൾ ലിസി, സാബു, ലൗലി, ബേബി ഷാജി, റെനി മരുമക്കൾ: മോനിക്കുട്ടി, സാലമ്മ, തോമസ് കുട്ടി, ബാബു കുട്ടി, റീന, തോമസ് കുട്ടി.

## കുഞ്ഞേലിയാമ്മ ജോർജ്ജ് വർഗ്ഗീസ്



**ഡാളസ്:** ഉമ്മന്നൂർ മാവറ ചരുവിള വീട്ടിൽ റിട്ടയേർട്ട് ഹെഡ്മാസ്റ്റർ സി. യോഹന്നാൻ ശോശാമ്മ ദമ്പതികളുടെ മകൾ കുഞ്ഞേലിയാമ്മ ജോർജ്ജ് വർഗ്ഗീസ് (81) ഡാളസിൽ വെച്ച് നിത്യതയിൽ പ്രവേശിച്ചു. അമ്പലക്കര പ്രൈമറി സ്കൂൾ പ്രധാനാദ്ധ്യാപികയായി ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചശേഷം മക്കളുമൊത്ത് ഡാളസിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. തലവൂർ അരുവിക്കോട് വീട്ടിൽ ജോർജ്ജ് വർഗ്ഗീസ് ആണു ഭർത്താവ്. ഇൻഡ്യാപെന്തക്കോസ്ത് ദൈവസഭ ഉമ്മന്നൂർ സഭയുടെ പ്രാരംഭകാലപ്രവർത്തനത്തിൽ സുപ്രധാന പങ്കുവഹിച്ച വ്യക്തിയായിരുന്നു പ്രിയ മാതാവ്. മക്കൾ: ജോയി ജോർജ്ജ് (Late) സുധ, സണ്ണി ജോർജ്ജ് സാലി, വിൽസൺ ജോർജ്ജ് മോളി, മേഴ്സി കോശി ലീൽസൺ മാറാനാഥാ ശവസംസ്കാര ശുശ്രൂഷകൾ സണ്ണിവെയ്ൽ ന്യൂഹോപ്പ് സെമിത്തേരിയിൽ നടത്തി.

## പാസ്റ്റർ സാം ജോർജ്ജിന്റെ ഭാര്യാ മാതാവ്



ഇൻഡ്യാ പെന്തക്കോസ്ത് ദൈവസഭ മുൻ ആക്ടിങ്ങ് ജനറൽ സെക്രട്ടറി പാസ്റ്റർ സാം ജോർജ്ജിന്റെ ഭാര്യാ മാതാവ് ശോശാമ്മ ജോർജ്ജ് ആര്യപ്പള്ളി (87) ഡാളസിൽ നിര്യാതയായി. കേരളത്തിലെ ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭയുടെ പ്രാരംഭ കാല പ്രവർത്തകരിൽ പ്രമുഖനായിരുന്ന കൊടുംന്തറ ഉമ്മച്ചന്റെ ഇളയമകളും ആര്യപ്പള്ളിൽ അവറാച്ചായന്റെ മരുമകളുമായിരുന്നു പരേത. മക്കൾ: ഏബ്രഹാം ജോർജ് (ബാബു), ജേക്കബ് ജോർജ് (തങ്കച്ചൻ), തങ്കമ്മ, മോളി, കുഞ്ഞുമോൾ (എല്ലാവരും യു.എസ്.എ) മരുമക്കൾ: ലീലാമ്മ, വത്സമ്മ, മോനി, പാസ്റ്റർ സം ജോർജ്ജ് (ഐപിസി മുൻ ജനറൽ ആക്ടിംഗ് സെക്രട്ടറി), ഏബ്രഹാം ശാമുവേൽ (എല്ലാവരും യു.എസ്.എ). പരേതരായ അന്നമ്മ ഐസക്ക്, ഏലിയാമ്മ വറുഗീസ്, റെയിച്ചൽ ചാക്കോ എന്നിവരാണ് പരേതയുടെ സഹോദരിമാർ.

## പുത്തൻവീട്ടിൽ ജോർജ്



**ഫ്ളോറിഡ:** ഒർലാന്റോ ഐ.പി.സി സഭാംഗം ഫോർട്ട് കൊച്ചി ഞാറയ്ക്കൽ പുത്തൻവീട്ടിൽ പാപ്പു ജോർജ് (84) ഫ്ളോറിഡയിൽ നിര്യാതനായി. ഭാര്യ ലീലാമ്മ ജോർജ് കല്ലിശ്ശേരി നൈപ്പള്ളിയുഴത്തിൽ കുടുംബാഗമാണ്. മക്കൾ: ഷാജി, ഷീബാ, ഷെപ്പേർഡ്. മരുമക്കൾ: ലില്ലി, അലക്സാണ്ടർ ജോർജ്, ബീന. സംസ്ക്കാര ശുശ്രൂഷ റവ. ജേക്കബ് മാത്യുവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വുഡ് ലോൺ സെമിത്തേരിയിൽ സംസ്ക്കാരം നടത്തി.

## ലീനാ സാബു



കോതമംഗലം: അസംബ്ളീസ് ഓഫ് ഗോഡ് ചർച്ചിൻറെപാസ്റ്റർ കെ . എം സാബുവിൻറെ സഹധർമ്മിണി ലീനാ സാബു പ്രിയം വെച്ച കർത്തൃ സന്നിധിയിൽ ചേർക്കപ്പെട്ടു.

## പ്രിയ



മാവേലിക്കര: ഉദയപ്പൂർ ഫിലദൽഫിയ ചർച്ച് ഫിൽഡ് കോഡിനേറ്ററും സഭാ ശുശ്രൂഷകനുമായ പാസ്റ്റർ. റെജി തോമസിന്റെ ഭാര്യ പ്രിയ (35) നിത്യതയിൽ ചേർക്കപ്പെട്ടു. ലിവർ ക്യാൻസർ സംബന്ധമായ അസുഖത്താൽ ഇന്നലെ രാത്രിയിൽ ഭവനത്തിൽ വെച്ചായിരുന്നു അന്ത്യം. മക്കൾ ഷിഫ, ജെഫ്രി. സംസ്കാരം ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം മാവേലിക്കര,ചുനക്കര സിയോൻ ഐപിസി സെമിത്തേരിയിൽ നടത്തി. മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയിലെ വേദശാസ്ത്ര പഠനത്തിന് ശേഷം ഉത്തര ഭാരതത്തിൽ പ്രേക്ഷിത പ്രവർത്തനങ്ങളിൽ വളരെ ചുറുചുറുക്കോടെ നിന്ന പ്രിയ സഹോദരിയുടെ ആകസ്മികമായ വേർപാട് ബന്ധുക്കൾക്കും സഭാ വിശ്വാസികൾക്കും ഉൾക്കൊള്ളുവാൻ കഴിയുന്നില്ല.

## റോസമ്മ പി.പി



പത്തനംതിട്ട: എക്സൽ മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ ബിനു വടശ്ശേരിക്കരയുടെ ഭാര്യാ മാതാവ് റോസമ്മ പി.പി (58) നിത്യതയിൽ പ്രവേശിച്ചു. ദീർഘ നാളുകളായി ക്യാൻസർ രോഗത്തിന്റെ ചികിത്സയിലായിരുന്നു. നേരിട്ട പ്രതിസന്ധിയിലും ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടും കൂടെയായിരുന്നു ചില വഴിച്ചത്. സംസ്ക്കാര ശുശ്രൂഷ മൈലപ്രാ ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടന്നു. പാസ്റ്റർ വിറ്റി എബ്രഹാം, പാസ്റ്റർ. ജോൺ ഫിലിപ്പ് ഏഴംകുളം. അനിൽ ഇലന്തൂർ എന്നിവർ ശുശ്രൂഷക്ക് നേതൃത്വം വഹിച്ചു . പാസ്റ്റർമാരായ പി.ജി മാത്യൂസ്, പി.സി ചെറിയാൻ, സാംകുട്ടി മാത്യു , റോയി വാഴമുട്ടം, പി.ജി എബ്രഹാം, സാം പി ജോസഫ്, എം.ജി മാത്യു (കുവൈറ്റ്) തുടങ്ങിയവർ അനുശോചനം അറിയിച്ചു. മകൾ: പ്രീതി ബിനു. മരുമകൻ: ബിനു ജോസഫ്. ചെറു മക്കൾ. ആശേർ, ക്രിസ്റ്റ, ഹഡ്സൺ.

# ബൈബിൾ വിതരണവും പരസ്യയോഗവും

**കൊല്ലം:** ഐ.പി.സി. കൊല്ലം സൗത്ത് സെന്ററിന്റെ പുത്രികാ സംഘടനയായ ഇവാഞ്ചലിസം ബോർഡിന്റെ നേതൃത്വത്തിൽ ഐ.പി.സി. ഹെബ്രോൻ മുളങ്കാടകം സഭയും സംയുക്തമായി ഫെബ്രുവരി 28ന് ചിന്നകടയിൽ സൗജന്യ ബൈബിൾ വിതരണവും പരസ്യയോഗങ്ങളും സുവിശേഷ പ്രതികളും വിതരണം ചെയ്യുകയും തുടർന്ന് സഭയായി പ്രാർത്ഥനയും നടത്തപ്പെട്ടു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ജോൺ റിച്ചാർഡ്, ഇവാഞ്ചലിസം ബോർഡ് പ്രസിഡന്റ് പാസ്റ്റർ കെ.ഒ. ആന്റണി, പാസ്റ്റർ വിൽസൺ ജോസഫ്, പാസ്റ്റർ എസ്. ജോൺ, പാസ്റ്റർ മനു, പാസ്റ്റർ ബിജു ജോസഫ്, പാസ്റ്റർ അനീഷ്, പാസ്റ്റർ ദീപേഷ് എന്നിവർ നേതൃത്വം നൽകി.

# പി.പി.എഫ് പുതിയ ഭാരവാഹികൾ

**വയനാട് :** സുൽത്താൻ ബത്തേരിയിലും പരിസരസ്ഥലങ്ങളിലുമുള്ള പാസ്റ്റർമാരുടെ ഐക്യവേദിയായ പാസ്റ്റേഴ്സ് പ്രെയർ ഫെലോഷിപ്പ് അടുത്ത രണ്ട് വർഷത്തേക്കുള്ള ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. പാസ്റ്റർമാരായ സാം തോമസ് (പ്രസിഡന്റ്) ജോസ് സാമുവേൽ (വൈസ്പ്രസിഡന്റ്) കെ.എം.സുരേഷ് (സെക്രട്ടറി) ജോഖീം കോര (ജോ.സെക്രട്ടറി), ജെറി സഖറിയ (പ്രെയർ കോ–ഓർഡിനേറ്റർ), വിൻസന്റ് ആൽബർട്ട് (ട്രഷറർ), ഏബ്രഹാം ദാനിയേൽ, പി.എം. ജോസ്, സാംകുട്ടി, പി.എ.തോമസ്, വർഗ്ഗീസ് പി.ജോസഫ് (കമ്മറ്റിയംഗങ്ങൾ) എന്നിവരാണ് പുതിയ ഭാരവാഹികൾ. ജനുവരി 10–നു കുപ്പാടി ഗോസ്പ്പൽ ഫോർ ഇന്ത്യാചർച്ചിൽ നടന്ന പി.പി.എഫ്. ജനറൽ ബോഡി യോഗത്തിലാണ് തിരഞ്ഞെടുപ്പ് നടന്നത്. പാസ്റ്റർ കെ.കെ.മാത്യു ഇലക്ഷൻ കമ്മീഷണറായി പ്രവർത്തിച്ചു. നിലവിലെ 8 അംഗഭരണ സമിതിയിൽ 3 അംഗങ്ങളെക്കൂടി തെരഞ്ഞെടുത്ത് 11 അംഗകമ്മറ്റിയായി വിപുലപ്പെടുത്തി. പാസ്റ്റർമാരായ സാംകുട്ടി, വർഗീസ് പി ജോസഫ്, പി.എ.തോമസ് എന്നിവരാണ് പുതുമുഖങ്ങൾ. പാസ്റ്റർ കെ.കെ.മാത്യു, പാസ്റ്റർ പി.വൈ.ഗീവർഗീസ് എന്നിവരെ രക്ഷാധികാരികളായും ഐക്യകണ്ഠേന തിരഞ്ഞെടുത്തു.




JYOTHIMARGOM
P.O.Box-15, Eraviperoor P.O.,
Tiruvalla-689 542, Pathanamthitta
Ph : 9447455820, 9048869944

33rd Years of Publications
JYOTHIMARGOM
Most Popular Christian News Paper
email : jyothimargom@gmail.com, Web: www. jyothimargom.com

LICENCE NO.KL/TLA/112/2015-2017
Posted on 13th March 2017 at RMS Tiruvalla
Published on 12th March 2017
RNI.No.KER MAL/2002/8041

# ഹാർട്ട് ബ്ലോക്കിന് ഒറ്റമൂലിയുമായി

## ബിനോയ് വൈദ്യനും കുടുംബവും തിരുവല്ലായിൽ





ഹൃദയധമനികളിൽ ബ്ലോക്കുണ്ട്. ആൻജിയോ പ്ലാസ്റ്റിയോ ഓപ്പൺ ഹാർട്ട് സർജറിയോ അല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല എന്ന് വിധിയെഴുതിയ രോഗികളോട് കണ്ണൂർ ജില്ലയിലെ പയ്യന്നൂർ കണ്ടോത്ത് നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റൽ നടത്തുന്ന ചെറുപ്പക്കാരൻ ബിനോയ് വൈദ്യനും കുടുംബത്തിനും ഒരു അപേക്ഷയുണ്ട്. "ഹാർട്ട് സർജ്ജറിക്ക് ലക്ഷക്കണക്കിന് രൂപ ചിലവ് വരും. ഡോക്ടറുമായി നിങ്ങൾ തീയതി നിശ്ചയിക്കുമ്പോൾ കുറച്ചുദിവസം മുന്നോട്ടാക്കി നിശ്ചയിക്കുക. എന്നിട്ട് നിങ്ങൾ പയ്യന്നൂരുള്ള എന്റെ വീട്ടിൽ വരിക. ഇവിടെ രണ്ടോ മൂന്നോ ദിവസം താമസിച്ച് പച്ചമരുന്ന് ചികിത്സക്ക് വിധേയമാകുക. കുറച്ചുമാസങ്ങൾക്ക് ശേഷം തിരികെ ചെന്ന് ആൻജിയോഗ്രാം ഉൾപ്പെടെയുള്ള വൈദ്യപരിശോധനകൾ ചെയ്തു നോക്കുക."

വീണ്ടും ആവശ്യമെന്ന് ടെസ്റ്റുകളിൽ തെളിഞ്ഞാൽ മാത്രം ഓപ്പറേഷന് വിധേയമാകുക.

ഇതുപറയുമ്പോൾ ബിനോയ് വൈദ്യർ പൂർണ്ണ ആത്മവിശ്വാസത്തോടെ അവകാശപ്പെടുന്നു ഇവിടുത്തെ ചികിത്സയും കൃത്യമായ പഥ്യവും കഴിഞ്ഞ് പരിശോധന നടത്തുമ്പോൾ ഒരു ബ്ലോക്കും ഉണ്ടായിരിക്കയില്ല. ഇവിടുത്തെ ചികിത്സ വളരെ ഫലപ്രദമാണെന്ന് നിരവധി അനുഭവസ്ഥരുടെ സാക്ഷ്യങ്ങൾ തെളിവായി പറയുവാനുണ്ട്.

ക്രമരഹിതവും അമിതവുമായ ഭക്ഷണശീലങ്ങൾ, വ്യായാമം ഇല്ലാത്ത ശരീരം, മദ്യപാനം, പുകവലി, തുടങ്ങി ലഹരി ഉപയോഗം എന്നിവയൊക്കെയാണ് ഹൃദയസംബന്ധമായ രോഗങ്ങളുടെ അടിസ്ഥാന കാരണം.

കേരളത്തിൽ ഹൃദയരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. അതുമാത്രമല്ല, ഹൃദയരോഗികൾക്ക് അലോപ്പതി ചികിത്സ ഭീമമായ സാമ്പത്തിക ബാധ്യതയുമാണ് ഉണ്ടാക്കുന്നത്. ഈ ചിലവുകൾ താങ്ങാനാവാതെ സാധാരണക്കാർ വലയുന്ന സാഹചര്യത്തിലാണ് ബിനോയ് വൈദ്യരുടെ ചിലവുകുറഞ്ഞ ചികിത്സാ രീതി അനേകർക്ക് ആശ്വാസമാകുന്നത്.

ആലപ്പുഴ ജില്ലയിൽ കായംകുളത്തു നിന്ന് അരനൂറ്റാണ്ടുകൾക്ക് മുൻപ് മലബാറിലെ നിലമ്പൂരിനടുത്ത് വെള്ളാരമുണ്ടയിലേക്ക് കുടിയേറിയ കാഞ്ഞിരപ്പറമ്പിൽ ജേക്കബിന്റെ കൊച്ചുമകനാണ് ബിനോയ് വൈദ്യൻ. പിതാവ് കെ.ജെ.മത്തായി. അമ്മ മോളി.

കപ്പയും മുളയരിയും ഭക്ഷണമാക്കി മണ്ണിനോട് പടവെട്ടി കനകം വിളയിച്ച കർഷക കുടുംബത്തിൽ നിന്നാണ് പാരമ്പര്യ ചികിത്സയുടെയും നാട്ടു വൈദ്യത്തിന്റെയും പിൻബലത്തോടെ ബിനോയ് വൈദ്യനും കുടുംബവും തന്റെ ചികിത്സാ രീതികൾ വികസിപ്പിച്ചെടുത്തത്. ഓരോ പച്ചമരുന്നും തങ്ങൾ തന്നെ ശേഖരിച്ച് വൃത്തിയാക്കി കൃത്യമായ രീതിയിൽ പ്രാർത്ഥനാപൂർവ്വം മരുന്നുകൾ തയ്യാറാക്കുന്നു. ഇത് മെഗാ ബിസിനസ് ആക്കാനോ വ്യവസായിക അടിസ്ഥാനത്തിൽ മരുന്ന് ഉൽപ്പാദിപ്പിച്ച് ലാഭം കൊയ്യുവാനോ താത്പര്യമില്ലെന്നും ഞങ്ങളെ നേരിട്ട് സമീപിക്കുന്ന രോഗിയെ താമസിപ്പിച്ച് മരുന്നും പഥ്യാഹാരങ്ങളും നൽകി പ്രാർത്ഥനാപൂർവ്വം ചികിത്സ നൽകി രോഗ സൗഖ്യത്തിലേക്ക് നയിക്കുക എന്നതാണ് തന്റെ ലക്ഷ്യം. നിരവധി ഗുരുക്കന്മാരുടെയും കേരളത്തിനകത്തും പുറത്തുമുള്ള നിരവധി വൈദ്യന്മാരുടെയും ശിഷ്യത്വം സ്വീകരിച്ച് പഠിച്ച ചികിത്സാ രീതികളും മലബാറിലെ നാട്ടുചികിത്സയും സംയോജിപ്പിച്ചാണ് ബിനോയ് വൈദ്യൻ ചികിത്സയുടെ പടവുകൾ കയറുന്നത്.

ഹൃദയരോഗങ്ങൾ മാത്രമല്ല ഡിസ്ക് തകരാറുമൂലം എഴുന്നേറ്റ് നടക്കാൻ പോലും സാധിക്കാത്ത നിരവധി രോഗികൾക്ക് തന്റെ പ്രത്യേക ബോൺ സെറ്റിംഗ് ചികിത്സയിലൂടെ ആശ്വാസം ലഭിച്ചതായി നിരവധി അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു.

അതുപോലെ സോറിയാസിസ് ഒരു പ്രധാന രോഗമാണ്. സോറിയാസിസ് വന്ന് സൗഖ്യമാകാതെ ആത്മഹത്യ ചെയ്തവരേപ്പോലും തനിക്കറിയാം. ഇതിനോടകം നിരവധി പേർ കൃത്യമായ പഥ്യത്തിലൂടെ സോറിയാസിസ് എന്ന മാരകരോഗത്തിൽ നിന്ന് വിടുതൽ പ്രാപിക്കുവാൻ ഞങ്ങളുടെ പച്ചമരുന്ന് ചികിത്സ മൂലം സാധിച്ചതായും അദ്ദേഹം പറയുന്നു. അതോടൊപ്പം താരൻ, പൈൽസ്, വാതരോഗങ്ങൾ, മൂത്രത്തിൽ കല്ല്, തുടങ്ങി നിരവധി രോഗങ്ങൾക്ക് വൈദ്യനും കുടുംബവും ഔഷധങ്ങൾ നൽകി വരുന്നു. മധ്യതിരുവിതാംകൂറിലെ ആളുകൾക്ക് മലബാർ വരെ യാത്ര ചെയ്യാതെ ചികിത്സക്കായി തിരുവല്ലയിൽ ശാരോൻ ഫെലോഷിപ്പിന് സമീപം, കാട്ടൂക്കര റോഡിൽ നവജ്യോതി ആയുർവേദ ഹോം ഹെറിറ്റേജ് ഹോസ്പിറ്റലിന്റെ പ്രവർത്തനം ബിനോയ് വൈദ്യൻ ആരംഭിച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷമായി ജനങ്ങൾ ഈ സൗകര്യം പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

**വിളിക്കേണ്ട നമ്പർ:**
**9048712570, 9400566214, 9496214000**



ഞങ്ങളുടെ സേവനങ്ങൾ
ഡൊമസ്റ്റിക് & ഇന്റർ നാഷണൽ വിമാന ടിക്കറ്റുകൾ
സൗദി.യു.എ.ഇ, ഖത്തർ, മസ്ക്കറ്റ് എന്നീ രാജ്യങ്ങളിലേയ്ക്കുള്ള വിസിറ്റ് വിസകൾ
സിംഗപ്പൂർ, മലേഷ്യ, ഹോളിലാന്റ് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ടൂർ പാക്കേജുകൾ
പാസ്പോർട്ട്, വിസ സ്റ്റാംബിംഗ്, എമിഗ്രേഷൻ
ഡൊമസ്റ്റിക് & ഇന്റർ നാഷണൽ ടൂർ പാക്കേജുകൾ
ടിക്കറ്റ് റി-കൺഫർമേഷൻ & റി-ബുക്കിംഗ്
എമിഗ്രേഷൻ ക്ലിയറൻസ് & പാസ്പോർട്ട് അസിസ്റ്റൻസ്
ട്രാവൽ ഇൻഷുറൻസ് & സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ



പാസ്പോർട്ട് അപ്പോയ്മെന്റ് ഓൺലൈനിൽ ചെയ്തു കൊടുക്കുന്നതാണ്.

JUBILANT COMMERCE
JUBILANT
TRAVEL & TOURS
Ist Floor, SCS Building, SCS Jn, Thiruvalla-689101
Ph: 0469 2604007,2730007
Mob: 8281402373, 9747206960
E-mail:-jubilanttravels@gmail.com

മദ്ധ്യതിരുവിതാംകൂറിലെ തിരക്കേറിയ ജീവിതത്തിൽ
ബസ്സ്- വിമാന യാത്രകൾക്ക് ഞങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക
ബസ് ബുക്കിംഗ്
എല്ലാ ദിവസവും
ബാംഗ്ലൂർ, മംഗലാപുരം, മണിപ്പാൽ, മൂകാംബിക,ചെന്നൈ,
കോയമ്പത്തൂർ, മുംബൈ, വേളാങ്കണ്ണി, മൈസൂർ,
ഹൈദ്രാബാദ്,പോണ്ടിച്ചേരി, ഗോവ, വെല്ലൂർ





വിവാഹ വിനോദയാത്രകൾക്ക് ആവശ്യമായ ടൂറിസ്റ്റ് ബസ്സുകളും ചെറുവാഹനങ്ങളും ലഭ്യമാണ്.
Shyamaly Tvla 2601510

Printed, Published and owned by Pr. P.G. Mathews, Jeswin Villa, Kumbanad P.O., Thiruvalla 689 547, Printed at Cochin Printech, Kalamasserry, Cochi. Design & Typesetting Global Computers, Thiruvalla
Editor Pr. J.Joseph, Onattu Shalom, Eraviperoor P.O.,, Pathanamthitta (Dist.), Kerala - 689 542